# സാമ്പത്തിക കാര്യങ്ങളും വിശ്വാസവും

## നാല്പതു ദിവസത്തെ ബൈബിൾ പഠനം

### അവതാരിക

ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ വസിക്കുന്ന ശിഷ്യന്മാരെന്ന നിലയ്ക്ക്, ലോകത്തിലെ മറ്റുരാജ്യങ്ങളിലുള്ളവരെക്കാൾ ദരിദ്രരായവരാണെന്ന് നാമെന്നു നമുക്കു ചിലപ്പോൾ തോന്നാറുണ്ട്. അതുകൊണ്ടുതന്നെ സാമ്പത്തികകാര്യങ്ങൾ ഭംഗിയായി കൈകാര്യംചെയ്യാനും ദൈവത്തിനർഹമായതു നല്കാനും നാം നിരന്തരമായി പ്രയാസപ്പെടുകയും ചെയ്യുന്നു. സഭയിലുള്ള മറ്റുള്ളവരെ വച്ചു താരതമ്യം ചെയ്യുമ്പോഴും നമ്മുടെ സാഹചര്യങ്ങൾ മറ്റുള്ളവരുടേതിനേക്കാൾ ശുഷ്കമായതാണെന്നും നമുക്കു തോന്നാം – നമുക്ക് ആവശ്യമായത്രയും ഇല്ലല്ലോ, അല്ലെങ്കിൽ ഉണ്ടാക്കാൻ കഴിയുന്നില്ലല്ലോ ഒക്കെ. അത്തരം ചിന്തകൾ നമ്മുടെ വിശ്വാസത്തെത്തന്നെ ബാധിക്കുകയും ചെയ്യുന്നു. സാമ്പത്തികകാര്യങ്ങളിൽ നമ്മുടെ പിടിപ്പുകേടു നിമിത്തം ക്രിസ്തുവിനോടുള്ള സമർപ്പണം പോലും ദുർഘടമായതായി തീരുന്നു.

നമ്മുടെ സാമ്പത്തിക ക്രയവിക്രയങ്ങളെക്കുറിച്ചുള്ള ഒരു ക്രമീകരണപട്ടിക നാം നിർമ്മിക്കേണ്ടതുണ്ട്. നമ്മുടെ സാമ്പത്തിക അവസ്ഥ കാലാകാലങ്ങളിൽ നാം പരിശോധിക്കുകയും താഴെപ്പറയുന്ന ചോദ്യങ്ങൾ വിലയിരുത്തുകയും ചെയ്യണം – എന്റെ വരുമാനമെത്രയാണ്? എന്റെ വരുമാനം എനിക്കു മതിയായ അളവിലുണ്ടോ? ഞാൻ തൃപ്തനാണോ? മതിയായത്രയും വരുമാനമാകണമെങ്കിൽ വരുമാനത്തിൽ ഇനിയും എത്രകൂടി വർദ്ധനവുണ്ടാക്കണം? എന്റെ ചിലവുകൾ എത്രമാത്രമാണ്? എന്റെ വരവും ചിലവും തമ്മിൽ പൊരുത്തമുണ്ടോ? ബുദ്ധിപൂർവകമായാണോ ഞാൻ ചിലവഴിക്കുന്നത്? പണം ചിലവഴിക്കുന്ന കാര്യത്തിൽ ആദ്യപ്രേരണയുടെ അടിസ്ഥാനത്തിൽ ചിലവഴിക്കുന്നയാളാണോ ഞാൻ? (എന്നുവച്ചാൽ രണ്ടാമതൊന്ന് ആലോചിച്ചാൽ വേണ്ടെന്നു വയ്ക്കുന്ന കാര്യങ്ങൾ ആദ്യചിന്തയിൽ തന്നെ വാങ്ങിക്കൂട്ടുന്നയാളാണോ?) പണം കൈകാര്യം ചെയ്യുന്ന കാര്യത്തിൽ ഞാൻ പതിവായി കുറ്റബോധത്തിൽ ജീവിക്കുന്നയാളാണോ? ദൈവത്തിനായി നല്കുന്നയാളാണോ ഞാൻ? എത്രമാത്രം ഞാൻ നല്കുന്നുണ്ട്? ദരിദ്രരായവരെ സഹായിക്കാൻ എനിക്കു കഴിയുന്നുണ്ടോ? എന്റെ കുടുബത്തിന്റെ ആവശ്യങ്ങൾക്കു മതിയായതു നല്കാൻ എനിക്കു കഴിയുന്നുണ്ടോ? പണസംബന്ധമായ കാര്യങ്ങൾ വീട്ടിൽ എപ്പോഴുമൊരു സമ്മർദ്ദത്തിനും ഉരസലിനും കാരണമാണോ? എപ്പോഴും പണം കടം വാങ്ങേണ്ടിവരുന്ന ഒരാളാണോ നിങ്ങൾ? കടം വാങ്ങിയ പണം അതാതു സമയത്തു തിരികെ കൊടുക്കുന്നയാളാണോ നിങ്ങൾ? നിങ്ങൾ കടത്തിന് അടിമയാണോ? സ്വർണ്ണമോ മറ്റു ഉരുപ്പടികളോ മറ്റോ പണയം വച്ചിരിക്കുന്നയാളാണോ?

ഈ മേഖലകളിൽ നാമെല്ലാവരും സഹായം ആവശ്യമുള്ളവരാണ്. സഹായത്തിനായി നാം ദൈവവചനത്തിൽ നോക്കേണ്ടതുമുണ്ട്. ദൈവത്തിൽ നിന്നും ഉപദേശവും എടുക്കണം. കുടുംബത്തിലുള്ള മറ്റുള്ളവരുമായി ഇക്കാര്യങ്ങൾ ചർച്ചചെയ്യുകയും വേണം. പണസംബന്ധമായ നമ്മുടെ ഇടപാടുകളെക്കുറിച്ച് നാം ഒരു വീണ്ടുവിചാരവും നടത്തണം. അടുത്ത നാല്പതു ദിവസങ്ങളിൽ നമുക്കു ദൈവത്തിലേക്കും അവന്റെ വചനത്തിലേക്കും അനുദിനം നോക്കാം. ആത്മാവു നമ്മിൽ ബോധ്യമുണ്ടാക്കുന്ന കാര്യങ്ങൾ കുറിച്ചു വയ്ക്കാൻ ഒരു കർമ്മപുസ്തകവും ഉണ്ടാക്കാം. നാം പഠിച്ചകാര്യങ്ങളെക്കുറിച്ചു നമ്മെ വഴി നടത്തുന്നവരുമായി സംസാരിക്കാം. നമ്മുടെ കുടുംബവുമായിട്ടും മറ്റു സഹോദരീസഹോദരങ്ങളുമായിട്ടും നാം പഠിക്കുകയും മാറ്റം വരുത്തുകയും ചെയ്യുന്ന കാര്യങ്ങൾ പങ്കുവയ്ക്കുകയും ചെയ്യാം.

നമുക്കു തുടങ്ങാം.

# ആഴ്ച 1: ആകാശത്തിന്റെയും ഭൂമിയുടെയും കർത്താവ്

*നിങ്ങൾക്ക് ഇതു കൂടെകൊണ്ടുപോകാൻ പറ്റില്ല, എന്നാൽ നിങ്ങൾക്ക് നേരത്തേ അയക്കാൻ കഴിയും* - റാൻഡി അൽകോൺ, ദി ട്രെഷർ പ്രിൻസിപ്പിൾ

**നിർദ്ദേശങ്ങൾ:** ഏഴുദിവസങ്ങളിലായി ചെയ്തുതീർക്കാവുന്ന ഏഴു ഭാഗങ്ങളാണ് ഓരോ ആഴ്ചയിലുമുള്ളത്. സമയമില്ലാത്തവർക്ക് സൗകര്യപ്രദമായി ഒരുമിച്ചു ചെയ്യുകയുമാകാം. ഏതു വിഷയത്തെക്കുറിച്ചുമുള്ള ബൈബിൾ പഠനത്തിലെന്ന പോലെ ഇവിടെയും പ്രാർത്ഥനയും ആത്മാർത്ഥതയും മയമില്ലാത്ത സത്യസന്ധതയും, താഴ്മയും, വ്യക്തമായ തീരുമാനങ്ങളും നിങ്ങൾക്കുണ്ടാകുമ്പോൾ, ക്രിസ്തു നിങ്ങളിൽ രൂപപ്പെടാനായി പരിശുദ്ധാത്മാവു ശക്തിനല്കും.

# ആഴ്ച 1: ആകാശത്തിന്റെയും ഭൂമിയുടെയും കർത്താവ്

ഒരു കാര്യത്തിൽ നമുക്ക് വ്യക്തതയുള്ളവരാകാം - ദൈവമാണ് ആകാശത്തിന്റെയും ഭൂമിയുടെയും കർത്താവ്, ആകയാൽ എല്ലാം അവന് അവകാശപ്പെട്ടതാണ്. അതെ നിങ്ങളും നിങ്ങളുടെ കളിപ്പാട്ടങ്ങളും, ഉപകരണങ്ങളും, സമയവും, പണവും, സ്വത്തുവകകളും, നിങ്ങൾക്ക് അമൂല്യമായ സകലതും, നിങ്ങളുടെ കുടുംബവും, സുഹൃത്തുക്കളും, അതെ എല്ലാം തന്നെ, ദൈവത്തിന്റെ ഉടമസ്ഥതയിലുള്ളതാണ്. അവനാണ് ഉടമ... അവനാണ് കർത്താവ്.

## ദിനം 1: ആകാശത്തിന്റെയും ഭൂമിയുടെയും കർത്താവ്

മനഃപാഠമാക്കാൻ:

**സങ്കീർത്തനം 24:1-4**

ഭൂമിയും അതിലുള്ളതൊക്കെയും ഭൂലോകവും അതിലെ നിവാസികളും യഹോവയ്ക്കുള്ളത്. സമുദ്രങ്ങളിന്മേൽ അവിടുന്ന് അതിനെ സ്ഥാപിച്ചു; നദികളുടെമേൽ അവിടുന്ന് അതിനെ ഉറപ്പിച്ചു. യഹോവയുടെ പർവ്വതത്തിൽ ആര് കയറും? അവിടുത്തെ വിശുദ്ധസ്ഥലത്ത് ആര് നില്ക്കും? വെടിപ്പുള്ള കൈകളും നിർമ്മലഹൃദയവും ഉള്ളവൻ; ഹൃദയത്തെ വിഗ്രഹത്തിനു വിധേയപ്പെടുത്താതെയും കള്ളസത്യം ചെയ്യാതെയും ഇരിക്കുന്നവൻ.

- നിങ്ങളുടെ സ്വത്തിന്റെയെല്ലാം അവകാശിയായ ഈ കർത്താവിനെക്കുറിച്ചു നിങ്ങൾ കേട്ടിട്ടേയില്ല എന്നു വയ്ക്കുക. ഒരു സുപ്രഭാതത്തിൽ നിങ്ങൾ അറിയുകയാണ് നിങ്ങളുടേതായി ഒന്നുമില്ല, നിങ്ങളുടെ ഭൂസ്വത്തുക്കളും, വീടും, ജോലിയും, വാഹനവും, കുടുംബവുമെല്ലാം കർത്താവിന്റേതാണ് എന്ന്. ഞാൻ പറയുന്നതിന്റെ പൊരുൾ മനസ്സിലായോ? എന്നിട്ടും, ദൈവം നിങ്ങളെ ഒരു അടിമയെപ്പോലെ പരിഗണിക്കുന്നില്ല, പകരം ബഹുമാനത്തോടെ പരിഗണിക്കുന്നു.
- ദൈവത്തിന്റെ പരമാധികാരം ദൈവവുമായുള്ള നിങ്ങളുടെ ബന്ധത്തെ എപ്രകാരം സ്വാധീനിക്കുന്നു?
- സമ്പത്തിനെക്കുറിച്ചുള്ള നിങ്ങളുടെ സങ്കല്പം, ദൈവവുമായുള്ള നിങ്ങളുടെ ബന്ധത്തെ എപ്രകാരം സ്വാധീനിക്കുന്നു?
- സകലതിന്റെയും അധികാരി ദൈവമാണെന്നും നിങ്ങളല്ലായെന്നുമുള്ള തിരിച്ചറിവ്, നിങ്ങൾക്കുള്ളതിനെക്കുറിച്ചുള്ള നിങ്ങളുടെ കാഴ്ചപ്പാടിനെ എങ്ങനെ മാറ്റും?

**സങ്കീർത്തനം 33:6-9**

യഹോവയുടെ വചനത്താൽ ആകാശം സൃഷ്ടിക്കപ്പെട്ടു. അവിടുത്തെ വായിലെ ശ്വാസത്താൽ വാനഗോളങ്ങളുടെ വൻസമൂഹം നിർമ്മിതമായി. അവിടുന്നു സമുദ്രജലത്തെ ഒരുമിച്ചു കൂട്ടുന്നു. അഗാധജലരാശിയെ അവിടുന്നു കലവറകളിലാക്കി അവിടുന്നു സംഭരിക്കുന്നു. ഭൂമി മുഴുവൻ യഹോവയെ ഭയപ്പെടട്ടെ. ലോകത്തിലെ ജനസമൂഹം മുഴുവൻ അവിടുത്തെ ആദരിക്കട്ടെ. അവിടുന്നു കല്പിച്ചു, അവ ഉണ്ടായി; അവിടുന്നു അരുളിച്ചെയ്തു, അവ സ്ഥാപിതമായി.

- ദൈവത്തിന്റെ വലുപ്പത്തെക്കുറിച്ച് ആലോചിച്ചുനോക്കുക!
- ആകാശം മുഴുവൻ - നക്ഷത്രങ്ങൾ ഉൾപ്പെടെ - സൃഷ്ടിച്ചത് ദൈവമാണ്.

- മുഴുവൻ സമുദ്രത്തെയും ദൈവം കലവറയിലാക്കി സൂക്ഷിച്ചിരിക്കുന്നു.
- തന്റെ വചനത്തിലൂടെ ദൈവം സകല ലോകവും സൃഷ്ടിച്ചു!
- ദൈവത്തോടുള്ള നമ്മുടെ സമീപനം എന്തായിരിക്കണം?

**സങ്കീർത്തനം 115:1-15**
ഞങ്ങൾക്കല്ല, യഹോവേ, ഞങ്ങൾക്കല്ല, അവിടുത്തെ ദയയും വിശ്വസ്തതയും നിമിത്തം തിരുനാമത്തിനുതന്നെ മഹത്ത്വം ഉണ്ടാകട്ടെ. അവരുടെ ദൈവം ഇപ്പോൾ എവിടെ? എന്നു ജനതകൾ പറയുന്നതെന്ത്? ഞങ്ങളുടെ ദൈവം സ്വർഗ്ഗത്തിലുണ്ട്; അവിടുന്നു തന്റെ ഹിതമൊക്കെയും ചെയ്യുന്നു. അവരുടെ വിഗ്രഹങ്ങളോ വെള്ളിയും പൊന്നുമത്രേ; അവ മനുഷ്യരുടെ കൈവേലതന്നേ. അവയ്ക്കു വായുണ്ട്, എങ്കിലും സംസാരിക്കുന്നില്ല; കണ്ണുണ്ട്, എങ്കിലും കാണുന്നില്ല. അവയ്ക്കു ചെവിയുണ്ട്, എങ്കിലും കേൾക്കുന്നില്ല; മൂക്കുണ്ട്, എങ്കിലും മണക്കുന്നില്ല. അവയ്ക്കു കയ്യുണ്ട്, എങ്കിലും സ്പർശിക്കുന്നില്ല; കാലുണ്ട്, എങ്കിലും നടക്കുന്നില്ല. തൊണ്ടകൊണ്ട് സംസാരിക്കുവാനും അവയ്ക്കു കഴിവില്ല. അവയെ നിർമ്മിക്കുന്നവൻ അവയെപ്പോലെയാകും; അവരിൽ ആശ്രയം വയ്ക്കുന്ന എല്ലാവരും അങ്ങനെതന്നേ. യിസ്രായേൽ ഗൃഹമേ, യഹോവയിൽ ആശ്രയിക്കുക. അവിടുന്ന് അവരുടെ സഹായവും പരിചയും ആകുന്നു. അഹരോൻഗൃഹമേ, യഹോവയിൽ ആശ്രയിക്കുക; അവിടുന്ന് അവരുടെ സഹായവും പരിചയും ആകുന്നു. യഹോവഭക്തരേ, യഹോവയിൽ ആശ്രയിക്കുവിൻ; അവിടുന്ന് അവരുടെ സഹായവും പരിചയും ആകുന്നു. യഹോവ നമ്മെ ഓർക്കുന്നു; അവിടുന്ന് നമ്മെ അനുഗ്രഹിക്കും; അവിടുന്ന് യിസ്രായേൽ ഗൃഹത്തെ അനുഗ്രഹിക്കും; അവിടുന്ന് അഹരോൻ ഗൃഹത്തെ അനുഗ്രഹിക്കും. അവിടുന്ന് തന്റെ ഭക്തന്മാരെ അനുഗ്രഹിക്കും. ചെറിയവരും വലിയവരും ഒന്നുപോലെതന്നേ. യഹോവ നിങ്ങളെ വർദ്ധിപ്പിക്കട്ടെ, നിങ്ങളെയും നിങ്ങളുടെ മക്കളെയും തന്നേ. ആകാശവും ഭൂമിയും നിർമ്മിച്ച യഹോവയാൽ നിങ്ങൾ അനുഗ്രഹിക്കപ്പെട്ടവരാകട്ടെ.

- കാണപ്പെടാത്ത ദൈവം (വാ 2), ആകാശത്തിന്റെയും ഭൂമിയുടെയും സൃഷ്ടാവ് (വാ 15).
- ദൈവത്തിനു സ്വർഗ്ഗമുണ്ട്, ഭൂമി മനുഷ്യനു നല്കിയിരിക്കുന്നതാണ് - എന്ന മറുതലിപ്പിന്റെ ആശയത്തെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം എന്താണ്?

# ദിനം 2: ആകാശത്തിന്റെയും ഭൂമിയുടെയും കർത്താവ്

**സങ്കീർത്തനം 96:1-13**
യഹോവയ്ക്കു ഒരു പുതിയ കീർത്തനം പാടുവിൻ; സർവ്വഭൂമിയും യഹോവയ്ക്കു പാടട്ടെ. 2യഹോ
വയ്ക്കു പാടുവിൻ; അവിടുത്തെ നാമത്തെ വാഴ്ത്തുവിൻ. ദിനം തോറും അവിടുത്തെ രക്ഷയെ പ്രഖ്യാ
പിക്കുവിൻ. 3അവിടുത്തെ മഹത്വം ജീതികളോടും, അവിടുത്തെ അത്ഭുതങ്ങൾ ജനങ്ങളോടും പ്രസിദ്ധമാ
ക്കുവിൻ. 4യഹോവ വലിയവനും സ്തുതിക്ക് ഏറ്റവും യോഗ്യനുമാകുന്നു; സകല ദേവന്മാരെക്കാളും നാം
അവിടുത്തെ ഭയപ്പെടേണ്ടതത്രേ. 5എന്തെന്നാൽ ജനതകളുടെ ദേവന്മാരെല്ലാം വിഗ്രഹങ്ങളാണ്; യഹോവ
യോ ആകാശത്തെ സൃഷ്ടിച്ചവൻ. 6തേജസ്സും മഹത്ത്വവും അവിടുത്തെ മുമ്പിൽ ഉണ്ട്; ശക്തിയും
ശോഭയും അവിടുത്തെ വിശുദ്ധമന്ദിരത്തിലുമുണ്ട്. 7ജാതികളുടെ കുലങ്ങളേ, യഹോവയ്ക്കു കൊടുക്കു
വിൻ; മഹത്വവും ബലവും യഹോവയ്ക്കു കൊടുക്കുവിൻ. 8യഹോവയ്ക്ക് തന്റെ നാമത്തിനു യോഗ്യ
മായ മഹത്ത്വം കൊടുപ്പിൻ. വഴിപാടുമായി അവിടുത്തെ പ്രാകാരങ്ങളിൽ വരുവിൻ. 9വിശുദ്ധവസ്ത്രാല
കാരത്തോടെ യഹോവയെ ആരാധിക്കുവിൻ; സർവ്വഭൂമിയും അവിടുത്തെമുമ്പിൽ നടുങ്ങട്ടെ. 10യഹോവ
വാഴുന്നു എന്ന് രാഷ്ട്രങ്ങളുടെ ഇടയിൽ ഘോഷിക്കുവിൻ. ഭൂലോകം ഇളകാതെ ഉറച്ചു നില്ക്കുന്നു. അവി
ടുന്ന് ജനത്തെ നേരോടെ വിധിക്കും. 11ആകാശം സന്തോഷിക്കട്ടെ. ഭൂമി ആനന്ദിക്കട്ടെ; സമുദ്രവും അതി
ലുള്ളതൊക്കെയും മുഴങ്ങട്ടെ. 12വയലുകളും അവയിലുള്ളതൊക്കെയും ആഹ്ലാദിക്കട്ടെ; അപ്പോൾ കാട്ടിലെ
സകലവൃക്ഷങ്ങളും സന്തോഷിച്ചുല്ലസിക്കും. 13അവ യഹോവയുടെ മുമ്പിൽ പാടും; എന്തെന്നാൽ അവി
ടുന്നു വരുന്നു; അവിടുന്നു ഭൂമിയെ വിധിപ്പാൻ വരുന്നു. അവിടുന്നു ലോകത്തെ നീതിയിലും ജനസമൂഹ
ങ്ങളെ സത്യത്തിലും ന്യായം വിധിക്കും.

- (വാ 3-6) അവിടുത്തെ അത്ഭുതങ്ങൾ ജനങ്ങളോടും പ്രസിദ്ധമാക്കുവിൻ.
- എന്തുകൊണ്ടാണ് ദൈവം സ്തുതിക്ക് ഏറ്റവും യോഗ്യനും, സകല ദേവന്മാരെക്കാളും ഭയപ്പെടേണ്ടവനുമാകുന്നത്? അതിനുള്ള കാരണങ്ങളിൽ ചിലവ എഴുതുക.
- (വാ 7-10) തിരുനാമത്തിനു മഹത്വം കൊടുപ്പിൻ എന്നതിന്റെ അർത്ഥം എന്താണ്? ദൈവം അർഹിക്കുന്ന പുകഴ്ച നാം അവനു കൊടുക്കുന്നത് എപ്രകാരമാണ്?
- (വാ 11-13) നാം നിശബ്ദരായിരിക്കുമ്പോൾ പോലും ദൈവത്തെ സ്തുതിക്കുന്ന സൃഷ്ടികൾ എന്തൊക്കെയാണ്?

- സകലസൃഷ്ടികളും ദൈവത്തെ സ്തുതിക്കുമ്പോൾ, മനുഷ്യൻ മാത്രമാണ് ദൈവസൃഷ്ടിയായിരുന്നിട്ടുകൂടി ദൈവത്തെ മഹത്വപ്പെടുത്തേണ്ട എന്നു തീരുമാനിക്കുന്നത്. ഈ ലോകത്തിൽ അവനെക്കുറിച്ചു പ്രഘോഷിക്കുമെന്ന് ഇന്നു തന്നെ നമുക്കു തീരുമാനിക്കാം.

### സങ്കീർത്തനം 8:1-9

ഞങ്ങളുടെ കർത്താവായ യഹോവേ, അങ്ങയുടെ നാമം ഭൂമിയിലൊക്കെയും എത്ര മഹനീയം! അവിടുന്ന്
തന്റെ തേജസ്സ് ആകാശത്തിനുമീതെ സ്ഥാപിച്ചിരിക്കുന്നു. 2അവിടുത്തെ വൈരികൾ നിമിത്തം, ശത്രുവി
നെയും പ്രതികാരകനെയും നിശ്ശബ്ദരാക്കുവാൻ അവിടുന്ന് ശിശുക്കളുടെയും മുലകുടിക്കുന്നവരുടെയും
അധരങ്ങളിൽ ബലം നിയോഗിച്ചിരിക്കുന്നു. 3അങ്ങയുടെ വിരലുകളുടെ പണിയായ ആകാശത്തെയും
അങ്ങ് സ്ഥാപിച്ച ചന്ദ്രനെയും നക്ഷത്രങ്ങളെയും നോക്കുമ്പോൾ, 4മനുഷ്യനെപ്പറ്റി അങ്ങ് ചിന്തിക്കുവാൻ
അവൻ എന്ത്? മനുഷ്യപുത്രനെപ്പറ്റി അങ്ങ് കരുതുവാൻ അവൻ എന്തുമാത്രം? 5അങ്ങ് അവനെ ദൈവ
ത്തേക്കാൾ അല്പം മാത്രം താഴ്ത്തി, തേജസ്സും മാനവും അവനെ അണിയിച്ചു. 6അവിടുത്തെ കൈവേ
ലകളുടെമേൽ അവന് അധികാരം നല്കി; സകലത്തെയും അവനു കീഴിലാക്കിയിരിക്കുന്നു. 7ആടുക
ളെയും കന്നുകാലികളെയും വയലിലെ മൃഗങ്ങളെയും 8ആകാശത്തിലെ പറവകളെയും സമുദ്രത്തിലെ
മത്സ്യങ്ങളെയും സമുദ്രമാർഗ്ഗങ്ങളിൽ ചരിക്കുന്ന എല്ലാറ്റിനെയും തന്നേ. 9ഞങ്ങളുടെ കർത്താവായ യഹോ
വേ, അങ്ങയുടെ നാമം ഭൂമിയിലൊക്കെയും എത്ര മഹനീയം!

- (വാ 1) യഹോവയുടെ നാമം ഭൂമിയിലൊക്കെയും ഏറ്റവും മഹനീയം എന്നു പറയുന്നതിന്റെ അർത്ഥമെന്താണ്?
- (വാ 2-4) ദൈവം ആരെന്ന കാര്യം നിങ്ങൾ പരിഗണിക്കുമ്പോൾ, നിങ്ങൾ ആരെന്നതിനെക്കുറിച്ച് എന്തു തോന്നലാണ് സ്വയം ഉണ്ടാകുന്നത്?

## ദിനം 3: എല്ലാറ്റിന്റെയും കർത്താവ്

### സങ്കീർത്തനം 102:17

അതുകൊണ്ട് ജാതികൾ യഹോവയുടെ നാമത്തെയും; ഭൂമിയിലെ സകല രാജാക്കന്മാരും അങ്ങയുടെ മഹത്ത്വത്തെയും ഭയപ്പെടും.

- എല്ലാത്തിന്റെയും കർത്താവായി ദൈവത്തെ സകലരും അംഗീകരിക്കണം എന്നതാണ് എക്കാലത്തെയും ദൈവഹിതം.
- ദൈവത്തെ ഭയപ്പെടുകയും അവിടുത്തെ മഹത്വത്തെ ആദരിക്കുകയും ചെയ്യുകയെന്നതിന് നിങ്ങളെ സംബന്ധിച്ച് മാറ്റങ്ങൾ വരുത്തേണ്ട കാര്യങ്ങൾ എന്തൊക്കെയാണ്?

### അപ്പ 10:34-35

അപ്പോൾ പത്രോസ് ഇപ്രകാരം പറഞ്ഞു: ദൈവത്തിനു മുഖപക്ഷമില്ലെന്നും, ഏതൊരു ജനതയിലും ദൈവത്തെ ഭയപ്പെട്ട് നീതി പ്രവർത്തിക്കുന്നവരെ അവിടുന്ന് അംഗീകരിക്കുന്നുവെന്നും ഉള്ളത് എത്രസത്യമെന്ന് ഞാനിപ്പോൾ മനസ്സിലാക്കുന്നു.

വചന പശ്ചാത്തലം നാം പരിശോധിക്കുമ്പോൾ, വിജാതീയപശ്ചാത്തലത്തിൽനിന്നും യേശുവിലേക്കു വന്ന ആദ്യത്തെയാളായ കൊർണ്ണേലിയസിന്റെ അടുത്ത് യേശുവാണ് സകലതിന്റെയും കർത്താവെന്ന കാര്യം പങ്കുവച്ചുകൊണ്ടിരുന്നപ്പോൾ, രക്ഷ സകലമനുഷ്യർക്കും ലഭ്യമായിരിക്കുന്നു എന്നകാര്യം പത്രോസ് തിരിച്ചറിഞ്ഞു.

- ലോകത്തിന്റെ ഒരു ഭൂപടം എടുത്തുനോക്കുക. സകല രാജ്യങ്ങളിലും ഭാഷകളിലും ഉള്ളയാളുകൾ യേശുവിന്റെ രക്തത്തിൻ കീഴിൽ ഒരുമിച്ച്, അവനെ ആരാധിച്ച്, പരസ്പരം സ്നേഹിക്കണമെന്നുമുള്ള ദൈവത്തിന്റെ ഇഷ്ടത്തെ പരിഗണിക്കുക.
- സകല ലോകത്തിലെ ജനങ്ങളും തങ്ങളുടെ സ്രഷ്ടാവിനെ അറിയണം എന്ന കാര്യം മുൻനിറുത്തി സകലർക്കും വേണ്ടി പ്രാർത്ഥിക്കുക.
- നിങ്ങളെ സംബന്ധിച്ച് ആകുലത തോന്നുന്ന ചില രാജ്യങ്ങളെ പ്രത്യേകം എടുത്തുപറഞ്ഞ് അവയ്ക്കു വേണ്ടിയും അവയിലെ സഭയ്ക്കുവേണ്ടിയും പ്രാർത്ഥിക്കുക.
- ദൈവത്തിനായി ശുശ്രൂഷചെയ്യുന്ന നായകർക്കുവേണ്ടിയും പ്രാർത്ഥിക്കുക - സാമ്പത്തിക കാര്യങ്ങ

ളിലും, ശത്രുക്കളുടെ കെണികളിലും, ആവശ്യമായ ആത്മീയമാർഗ്ഗനിർദ്ദേശങ്ങളിലും തക്ക സഹായം നായകർക്കു ലഭിക്കുവാനും, ലോകം മുഴുവനുമുള്ള ജനതകളിലേക്കു എത്തിച്ചേരാനുള്ള വാതിലുകൾ അവർക്കുമുന്നിൽ തുറക്കാനും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുക.

**റോമർ 10:12-21**

യെഹൂദനും വിജാതീയനും തമ്മിൽ ഒരു വ്യത്യാസവുമില്ല. എല്ലാവരുടെയും കർത്താവ് ഒരുവൻ അത്രേ. തന്നെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരെയും അനുഗ്രഹിക്കുവാൻ തക്കവണ്ണം അവിടുന്നു സമ്പന്നനാകു
ന്നു. 13കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും എന്നുണ്ടല്ലോ. 14എന്നാൽ തങ്ങൾ
വിശ്വസിച്ചിട്ടില്ലാത്തവനെ അവർ എങ്ങനെ വിളിച്ചപേക്ഷിക്കും? കേട്ടിട്ടില്ലാത്തവനിൽ അവർ എങ്ങനെ വിശ്വ
സിക്കും? ആരെങ്കിലും പ്രസംഗിക്കാതെ എങ്ങനെ കേൾക്കും? 15അയയ്ക്കപ്പെടാതെ എങ്ങനെ പ്രസം
ഗിക്കും? സുവാർത്തയുമായി വരുന്നവരുടെ പാദം എത്രമനോഹരം! എന്ന് എഴുതിയിരിക്കുന്നുവല്ലോ.
16എന്നാൽ എല്ലാ യിസ്രായേല്യരും സുവിശേഷം അനുസരിച്ചിട്ടില്ല. കർത്താവേ, ഞങ്ങളുടെ സന്ദേശം
ആരു വിശ്വസിച്ചിരിക്കുന്നു? എന്ന് യെശയ്യാവു ചോദിക്കുന്നുണ്ടല്ലോ. 17അങ്ങനെ വിശ്വാസം കേൾവി
യാലും കേൾവി ക്രിസ്തുവിനെക്കുറിച്ചുള്ള വചനത്താലും ഉണ്ടാകുന്നു. 18എന്നാൽ അവർ കേട്ടില്ലയോ
എന്നു ഞാൻ ചോദിക്കുന്നു. തീർച്ചയായും അവർ കേട്ടിരിക്കുന്നു. അവരുടെ ശബ്ദം സർവ്വഭൂമിയിലും,
അവരുടെ വാക്കുകൾ ലോകത്തിന്റെ അതിർത്തിവരെയും ചെന്നെത്തിയിരിക്കുന്നു എന്ന് എഴുതിയിരിക്കു
ന്നുവല്ലോ. 19യിസ്രായേൽ ഗ്രഹിച്ചില്ലയോ? എന്നു ഞാൻ വീണ്ടും ചോദിക്കുന്നു. ജനമല്ലാത്തവരെക്കൊണ്ടു
ഞാൻ നിങ്ങൾക്ക് അസൂയ ജനിപ്പിക്കും; പരിജ്ഞാനമില്ലാത്ത ഒരു ജനതയെക്കൊണ്ടു ഞാൻ നിങ്ങളെ
കോപിപ്പിക്കും എന്നു മോശെ പറയുന്നു. 20അതുപോലെ യെശയ്യാവും ധൈര്യപൂർവ്വം പറയുന്നു: എന്നെ
അന്വേഷിക്കാത്തവർ എന്നെ കണ്ടെത്തി; എന്നെ ആവശ്യപ്പെടാത്തവർക്കു ഞാൻ എന്നെത്തന്നെ വെളിപ്പെ
ടുത്തി. 21എന്നാൽ യിസ്രായേല്യരെക്കുറിച്ചോ, അനുസരണംകെട്ടവരും നിഷേധികളുമായ ജനങ്ങളിലേ
ക്കു ഞാൻ ദിവസംമുഴുവനും കൈനീട്ടി എന്ന് അദ്ദേഹം പറയുന്നു.

- (വാ 12) എല്ലാവരുടെയും കർത്താവ് ഒന്നുതന്നെ, തന്നെ വിളിച്ചപേക്ഷിക്കുന്നവരെ അധികമായി അനുഗ്രഹിക്കുന്നവൻ. ദൈവത്തിനു പക്ഷപാതമില്ല, സകലരെയും അനുഗ്രഹിക്കുവാൻ അവൻ ഒരുങ്ങിയിരിക്കുന്നു.
- (വാ 21) അനുസരണം കെട്ടവരും നിഷേധികളുമായ ജനങ്ങളിലേക്കു ഞാൻ ദിവസംമുഴുവനും കൈനീട്ടി. ദൈവത്തിന്റെ ദീർഘക്ഷമയ്ക്കും പാപപ്പൊറുതിക്കും കൃപയ്ക്കുമായി നന്ദിപറയുക.

- സകലമനുഷ്യരും രക്ഷപ്രാപിപ്പാനും സത്യത്തിന്റെ തിരിച്ചറിവ് എല്ലാവർക്കുമുണ്ടാകാനുമുള്ള ദൈവത്തിന്റെ ഹിതം നിറവേറാനായി പ്രാർത്ഥിക്കുക.
- സകല ജനതകളോടുമുള്ള ദൈവത്തിന്റെ സ്നേഹം പങ്കുവയ്ക്കപ്പെടുന്നതിനുവേണ്ടി നിങ്ങളെയും ദൈവം ഉപയോഗിക്കാനായി പ്രാർത്ഥിക്കുക. നിങ്ങളിലുള്ള ലൗകീകതയും ഭൗതീകതൃഷ്ണയും അലസതയും സ്വാർത്ഥതയുമെല്ലാം മാറുവാനായി പ്രാർത്ഥിക്കുക.

# ദിനം 4: എന്റെ കർത്താവ്

**ആവർത്തനം 8:6-20**

അതുകൊണ്ട് നിന്റെ ദൈവമായ യഹോവയുടെ വഴികളിൽ നടന്ന് അവിടുത്തെ കല്പനകളെ ഭയപ്പെട്ട്
അനുസരിക്കണം. 7നിന്റെ ദൈവമായ യഹോവ മനോഹരമായ ഒരു ദേശത്തേക്കാകുന്നുവല്ലോ നിന്നെ
കൊണ്ടുപോകുന്നത്. അത് താഴ്‌വരയിൽ നിന്നും കുന്നുകളിൽ നിന്നും ഒഴുകുന്ന അരുവികളും ഉറവു
കളും ജലാശയങ്ങളും ഉള്ള ദേശമാണ്; 8ഗോതമ്പും യവവും മുന്തിരിവള്ളിയും അത്തിവൃക്ഷവും മാതള
നാരകവും ഉള്ള ദേശമാണ്. 9സമൃദ്ധിയിൽ ഉപജീവനം കഴിക്കാവുന്നതും ഒന്നിനും കുറവില്ലാത്തതുമായ
ദേശമാണ്. കല്ല് ഇരുമ്പായിരിക്കുന്നതും പർവ്വതങ്ങളിൽ നിന്നു താമ്രം കുഴിച്ചെടുക്കുന്നതുമായ ദേശമാ
ണ്. 10നീ ഭക്ഷിച്ചു തൃപ്തനായശേഷം നിന്റെ ദൈവമായ യഹോവ നിനക്കു നല്കിയ മനോഹരദേശത്തി
നുവേണ്ടി അവിടുത്തേക്ക് സ്തോത്രം ചെയ്യണം. 11നിന്റെ ദൈവമായ യഹോവയെ നീ മറക്കാതിരിക്കേണ്ട
തിനും ഞാൻ ഇന്നു നിന്നോടു പറയുന്ന അവിടുത്തെ കല്പനകളും വിധികളും ചട്ടങ്ങളും അവഗണിക്കാ
തിരിക്കേണ്ടതിനും 12നീ ഭക്ഷിച്ചു തൃപ്തനായി നല്ല വീടുകൾ പണിത് അവയിൽ താമസിക്കുകയും 13നിന്റെ
ആടുകളും കന്നുകാലികളും പെരുകുകയും നിന്റെ വെള്ളിയും സ്വർണ്ണവും വർദ്ധിക്കുകയും നിനക്ക് സക
ലവും സമൃദ്ധിയായിട്ട് ഉണ്ടാവുകയും ചെയ്യുമ്പോൾ നിന്റെ ഹൃദയം നിഗളിച്ച് 14അടിമഗൃഹമായ ഈജി
പ്റ്റിൽനിന്നു വിടുവിച്ചുകൊണ്ടുവന്ന നിന്റെ ദൈവമായ യഹോവയെ മറക്കാതിരിക്കാൻ സൂക്ഷിക്കുക.
15അഗ്നിസർപ്പവും തേളു ഉള്ള വലുതും ഭയാനകവുമായ മരുഭൂമിയിലൂടെയാണ് അവിടുന്നു നിന്നെ നട

ത്തിയത്. വെള്ളമില്ലാതെ വരണ്ടദേശത്ത് തീക്കല്ലിൽനിന്നു നിനക്കു വെള്ളം നല്കി. 16നിന്നെ വിനയപ്പെടു
ത്തുവാൻ ശോധന ചെയ്യുകയും പിന്നീടു നിനക്കു നന്മ ഉണ്ടാകുവാൻ നിന്നെ നിന്റെ പിതാക്കന്മാർ അറി
ഞ്ഞിട്ടില്ലാത്ത മന്നകൊണ്ട് പോഷിപ്പിക്കുകയും ചെയ്തു. 17എന്റെ ശക്തിയും കൈബലവും ഈ സമ്പത്തു
ണ്ടാക്കി എന്നു നീ നിന്റെ ഹൃദയത്തിൽ പറയരുത്. 18നിന്റെ ദൈവമായ യഹോവയെ നീ ഓർക്കണം.
നിന്റെ പിതാക്കന്മാരോടു സത്യം ചെയ്ത തന്റെ നിയമം ഉറപ്പിക്കേണ്ടതിന് അവിടുന്നാണല്ലോ നിനക്കു
സമ്പത്തു നേടുവാൻ പ്രാപ്തി നല്കുന്നത്. 19നിന്റെ ദൈവമായ യഹോവയെ നീ മറന്ന് അന്യദേവന്മാ
രുടെ പിന്നാലെ പോകുകയും അവയെ വണങ്ങി നമസ്കരിക്കുകയും ചെയ്താൽ നീ നിശ്ചയമായും നശി
ച്ചുപോകുമെന്നു ഞാൻ നിനക്കെതിരെ സാക്ഷ്യം പറയുന്നു. 20നിങ്ങളുടെ ദൈവമായ യഹോവയുടെ
വചനം നിങ്ങൾ അനുസരിക്കാതിരുന്നാൽ യഹോവ നിങ്ങളുടെ മുമ്പിൽനിന്നു നിർമ്മൂലമാക്കുന്ന ജാതി
കളെപ്പോലെ നിങ്ങളും നശിച്ചുപോകും.

- **(വാ 6-9) ദൈവം ഇസ്രായേൽക്കാർക്കു നല്കിയ ദേശത്തെ വച്ചുനോക്കുമ്പോൾ നിങ്ങൾ വസിക്കുന്ന ദേശം എപ്രകാരമുള്ളതാണ്? എന്തൊക്കെകാര്യങ്ങൾക്കുവേണ്ടിയാണ് ദൈവത്തോടു നന്ദിപറയേണ്ടത്?**
- **(വാ 18) സമ്പത്തുണ്ടാക്കാനുള്ള കഴിവു തന്നത് ദൈവമാണ് എന്ന പ്രസ്താവനയോടു നിങ്ങളുടെ പ്രതികരണമെന്താണ്?**
- **(വാ 19-20) ദൈവത്തെ ഒരു കാലത്തും മറന്നുപോകരുത് എന്ന കല്പനപാലിക്കുവാൻ എന്തു തീരുമാനങ്ങളാണ് നിങ്ങൾക്ക് എടുക്കേണ്ടിവരുന്നത്?**

### 1 കൊരിന്ത്യർ 6:19-20

ദൈവത്തിൽനിന്നു നിങ്ങൾക്കു ലഭിച്ചതും നിങ്ങളിൽ വസിക്കുന്നതുമായ പരിശുദ്ധാത്മാവിന്റെ മന്ദിരമാ
കുന്നു നിങ്ങളുടെ ശരീരം എന്ന് അറിയുന്നില്ലേ? നിങ്ങൾ നിങ്ങളുടെ സ്വന്തമല്ല. 20നിങ്ങളെ വിലയ്ക്കു
വാങ്ങിയിരിക്കുന്നു. ആകയാൽ നിങ്ങളുടെ ശരീരം കൊണ്ട് ദൈവത്തെ മഹത്ത്വപ്പെടുത്തുക.

- **ഈ വചനത്തിന് നിങ്ങളുടെ ജീവിതത്തിലുള്ള അർത്ഥം എന്താണ്?**

### 2 കൊരിന്ത്യർ 8:9

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങൾ അറിയുന്നുവല്ലോ; അവിടുന്ന് സമ്പന്നൻ ആയിരുന്നിട്ടും നിങ്ങൾക്കുവേണ്ടി ദരിദ്രനായിത്തീർന്നു; അവിടുത്തെ ദാരിദ്ര്യത്തിലൂടെ നിങ്ങൾ സമ്പന്നനായിത്തീരേണ്ടതിനു തന്നേ.

- **ക്രിസ്തു നിങ്ങൾക്കുവേണ്ടി ദരിദ്രനായിത്തീർന്നു എന്നു പറയുമ്പോൾ നിങ്ങൾക്ക് എന്താണു തോന്നുന്നത്?**
- **നിങ്ങൾ സമ്പന്നനായിത്തീർന്നു എന്നു പറയുന്നതിന്റെ അർത്ഥം എന്താണ്?**

## ദിനം 5: എന്റെ സമ്പത്തിന്റെയെല്ലാം കർത്താവ്

### ലൂക്കോസ് 16:1-15

പിന്നെ യേശു ശിഷ്യന്മാരോടു പറഞ്ഞു: ധനവാനായ ഒരു മനുഷ്യൻ ഉണ്ടായിരുന്നു. അയാളുടെ സ്വത്ത്
കാര്യസ്ഥൻ പാഴാക്കുന്നതായി പരാതിയുണ്ടായി. 2അയാൾ അവനെ വിളിച്ചു പറഞ്ഞു: നിന്നെക്കുറിച്ചു
ഈ കേൾക്കുന്നത് എന്ത്? നിന്റെ കാര്യനിർവ്വഹണത്തിന്റെ കണക്ക് ഏല്പിച്ചു തരിക. നീ ഇനിമേൽ കാര്യ
സ്ഥനായി തുടരാൻ പാടില്ല. 3അപ്പോൾ കാര്യസ്ഥൻ തന്നോടുതന്നെ പറഞ്ഞു: ഞാൻ ഇപ്പോൾ എന്താണു
ചെയ്യേണ്ടത്? യജമാനൻ എന്നെ ജോലിയിൽനിന്നു നീക്കാൻ പോകുന്നു. കിളയ്ക്കാൻ എനിക്കു ത്രാണി
യില്ല; ഭിക്ഷയാചിക്കാൻ ഞാൻ ലജ്ജിക്കുന്നു. 4അതുകൊണ്ട്, എനിക്കു ജോലി നഷ്ടപ്പെടുമ്പോൾ ജന
ങ്ങൾ അവരുടെ വീട്ടിലേക്ക് എന്നെ സ്വീകരിക്കേണ്ടതിനു ഞാൻ എന്തു ചെയ്യണമെന്ന് എനിക്കറിയാം.
5പിന്നെ അവൻ യജമാനന്റെ കടക്കാരിൽ ഓരോരുത്തനെ അകത്തേക്കു വിളിച്ചു ഒന്നാമത്തവനോടു
ചോദിച്ചു: നീ യജമാനനു കൊടുക്കാനുള്ളത് എത്രയാണ്? 6നൂറു കുടം ഒലിവെണ്ണ, അവൻ മറുപടി പറ
ഞ്ഞു. കാര്യസ്ഥൻ അവനോട്, നിന്റെ ചീട്ടുവാങ്ങി, വേഗം ഇരുന്ന് അത് അമ്പത് എന്നാക്കുക എന്നു പറ
ഞ്ഞു. 7രണ്ടാമത്തവനോട് അവൻ ചോദിച്ചു: നീ കൊടുക്കാനുള്ളത് എത്ര? നൂറുപറ ഗോതമ്പ്, അവൻ
ഉത്തരം പറഞ്ഞു. നിന്റെ ചീട്ടുവാങ്ങി അത് എൺപത് എന്നാക്കുക എന്നു കാര്യസ്ഥൻ പറഞ്ഞു. 8അവി
ശ്വസ്തനായ കാര്യസ്ഥൻ അതിബുദ്ധിയോടെ പ്രവർത്തിച്ചതുകൊണ്ട് യജമാനൻ അവനെ ശ്ലാഘിച്ചു. ഈ

ലോകത്തിന്റെ മക്കൾ തങ്ങളുടെ തലമുറക്കാരോടു ഇടപെടുന്ന കാര്യത്തിൽ വെളിച്ചത്തിന്റെ മക്കളെക്കാൾ സാമർത്ഥ്യമുള്ളവരത്രേ. 9ഞാൻ നിങ്ങളോടു പറയുന്നു, ലൗകീകസമ്പത്തുകൊണ്ടു നിങ്ങൾ സ്നേഹിതരെ സമ്പാദിച്ചുകൊള്ളുക; അത് ഇല്ലാതാകുമ്പോൾ നിത്യഭവനങ്ങളിൽ നിങ്ങൾ സ്വീകരിക്കപ്പെടും. 10അത്യല്പത്തിൽ വിശ്വസ്തനായവൻ അധികത്തിലും വിശ്വസ്തൻ; അത്യല്പത്തിൽ അവിശ്വസ്തനായവൻ അധികത്തിലും അവിശ്വസ്തൻ. 11ലൗകികസമ്പത്തു കൈകാര്യം ചെയ്യുന്നതിൽ നിങ്ങൾ വിശ്വസ്തരല്ലെങ്കിൽ യഥാർത്ഥമായതു നിങ്ങളെ ആര് ഭരമേല്പിക്കും? 12നിങ്ങൾ മറ്റൊരുവന്റെ വസ്തുവകകളുടെ കാര്യത്തിൽ വിശ്വസ്തരായില്ലെങ്കിൽ സ്വന്തമായതു നിങ്ങൾക്കു ആര് തരും? 13രണ്ട് യജമാനന്മാരെ സേവിക്കാൻ ഒരു ഭൃത്യനും സാധ്യമല്ല. ഒന്നുകിൽ അവൻ ഒരുവനെ ദ്വേഷിച്ച് മറ്റവനെ സ്നേഹിക്കും; അല്ലെങ്കിൽ ഒന്നാമനോടു പറ്റിച്ചേർന്ന് മറ്റവനെ തള്ളിക്കളയും. നിങ്ങൾക്കു ദൈവത്തെയും ധനത്തെയും സേവിക്കുവാൻ സാധിക്കയില്ല. 14ദ്രവ്യാഗ്രഹികളായ പരീശന്മാർ ഇതെല്ലാം കേട്ട് യേശുവിനെ പരിഹസിച്ചു. 15അദ്ദേഹം അവരോടു പറഞ്ഞു; നിങ്ങൾ മനുഷ്യരുടെ മുമ്പാകെ നിങ്ങളെത്തന്നെ നീതീകരിക്കുന്നവരാകുന്നു. എന്നാൽ ദൈവം നിങ്ങളുടെ ഹൃദയം അറിയുന്നു. മനുഷ്യരുടെയിടയിൽ ഉന്നതമായത് ദൈവദൃഷ്ടിയിൽ മ്ലേച്ഛമാണ്.

വചന പശ്ചാത്തലത്തിൽ, സാമ്പത്തിക ദുർവ്യത്തിയിലൂടെ തന്റെ യജമാനനു നഷ്ടം വരുത്തി വച്ച ഒരു കാര്യസ്ഥൻ പിടിക്കപ്പെടുകയും ജോലി നഷ്ടമാകപ്പെടുകയും ചെയ്യുന്ന അവസ്ഥയെത്തിയപ്പോൾ, പതിവിനു വിപരീതമായ ചില പ്രവർത്തികൾ ചെയ്ത് തനിക്കു സകലതും നഷ്ടപ്പെടുന്ന ഒരു അവസ്ഥയിൽനിന്നും തന്നെ തന്നെ രക്ഷിക്കുന്നു. അവന്റെ ചെയ്തികൾ ന്യായമല്ലാത്തതായിരുന്നിട്ടു പോലും അവനെക്കുറിച്ച് കുറച്ചു നല്ലകാര്യങ്ങൾ യേശു ചൂണ്ടിക്കാട്ടുന്നു.

- ഈ ഉപമയിലെ യജമാനൻ ദൈവവും, അവന്റെ സ്വത്തിന്റെ കാര്യസ്ഥർ നാമോരോരുത്തരുമാണ്.
- ഒൻപതാം വാക്യത്തിൽ നിന്നും നാം ഗ്രഹിക്കേണ്ട വാസ്തവം എന്താണ്?
- (വാ 10-12) ഏതൊക്കെ മേഖലകളിലാണ് നിങ്ങളെ അധികമായുള്ളത് ഏല്പിച്ചിരിക്കുന്നത്?
- നിങ്ങളെ ഏല്പിച്ചിരിക്കുന്ന കാര്യങ്ങൾ എപ്രകാരം നോക്കിനടത്താനാണ് ഈ വാക്യം നിങ്ങളെ വെല്ലുവിളിക്കുന്നത്?
- (വാ 13) ഈ ലോകം നമ്മിൽ മേൽവിചാരം ചെയ്യുന്നതിനെ ചിത്രീകരിക്കുന്നതിനുവേണ്ടി ധാരാളം പ്രലോഭനങ്ങളെയും വിഗ്രഹങ്ങളെയും എടുത്തു കാട്ടാൻ യേശുവിനു സാധിക്കുമായിരുന്നു. എന്നിരുന്നാലും യേശു പണത്തെ ചൂണ്ടിക്കാണിച്ചത് എന്തുകൊണ്ടാണ്?
- പണത്തെ സ്നേഹിക്കുന്നതിൽ നാം കുറ്റം ചാർത്തപ്പെട്ടവർ ആണെങ്കിൽ, ദൈവവുമായുള്ള ബന്ധത്തെ അതെപ്രകാരം ബാധിക്കുമെന്നാണ് യേശു പറയുന്നത്?
- (വാ 14-15) അക്കാലത്തെ പ്രമാണസംരക്ഷകരായിരുന്നു ഫരിസേയർ. ആത്മീയർ എന്നവകാശപ്പെടുന്നവരോട് (യഹൂദരോട്) വിശ്വാസമനുസരിച്ചു പ്രവർത്തിക്കാൻ അവർ ആവശ്യപ്പെട്ടിരുന്നു (ഇക്കാലത്തു ശിഷ്യരെപ്പോലെ). അക്കാലത്തെ ഏറ്റവും മികച്ച തീക്ഷ്ണതയും സമർപ്പണവും അവർക്കുണ്ടായിരുന്നെങ്കിലും അവർ പണത്തെ സ്നേഹിക്കുന്നവരാണെന്ന് യേശു ചൂണ്ടിക്കാട്ടി.
- ഈ വേദഭാഗത്തിൽനിന്നും നിങ്ങളുടെ ജീവിതത്തിലേക്ക് എടുക്കാവുന്ന പ്രധാന മൂല്യങ്ങൾ എന്തൊക്കെയാണ്?

# ദിനം 6: കർത്താവ് എന്ന സ്ഥാനത്തിനെതിരായ വെല്ലുവിളി

## 1. പണത്തോടുള്ള സ്നേഹം നമ്മെ ദുഷിപ്പിക്കുന്നു

**1 തിമോത്തി 6:10**
ദ്രവ്യാഗ്രഹം സകലവിധ ദോഷങ്ങളുടെയും വേരാണ്. ചിലർ ദ്രവ്യം മോഹിച്ചിട്ട്, വിശ്വാസത്തിൽനിന്നു വഴി തെറ്റിപ്പോവുകയും ദാരുണവേദനകൾക്ക് അധീനരാകുകയും ചെയ്തിരിക്കുന്നു.

- നിത്യചെലവിനുള്ള ആഗ്രഹമായി തുടങ്ങി അഭിവൃദ്ധിയിലേക്കും പിന്നീട് ആർഭാടത്തിലേക്കും വളരുന്ന ഒരു കാര്യമാണ് പണത്തോടുള്ള സ്നേഹം. ചിലയാളുകളിൽ അതു വിശ്വാസത്യാഗത്തിനു പോലും കാരണമായിരിക്കുന്നു. ഈ ആഗ്രഹം നിങ്ങളുടെ ഹൃദയത്തെ എപ്രകാരമാണ് പിടിച്ചു വലിക്കുന്നത്?

## 2. അത്യാഗഹത്തിനെതിരായി നിങ്ങളുടെ ഹൃദയത്തെ സംരക്ഷിക്കുക

### ലൂക്കോസ് 12:13-21

ജനക്കൂട്ടത്തിൽനിന്ന് ഒരുവൻ അദ്ദേഹത്തോട്: ഗുരോ, ഞാനുമായി പിതൃസ്വത്തു വീതം വയ്ക്കുവാൻ എന്റെ സഹോദരനോടു കല്പിച്ചാലും എന്നു പറഞ്ഞു. 14അതിന് യേശു: മനുഷ്യാ, എന്നെ നിങ്ങളുടെ ന്യായാധിപനോ മധ്യസ്ഥനോ ആയി നിയമിച്ചതാര്? എന്നു ചോദിച്ചു. 15പിന്നെ അദ്ദേഹം അവരോട്: സൂക്ഷിച്ചുകൊള്ളുവിൻ, സകലവിധമായ അത്യാഗ്രഹത്തിനുമെതിരേ ജാഗ്രത പാലിക്കുവിൻ; ഒരുവന്റെ ധനസമൃദ്ധിയല്ല അവന്റെ ജീവന് ആധാരമായിരിക്കുന്നത് എന്നു പറഞ്ഞു. 16അദ്ദേഹം അവരോട് ഈ ഉപമ പറഞ്ഞു: ഒരു ധനവാന്റെ വയലിൽ നല്ല വിളവുണ്ടായി. 17അവൻ ചിന്തിച്ചു, ഞാൻ എന്താണു ചെയ്ക? എന്റെ വിളവു ശേഖരിച്ചു സൂക്ഷിക്കാൻ സ്ഥലം ഇല്ലല്ലോ. 18ഞാൻ ഇങ്ങനെ ചെയ്യും, അവൻ പറഞ്ഞു, ഞാൻ എന്റെ കളപ്പുരകൾ പൊളിച്ചുകളഞ്ഞ് കൂടുതൽ വലിയവ പണിയും; അവിടെ എന്റെ ധാന്യവും സാധനങ്ങളും എല്ലാം സംഭരിച്ചുവയ്ക്കും. 19പിന്നെ ഞാൻ എന്നോടുതന്നേ, നിനക്ക് അനേകം വർഷങ്ങളിലേക്കു വേണ്ടുന്ന നല്ല വിഭവങ്ങൾ ധാരാളമുണ്ട്. ഇനി വിശ്രമിച്ചുകൊള്ളുക; തിന്നുക, കുടിക്കുക, ആനന്ദിക്കുക എന്നു പറയും. 20എന്നാൽ ദൈവം അവനോട്: ഭോഷാ, ഈ രാത്രിയിൽത്തന്നേ നിന്റെ ജീവനെ നിന്നോടു ചോദിക്കും. പിന്നെ, നീ നിനക്കായി ഒരുക്കിവച്ചത് ആർക്കു കിട്ടും? എന്നു പറഞ്ഞു. 21തനിക്കു വേണ്ടിത്തന്നേ വസ്തുവകകൾ സംഭരിച്ചു വയ്ക്കുകയും എന്നാൽ ദൈവസംബന്ധമായി സമ്പന്നനാകാതിരിക്കുകയും ചെയ്യുന്ന ഏതൊരു വ്യക്തിയുടെയും കാര്യം ഇങ്ങനെ ആകുന്നു.

- അത്യാഗ്രഹം നിങ്ങളെ ഏതൊക്കെ വിധത്തിലാണ് പ്രലോഭിപ്പിക്കുന്നത്?
- ഏതൊക്കെ മേഖലകളിലാണ് ഈ ഭൂമിയിൽ നിങ്ങൾ സ്വത്തു ശേഖരിച്ചു വയ്ക്കുന്നത്?
- സ്വർഗ്ഗത്തിലുള്ള ശേഖരം എപ്രകാരം നിങ്ങൾക്കു വർദ്ധിപ്പിക്കാനാകും?

## 3. ആർഭാടജീവിതം നമ്മെ കുറ്റക്കാരാക്കുന്നു

### ലൂക്കോസ് 16:19-31

ഒരു ധനവാൻ ഉണ്ടായിരുന്നു. അയാൾ ധൂമ്രവസ്ത്രവും പട്ടും ധരിച്ച് പ്രതിദിനം ആഡംബരജീവിതം നയിച്ചുപോന്നു. 20അയാളുടെ പടിക്കൽ ദേഹം ആസകലം വ്രണങ്ങൾ നിറഞ്ഞവനായി, 21ലാസർ എന്നു പേരായ ഒരു യാചകൻ, ധനവാന്റെ മേശയിൽനിന്നു വീഴുന്നതുകൊണ്ടു വിശപ്പടക്കുവാൻ ആഗ്രഹിച്ചു കിടന്നിരുന്നു. നായ്ക്കൾ വന്ന് അയാളുടെ വ്രണങ്ങൾ നക്കിയിരുന്നു. 22ആ യാചകൻ മരിച്ചപ്പോൾ ദൈവദൂതന്മാർ അയാളെ അബ്രാഹാമിന്റെ അടുത്തേക്കു കൊണ്ടുപോയി. ധനവാനും മരിച്ച് അടക്കപ്പെട്ടു. 23പാതാളത്തിൽ യാതന അനുഭവിക്കുമ്പോൾ അയാൾ മേല്പോട്ടു നോക്കി അബ്രാഹാമിനെയും അദ്ദേഹത്തിന്റെ അടുത്തായി ലാസറിനെയും കണ്ടു. അയാൾ വിളിച്ചു പറഞ്ഞു: അബ്രാഹാം പിതാവേ, എന്നോടു കരുണയുണ്ടാകണമേ. ഞാൻ ഈ രീതിയിൽ, അതിവേദനയിൽ ആയിരിക്കയാൽ ലാസർ അവന്റെ വിരലിന്റെ അറ്റം വെള്ളത്തിൽ മുക്കി എന്റെ നാവിനെ തണുപ്പിക്കേണ്ടതിന് അവനെ അയയ്ക്കണമേ. 25എന്നാൽ അബ്രാഹാം പറഞ്ഞു: മകനേ, നിനക്കു നിന്റെ ആയുസ്സിൽ നല്ല കാര്യങ്ങളും അതേസമയം ലാസറിനു ദോഷമായവയും ലഭിച്ചുവെന്ന് ഓർമ്മിക്കുക. എന്നാൽ അയാൾ ഇപ്പോൾ ഇവിടെ ആശ്വാസം പ്രാപിച്ചിരിക്കുന്നു. നീയോ കഠിനവേദന അനുഭവിക്കുന്നു. 26ഇതിനും പുറമേ, ഞങ്ങൾക്കും നിങ്ങൾക്കും ഇടയിൽ വലിയൊരു പിളർപ്പു വച്ചിരിക്കുന്നു; ഇവിടെനിന്നു നിങ്ങളുടെ അടുത്തേക്കു വരാൻ ആഗ്രഹിക്കുന്നവർക്ക് അതു സാദ്ധ്യമല്ല. അവിടെനിന്ന് ആർക്കും ഞങ്ങളുടെ അടുത്തേക്കു കടക്കാനും കഴിയുകയില്ല. 27അപ്പോൾ അയാൾ പറഞ്ഞു: എങ്കിൽ, പിതാവേ, ലാസറിനെ എന്റെ അപ്പന്റെ വീട്ടിലേക്ക് അയക്കണമേ എന്നു ഞാൻ അപേക്ഷിക്കുന്നു; 28എനിക്ക് അഞ്ചു സഹോദരന്മാരുണ്ട്. അവരും ഈ യാതനാ സ്ഥലത്തു വരാതിരിക്കേണ്ടതിന് അവൻ അവർക്കു മുന്നറിയിപ്പു നല്കട്ടെ. 29അവർക്കു മോശെയും പ്രവചകന്മാരും ഉണ്ട്; അവർ അവരുടെ വാക്കു കേൾക്കട്ടെ, അദ്ദേഹം പറഞ്ഞു. 30അങ്ങനെയല്ല, അബ്രാഹാം പിതാവേ, മരിച്ചവരിൽനിന്ന് ഒരാൾ അവരുടെ അടുക്കൽ ചെന്നാൽ അവർ അനുതപിക്കും, അയാൾ പറഞ്ഞു. 31അബ്രാഹാം അയാളോടു പറഞ്ഞു: അവർ മോശെയുടെയും പ്രവാചകന്മാരുടെയും വാക്കു കേൾക്കുന്നില്ലെങ്കിൽ മരിച്ചവരിൽനിന്ന് ഒരാൾ ഉയിർത്തെഴുന്നേറ്റാലും അവർക്കു ബോധ്യം വരുകയില്ല.

- ഏതൊക്കെ കാര്യങ്ങളിലാണ് നിങ്ങൾ ആർഭാടജീവിതം നയിക്കുന്നവരാകുന്നത്?
- നിങ്ങളെ ചുറ്റിപ്പറ്റിയുള്ള ദരിദ്രരെക്കുറിച്ചു എത്രമാതം കരുതലുണ്ട്?

## 4. സകലവിധത്തിലും സംതൃപ്തൻ

### ഫിലിപ്പിയർ 4:10-13

നിങ്ങൾ എനിക്കുവേണ്ടി വീണ്ടും കരുതൽ കാണിച്ചതിൽ ഞാൻ കർത്താവിൽ ഏറ്റവും സന്തോഷിക്കു

ന്നു. വാസ്തവമായും നിങ്ങൾ കരുതലുള്ളവരായിരുന്നു; എങ്കിലും അതു പ്രദർശിപ്പിക്കുവാൻ നിങ്ങൾക്ക് അവസരം ലഭിച്ചില്ല. 11ബുദ്ധിമുട്ടിലിരിക്കുന്നതുകൊണ്ടല്ല ഞാനിതു പറയുന്നത്. ഏതു സാഹചര്യത്തിലും സംതൃപ്തനായിരിക്കുവാൻ ഞാൻ ശീലിച്ചിരിക്കുന്നു. 12ബുദ്ധിമുട്ടിലിരിക്കുവാനും സമൃദ്ധിയിലിരിക്കുവാനും എനിക്കറിയാം. ഏതു സാഹചര്യത്തിലും എപ്പോഴും തൃപ്തനായിരിക്കുന്നതിന്റെ രഹസ്യം ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. തിന്നു തൃപ്തനായിരിപ്പാനും വിശന്നിരിപ്പാനും സമൃദ്ധിയിലിരിപ്പാനും ദാരിദ്ര്യത്തിലായിരിപ്പാനും എനിക്കു പരിശീലനം ലഭിച്ചിരിക്കുന്നു. 13എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം സകലവും ചെയ്യുവാൻ ഞാൻ പ്രാപ്തനാകുന്നു.

- നിങ്ങളുടെ സാഹചര്യങ്ങളിൽ എത്രമാത്രം സംതൃപ്തനാകാൻ നിങ്ങൾക്കു കഴിയും?

# ദിനം 7: കർതൃസ്ഥാനത്തെക്കുറിച്ചുള്ള വിചിന്തനങ്ങൾ

**1 തിമോത്തി 6:17-19**

ഈ ലോകത്തിലെ ധനികരോട് അഹങ്കാരികളായിരിക്കരുതെന്നും അനിശ്ചിതമായ സമ്പത്തിലല്ല, നമുക്ക് അനുഭവിപ്പാൻ ആവശ്യമായതെല്ലാം ധാരാളമായി തരുന്ന ദൈവത്തിൽത്തന്നേ പ്രത്യാശവയ്ക്കണമെന്നും നീ ആജ്ഞാപിക്കുക. 18നന്മ ചെയ്യുവാനും സുകൃതങ്ങളിൽ സമ്പന്നരാകുവാനും തങ്ങൾക്കുള്ളത് ഔദാര്യത്തോടെ പങ്കുവയ്ക്കുവാൻ സന്നദ്ധത കാണിക്കുവാനും അവരെ ഉദ്ബോധിപ്പിക്കുക. 19അങ്ങനെ ചെയ്താൽ യഥാർത്ഥ ജീവൻ അവകാശമാക്കുവാൻ തക്കവണ്ണം ഭാവിയിലേക്ക് ഉറപ്പുള്ള അടിസ്ഥാനമാകുന്ന നിക്ഷേപം സംഗ്രഹിച്ചുവയ്ക്കാൻ അവർക്കു സാധിക്കും.

- ഈ വചനം വായിക്കുമ്പോൾ സാധാരണയായി നമുക്കു തോന്നുന്ന ഒരു വികാരം, ഇത് എന്നെക്കുറിച്ചല്ല, ധനികരെക്കുറിച്ചാണ് സംസാരിക്കുന്നത് എന്നാണ്. നമുക്കു ചുറ്റുമുള്ള ധനികരുമായി താരതമ്യം ചെയ്യുമ്പോൾ നാം ദരിദ്രരാണ് എന്നു നാം വിചാരിക്കും. www.globalrichlist.com എന്ന വെബ്സൈറ്റിൽ നമ്മുടെ വരുമാനം എത്രയെന്ന് എഴുതിയാൽ നാം എത്ര ധനികനാണെന്നോ ദരിദ്രനാണന്നോ ഉള്ള വിവരം ലഭിക്കും.
- മാസം പതിനായിരം രൂപ വരുമാനമുള്ള ഒരാളാണു നിങ്ങൾ എങ്കിൽ, ലോകത്തിലെ 19.79 ശതമാനം ധനികരിൽ ഒരാളാണുനിങ്ങൾ. എന്നുവച്ചാൽ ഈ ലോകത്തിലെ നൂറുപേരെ എടുത്താൽ അതിൽ എൺപതുപേരും നിങ്ങളെക്കാൾ പാവപ്പെട്ടവനാണ്.
- മാസം മുപ്പതിനായിരം രൂപ നിങ്ങൾക്കു വരുമാനമുണ്ടെങ്കിൽ, ലോകത്തിലെ 3.40 ശതമാനം ധനികരുടെ ഇടയിലാണ് നിങ്ങളുടെ സ്ഥാനം
- മാസം അമ്പതിനായിരം രൂപയുടെ വരുമാനം നിങ്ങൾക്കുണ്ടെങ്കിൽ നിങ്ങൾ ലോകത്തിലെ 0.86 ശതമാനം പേരിൽ നിങ്ങൾക്കു സ്ഥാനമുണ്ട്.
- മാസം ഒരു ലക്ഷം രൂപ വരുമാനമുണ്ടെങ്കിൽ, ലോക ജനസംഖ്യയിലെ 0.13 ശതമാനം ധനികരുടെ ഗണത്തിൽ നിങ്ങൾ ഉൾപ്പെടും.
- അപ്പോൾ, സ്ഥിതിവിവര കണക്കുകൾ പരിശോധിക്കുമ്പോൾ, നിങ്ങൾ ധനികനാണോ അതോ ദരിദ്രനാണോ?
- ഇനി ദൈവം നിങ്ങളെ പരിഗണിക്കുന്നത് ധനികനെന്ന നിലയിലാണോ അതോ ദരിദ്രനെന്ന നിലയിലാണോ?
- വീണ്ടും ഒരിക്കൽക്കൂടി നമുക്കു മുകളിലെ വചനം വായിക്കാം ദൈവം നമ്മോടു സംസാരിക്കുന്നതെന്തെന്നു മനസ്സിലാക്കുകയും ചെയ്യാം.

- ദൈവത്തിന്റെ കർതൃസ്ഥാനത്തെപ്പറ്റിയും പരമാധികാരത്തെപ്പറ്റിയും ഈ ആഴ്ചയിൽ നിങ്ങൾ എന്തൊക്കെയാണ് പഠിച്ചത്?
- നിങ്ങൾ സ്വയം തിരിച്ചറിഞ്ഞ കാര്യങ്ങൾ എന്തൊക്കെയാണ്?
- ഞാൻ ധനികനായ ഒരു വ്യക്തിയാണെന്ന വാസ്തവം ഞാൻ സ്വീകരിക്കുന്നുവോ? എന്റെ പ്രലോഭനങ്ങൾ ഏതൊക്കെയാണെന്നും?
- എനിക്കുള്ളതെല്ലാം ദൈവം നല്കിയതാണെന്ന തോന്നൽ നിങ്ങൾക്കുണ്ടോ?
- ദൈവത്തിന്റെ പണത്തിന്റെ ഒരു കൈക്കാരനാണു ഞാൻ എന്ന ചിന്ത എനിക്കുണ്ടോ?
- ദൈവത്തിന്റെ വസ്തുവകകൾ തെറ്റായി കൈകാര്യം ചെയ്യുന്നത് (പണം അടക്കം) ഒരു പാപമാണെന്ന തോന്നൽ എന്നിലുണ്ടോ?
- എന്തിനുവേണ്ടിയാണ് നിങ്ങൾ പ്രാർത്ഥിക്കേണ്ടത്?

# ആഴ്ച 2: കർത്താവിന്റെ കാര്യസ്ഥർ

*ദൈവമാണ് സകലതിന്റെയും ഉടമ, ഞാൻ അവന്റെ കാര്യസ്ഥനും* - റാൻഡി
അൽകോൺ, ദി ട്രെഷർ പ്രിൻസിപ്പിൾ

# ആഴ്ച 2: കർത്താവിന്റെ കാര്യസ്ഥർ

ദൈവമാണ് സകലതിന്റെയും കർത്താവെന്നകാര്യത്തിൽ നമുക്കു കൂടുതൽ ബോധ്യമുണ്ടായി, നാമും നമുക്കുള്ള സകലതും അടക്കം എല്ലാം കർത്താവിന്റേതാണ്. ദൈവം നമുക്കായി തന്നിരിക്കുന്ന ഉത്തരവാദത്തെക്കുറിച്ച് നമുക്കിനി ഈ ആഴ്ചയിൽ കൂടുതൽ പഠിക്കാം - കാര്യസ്ഥൻ എന്ന ഉത്തരവാദത്തെക്കുറിച്ച്.

*മനഃപാഠമാക്കാൻ:*
**മത്തായി 25:21**
യജമാനൻ ഉത്തരം പറഞ്ഞു: നല്ലവനും വിശ്വസ്തനുമായ ദാസാ, നീ നന്നായി ചെയ്തു. അല്പകാര്യത്തിൽ നീ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അധികം കാര്യങ്ങളുടെ ചുമതലയേല്പിക്കും. വന്നു നിന്റെ യജമാനന്റെ സന്തോഷത്തിൽ പങ്കാളിയാകുക.

## ദിനം 8: വിശ്വസ്തനായ ഭൃത്യൻ

**1 കൊരിന്ത്യർ 4:1-2, 7**
അതുകൊണ്ട് ക്രിസ്തുവിന്റെ ശുശ്രൂഷകരും ദൈവമർമ്മങ്ങളുടെ ഗൃഹവിചാരകരുമെന്ന് എല്ലാവരും ഞങ്ങളെ കരുതേണ്ടതാണ്. 2ഗൃഹവിചാരകരെപ്പറ്റിയുള്ള പ്രതീക്ഷ, അവർ വിശ്വസ്തരായിരിക്കണം എന്നതാണ്... 7നിങ്ങളെ മറ്റുവരിൽനിന്നു വ്യത്യസ്തരാക്കുന്നത് ആര്? ലഭിച്ചതല്ലാതെ നിങ്ങൾക്ക് എന്താണുള്ളത്? ലഭിച്ചതെങ്കിൽ, ലഭിച്ചതല്ല എന്ന ഭാവത്തിൽ പ്രശംസിക്കുന്നതെന്തിന്?

- ബൈബിളിൽ കാര്യസ്ഥസ്ഥാനത്തെ വ്യക്തമായി ഇപ്രകാരം നിർവ്വചിക്കുന്നു: ദൈവത്തിന്റെ മൂലധനങ്ങളെല്ലാം അവിടുത്തെ മഹത്വത്തിനായി അവിടുത്തെ ഇഷ്ടമനുസരിച്ച് വിനിയോഗിക്കണം.
- നിങ്ങൾ ഒരു ഭൃത്യനും കാര്യക്കാരനുമാണെന്നു പറയുമ്പോൾ നിങ്ങൾക്കുണ്ടാകുന്ന വികാരമെന്താണ്.

- **ഭരമേല്പിക്കുക** എന്നാൽ മറ്റൊരാളുടെ സംരക്ഷണത്തിൽ ഏല്പിക്കുക എന്നതാണ്. ദൈവം നമ്മിൽ ഭരമേൽപ്പിച്ചിരിക്കുന്ന അനേകകാര്യങ്ങളുണ്ട്. അവയുടെ ഒരു പട്ടികയുണ്ടാക്കുക. കുടുംബം, ബന്ധങ്ങൾ, സ്വത്തുവകകൾ, കഴിവുകൾ, അവസരങ്ങൾ, ജോലി, മറ്റുകാര്യങ്ങൾ

- **അവകാശിയാകുക** എന്നാൽ ഒരു സംഗതിയുടെ നന്മകൾ സ്വന്തമാക്കിവച്ച് അനുഭവിക്കാൻ ഒരാൾക്ക് പ്രത്യേകമായ അവകാശം സിദ്ധിച്ചിരിക്കുന്നു എന്ന ചിന്തയാണ്. ദൈവം നമുക്കു നല്കിയിരിക്കുന്ന കാര്യങ്ങളിൽ നാം സംതൃപ്തരല്ലെങ്കിൽ നമ്മിലെ ഈ വികാരമാണ് പുറത്തു കാണിക്കപ്പെടുന്നത്. വിശ്വസ്തരായ കാര്യസ്ഥരാകാൻ ഈ അവകാശിമനോഭാവം നമുക്കു തടസ്സമാകുമോ? എപ്രകാരമെല്ലാം?
- അവകാശിമനോഭാവമില്ലാതെ ദൈവം നമ്മെ ഭരമേല്പിച്ച കാര്യങ്ങൾ വിശ്വസ്തയുള്ള ഒരു കാര്യസ്ഥനെപ്പൊലെ കൈകാര്യം ചെയ്യാനുള്ള കൃപയ്ക്കുവേണ്ടി പ്രാർത്ഥിക്കുക.

## ദിനം 9: കാര്യസ്ഥനെസംബന്ധിച്ച ഉപമ

**മത്തായി 25:14-29**
ഒരു യാത്രയ്ക്കു പുറപ്പെടുമ്പോൾ വേലക്കാരെ വിളിച്ചു തന്റെ സമ്പത്ത് അവരെ ഏല്പിച്ച മനുഷ്യനോടു സദൃശമാണു സ്വർഗ്ഗരാജ്യം. 15അയാൾ ഓരോ വേലക്കാരനും അവന്റെ കഴിവനുസരിച്ച് - ഒരുത്തന് അഞ്ചു താലന്ത്, മറ്റൊരുത്തനു രണ്ടു താലന്ത്, വേറൊരുത്തന് ഒന്ന് എന്നിങ്ങനെ കൊടുത്തു. പിന്നെ അയാൾ യാത്രയായി. 16അഞ്ചു താലന്തു ലഭിച്ചവൻ ഉടനേപോയി അതുവിനിയോഗിച്ച് അഞ്ചു താലന്തു

കൂടി സമ്പാദിച്ചു. 17അങ്ങനെതന്നെ രണ്ടു താലന്തു ലഭിച്ചവനും ചെന്നു രണ്ടുകൂടി നേടി. 18എന്നാൽ ഒരു
താലന്തു കിട്ടിയവൻ അവിടെനിന്നു പോയി നിലത്ത് ഒരു കുഴികുഴിച്ച് യജമാനന്റെ പണം അതിൽ ഒളിച്ചു
വെച്ചു. 19ഏറെക്കാലത്തിനു ശേഷം ആ വേലക്കാരുടെ യജമാനൻ മടങ്ങിയെത്തി അവരുമായി കണക്കു
തീർത്തു. 20അഞ്ചു താലന്തു ലഭിച്ചവൻ വേറെ അഞ്ചുംകൂടി കൊണ്ടുവന്നു. യജമാനനേ, അങ്ങ് അഞ്ചു
താലന്താണല്ലോ എന്നെ ഏല്പിച്ചിരുന്നത്; ഇതാ ഞാൻ അഞ്ചുകൂടി നേടിയിരിക്കുന്നു എന്ന് അവൻ പറ
ഞ്ഞു. 21യജമാനൻ ഉത്തരം പറഞ്ഞു: നല്ലവനും വിശ്വസ്തനുമായ ദാസാ, നീ നന്നായി ചെയ്തു. അല്പ
കാര്യത്തിൽ നീ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അധികം കാര്യങ്ങളുടെ ചുമതലയേല്പിക്കും. വന്നു
നിന്റെ യജമാനന്റെ സന്തോഷത്തിൽ പങ്കാളിയാകുക. 22രണ്ടു താലന്തുകാരനും വന്നു. അവൻ പറഞ്ഞു:
യജമാനനേ അങ്ങു രണ്ടു താലന്താണല്ലോ എന്നെ ഏല്പിച്ചിരുന്നത്; ഇതാ ഞാൻ രണ്ടുകൂടി നേടിയിരി
ക്കുന്നു. 23യജമാനൻ ഉത്തരം പറഞ്ഞു: നല്ലവനും വിശ്വസ്തനുമായ ദാസാ, നീ നന്നായി ചെയ്തു.
അല്പകാര്യങ്ങളിൽ നീ വിശ്വസ്തനായിരുന്നു; ഞാൻ നിന്നെ അധികം കാര്യങ്ങളുടെ ചുമതലയേല്പി
ക്കും. വരൂ, നിന്റെ യജമാനന്റെ സന്തോഷത്തിൽ പങ്കാളിയാകുക. 24പിന്നെ ഒരു താലന്തു ലഭിച്ചിരുന്നവൻ
വന്നു. അവൻ പറഞ്ഞു: യജമാനനേ, അങ്ങു വിതയ്ക്കാത്തേടത്തുനിന്നു കൊയ്യുകയും വിതറാത്തേട
ത്തുനിന്നു ശേഖരിക്കുകയും ചെയ്യുന്ന കഠിനമനുഷ്യനെന്നു ഞാൻ മനസ്സിലാക്കി. 25അതുകൊണ്ടു ഞാൻ
ഭയപ്പെട്ട് അങ്ങയുടെ താലന്തു നിലത്ത് ഒളിപ്പിച്ചുവച്ചു. ഇതാ ഞാൻ അങ്ങയുടേതു കൊണ്ടുവന്നിരിക്കു
ന്നു. 26യജമാനൻ ഉത്തരം പറഞ്ഞു: ദുഷ്ടനും മടിയനുമായ ദാസാ, ഞാൻ വിതയ്ക്കാത്തേടത്തുനിന്നു
കൊയ്യുന്നുവെന്നും വിതറാത്തേടത്തുനിന്നു ശേഖരിക്കുന്നുവെന്നും നീ മനസ്സിലാക്കിയല്ലോ. 27അങ്ങനെ
യെങ്കിൽ എന്റെ പണം നീ പണമിടപാടുകാരുടെ പക്കൽ നിക്ഷേപിച്ചിരുന്നുവെങ്കിൽ മടങ്ങിവന്നപ്പോൾ
എനിക്ക് അതു പലിശയോടെ തിരിച്ചു വാങ്ങാൻ കഴിയുമായിരുന്നു. 28ആ താലന്ത് അവന്റെ പക്കൽ നിന്ന്
എടുത്തു പത്തു താലന്ത് ഉള്ളവനു കൊടുക്കുക. 29ഉള്ളവനു ഏവനും കൂടുതൽ നല്കപ്പെടും, അവന്
സമൃദ്ധി ഉണ്ടാകുകയും ചെയ്യും. ഇല്ലാത്തവനിൽ നിന്ന് ഉള്ളതുകൂടി എടുത്തു കളയും.

- ഈ ഉപമ നമുക്കും ബാധകമാണ്. ദൈവം യജമാനനും നാം അവന്റെ ദാസരുമാണ്. പത്തുവർഷത്തെ കാലയളവിൽ നാം പത്തു ലക്ഷം മുതൽ പത്തുകോടിവരെയുള്ള തുകകൾ കൈകാര്യം ചെയ്യുന്നുണ്ട്. ഈ തുകകൾ കയ്യിലൂടെ കടന്നുപോകുന്നവരായ നാം നമ്മെക്കുറിച്ച് എന്താണു വിചാരിക്കുന്നത്?
- ഓരോ ദാസനും വ്യത്യസ്തമായ മൂലധനമാണ് ദൈവം ഏല്പിച്ചത്. സ്വന്തമാണെന്നുള്ള/അവകാശിയാണെന്നുള്ള ഒരു തോന്നൽ നിങ്ങൾക്കു കിട്ടിയ കാര്യങ്ങളെ മറ്റുള്ളവരുടേതുമായി താരതമ്യം ചെയ്യാൻ ഏതൊക്കെ തരത്തിൽ പ്രലോഭിപ്പിക്കും?
- മടിനും അവിശ്വസ്തനുമായ ഭൃത്യൻ തന്റെ നിഷ്ക്രിയാവസ്ഥയ്ക്ക് എപ്രകാരം വിശദീകരണം കണ്ടെത്തി?
- ദൈവത്തെ നിങ്ങൾ എപ്രകാരം വിവരിക്കും (വാ 21)? വിശ്വസ്തതയോടെയുള്ള ദാസ്യത്വത്തിന് ദൈവം എപ്രകാരം പ്രതിഫലം നല്കും.

- മത്തായി 25:21 മനപാഠമാക്കിയോ?

# ദിനം 10: എന്റെ കാര്യസ്ഥവ്യക്തിത്വം

കാര്യസ്ഥപദവിയുടെ കാര്യത്തിൽ രണ്ടു തരത്തിലുള്ള വ്യക്തിത്വമുണ്ട്; 1. പിടിച്ചുവയ്ക്കുന്ന തരത്തിലുള്ളയാൾ, 2. കൊടുക്കുന്ന തരത്തിലുള്ളയാൾ. നിങ്ങൾ ഏതുകൂട്ടത്തിൽ പെട്ടയാളാണ്?

**പിടിച്ചു വയ്ക്കുന്നതരത്തിലുള്ള വ്യക്തിത്വം:** ഉപയോഗിക്കുന്നതിലും ചിലവിടുന്നതിലും ചിന്തയോടെ പ്രവർത്തിക്കുന്നയാൾ. ശ്രദ്ധയോടെ സൂക്ഷിക്കുകയും കരുതിവയ്ക്കുകയും ചെയ്യുന്നു, പാഴാക്കി കളയുന്നില്ല.

**സദൃശവാക്യങ്ങൾ 14:23** കഠിനാധ്വാനത്തിനെല്ലാം ഫലമുണ്ട്. വ്യർത്ഥഭാഷണമോ ദാരിദ്ര്യത്തിലേക്കേ നയിക്കൂ.

**സദൃശവാക്യങ്ങൾ 21:17** ഉല്ലാസപ്രിയൻ ദരിദ്രനാകും; വീഞ്ഞും തൈലവും കൊതിക്കുന്നവൻ ധനവാനാകുകയില്ല.

**സദൃശവാക്യങ്ങൾ 21:20** ബുദ്ധിമാന്റെ ഭവനത്തിൽ വിലയേറിയ നിക്ഷേപവും തൈലവും ഉണ്ട്; മൂഢനോ തനിക്കുള്ളതു നാനാവിധമാക്കുന്നു.

**സദൃശവാക്യങ്ങൾ 31:13** അവൾ ആട്ടുരോമവും ചണവും സമ്പാദിച്ച് സന്തോഷത്തോടെ തന്റെ കൈകൊണ്ടു വേല ചെയ്യുന്നു.

**സദൃശവാക്യങ്ങൾ 31:17** അവൾ തന്റെ വേലയ്ക്കായി അരമുറുക്കുന്നു; അദ്ധ്വാനത്തിന് അവളുടെ കരങ്ങൾ ശക്തം.

- പിടിച്ചുവയ്ക്കുന്ന തരത്തിലുള്ളവരെക്കുറിച്ചു പ്രതിപാദിക്കുന്ന വചനങ്ങളെക്കുറിച്ച് നിങ്ങൾക്കെന്തു തോന്നുന്നു?

**കൈ അയച്ചു നല്കുന്നവർ:** വിശാലമനസ്സോടെ മറ്റുള്ളവരുമായി പങ്കുവയ്ക്കുകയും നല്കുകയും ചെയ്യുന്നതരത്തിലുള്ളവർ, സ്വാർത്ഥയില്ലാത്തവർ.

**സങ്കീർത്തനം 112:5** ഔദാര്യത്തോടെ വായ്പകൊടുക്കുകയും നീതിയോടെ കാര്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുന്നവന് നന്മയുണ്ടാകും.

**സദൃശവാക്യങ്ങൾ 11:25** ഉദാരശീലന് ഐശ്വര്യമുണ്ടാകും, വെള്ളം ഒഴിച്ചുകൊടുക്കുന്നവനു വെള്ളം കിട്ടും.

**സദൃശവാക്യങ്ങൾ 31:20** അവൾ ദരിദ്രർക്കായി തന്റെ കൈതുറക്കുന്നു. ആവശ്യത്തിലിരിക്കുന്നവർക്കുനേരേ അവളുടെ കൈ നീളുന്നു.

- ഈ വചനങ്ങളിൽനിന്നും നിങ്ങൾക്കു എടുക്കാൻ കഴിഞ്ഞത് എന്താണ്?

## നിങ്ങളെസംബന്ധിച്ചു ശരിയായത് അടയാളപ്പെടുത്തുക:

1. പണം ശരിയായ വിധത്തിൽ കൈകാര്യം ചെയ്യാനായി, ഞാൻ:
    1. ഒരു വിനിമയപദ്ധതിയുണ്ടാക്കി അതനുസരിച്ചു ചിലവഴിക്കും,
    2. പണത്തെക്കുറിച്ച് വളരെ ശ്രദ്ധാലുവാണ്,
    3. പണത്തെ ആസ്വദിക്കുന്നതിൽ ശ്രദ്ധചെലുത്തും,
    4. ഇപ്പോൾ ശരിയെന്നു തോന്നുന്നതു ചെയ്യും, പിന്നീടത്തേതിനെക്കുറിച്ച് ആകുലപ്പെടാറില്ല.
2. പുറത്തുപോയി ഭക്ഷണം കഴിക്കുന്ന സമയത്ത്, ഞാൻ:
    1. പിടിച്ചു ചിലവാക്കാൻ നോക്കും,
    2. ഭക്ഷണശാലയിൽ പ്രവേശിക്കന്നതിനുമുമ്പ് വിലനിലവാരം പരിശോധിക്കും,
    3. എനിക്കിഷ്ടമുള്ളതു നോക്കി കഴിക്കും, വില നോക്കാതെ,
    4. ഭക്ഷണം ആസ്വദിച്ചു കഴിക്കും, ബാക്കിവരുന്നത് വീട്ടിലേക്കു പൊതിഞ്ഞുകൊണ്ടുപോകും.
3. സാധനങ്ങൾ ഞാൻ വാങ്ങിക്കുന്നത്:
    1. ഒരു പട്ടികയുണ്ടാക്കി അതിനനുസരിച്ച് വാങ്ങിക്കും,
    2. അത്യാവശ്യകാര്യങ്ങൾമാത്രം വാങ്ങിക്കും,
    3. പട്ടികയൊന്നും ഉണ്ടാക്കാറില്ല, തോന്നലനുസരിച്ചു വാങ്ങിക്കും,
    4. ഒരു കാര്യം കണ്ട് ഇഷ്ടപ്പെട്ടാൽ അതുവാങ്ങിക്കും.
4. പണം കൈകാര്യം ചെയ്യുന്നതിനെക്കുറിച്ച് ഞാൻ ഏറ്റവും കൂടുതൽ മൂല്യം നല്കുന്നത്:
    1. സൂക്ഷിച്ചുവയ്ക്കുന്നതിനും, നിക്ഷേപിക്കുന്നതിനും,
    2. കഷ്ടകാലത്തേക്കുവേണ്ടി എത്രമാത്രം കരുതിയിട്ടുണ്ട് എന്നതിന്,
    3. കുടുംബത്തിനുവേണ്ടി കരുതിവയ്ക്കുന്നതിന്,
    4. ദൈവത്തിനും മറ്റുള്ളവർക്കും കൂടി ചിലവഴിക്കുന്നതിൽ.

- നിങ്ങൾ അടയാളപ്പെടുത്തിയതു നോക്കിയപ്പോൾ നിങ്ങളെക്കുറിച്ചു മനസ്സിലാക്കുന്നതെന്താണ്?
- (1, 2 എന്നിവയാണ് അടയാളപ്പെടുത്തിയതെങ്കിൽ പിടിച്ചു വച്ചു ചിലവഴിക്കുന്നയാൾ. 3, 4 എന്നിവയാണ് അടയാളപ്പെടുത്തിയതെങ്കിൽ കയ്യയച്ചു ചിലവഴിക്കുന്നയാൾ).

- ഒരു കാര്യസ്ഥനെന്ന നിലയ്ക്ക് നിങ്ങളുടെ ബലമേറിയ വശങ്ങൾ എന്തൊക്കെയാണ്?

- ഒരു കാര്യസ്ഥനെന്ന നിലയ്ക്ക് നിങ്ങളുടെ ബലക്ഷയമുള്ള വശങ്ങൾ എന്തൊക്കെയാണ്?

- നിങ്ങളുടെ ഈ ബലഹീനതകളെ സാത്താൻ എപ്രകാരം മുതലെടുക്കാൻ സാദ്ധ്യതയുണ്ട്?

- ദൈവരാജ്യത്തിന്റെ മഹത്വത്തിനുവേണ്ടി നിങ്ങളുടെ ശക്തികളെ എപ്രകാരം ഉപയോഗിക്കാം?

**സദൃശവാക്യങ്ങൾ 23:4-5**
ധനവാനാകാൻ പണിപ്പെടരുത്, ബുദ്ധിയോടെ അതിൽനിന്നു പിന്തിരിയുക. 5ധനത്തിൽ ദൃഷ്ടി പതിക്കുന്നതെന്തിന്? അതു പൊയ്പ്പോകുമല്ലോ; കഴുകൻ ആകാശത്തേയ്ക്കെന്നപോലെ അതു ചിറകുവച്ചു പറന്നുപോകും.

# ദിനം 11: കാര്യസ്ഥത്വത്തെ സംബന്ധിച്ച ഉദാഹരണങ്ങൾ: പഴയനിയമത്തിൽ നിന്ന്

കാര്യസ്ഥർ എന്ന നിലയ്ക്ക്, നമുക്കു ലഭിച്ചിട്ടുള്ള വരങ്ങൾ മറ്റുള്ളവരുടെ ശുശ്രൂഷയ്ക്കായി വിനിയോഗിക്കേണ്ടതാണ് (1 പത്രോസ് 4:10). നമ്മിൽ പിടിച്ചുവച്ചു ചിലവഴിക്കുന്ന തരത്തിലുള്ള ആളുകൾക്ക് കൈഅയച്ചു ചിലവഴിക്കുന്ന തരത്തിലുള്ളവരെ കാണുമ്പോൾ ഒരു വെല്ലുവിളിയായി തോന്നുമായിരിക്കും. എന്നാൽ മികച്ച രീതിയിലുള്ള കാര്യസ്ഥരാകുന്നതിനെക്കുറിച്ചുള്ള വചനങ്ങൾ വായിക്കുമ്പോൾ നീതീകരിക്കപ്പെട്ടതായും തോന്നും. കൈയയച്ചുനല്കുന്ന തരത്തിലുള്ളവർക്കാകട്ടെ, ശ്രദ്ധയോടെ ചിലവഴിക്കുന്നതിനെക്കുറിച്ചു പ്രതിപാദിക്കുന്ന വചനങ്ങൾ കാണുമ്പോൾ വെല്ലുവിളിയും ഉദാരമനസ്സോടെ ചിലവഴിക്കുന്നവരെക്കുറിച്ചു പ്രതിപാദിക്കുന്ന വചനങ്ങൾ വായിക്കുമ്പോൾ നീതീകരണവും തോന്നും. നമ്മുടെ കാര്യസ്ഥവ്യക്തിത്വത്തെക്കുറിച്ചു നാം വ്യക്തമായി മനസ്സിലാക്കുമ്പോൾ, ഉത്തരവാദിത്വത്തോടെ ചിലവഴിക്കുന്ന കാര്യസ്ഥതയും ഉദാരമനസ്സോടെ നല്കുന്ന കാര്യസ്ഥതയും തമ്മിൽ ശരിയായവിധത്തിൽ ഒരു തുലനം നിലനിറുത്താൻ നമുക്കു കഴിയും. മഹത്തായ രീതിയിലുള്ള കാര്യസ്ഥന്മാരാകാനായി താഴെനല്കിയിരിക്കുന്ന ഉദാഹരണങ്ങൽ പരിഗണിക്കുക.

**1. വീട് (ഉല്പത്തി 12:1-9)**
തന്റെ വീടും പരിസരവും ഉപേക്ഷിച്ചിട്ട് മുന്നോട്ടുപോകാനായി ദൈവം അബ്രാഹാമിനെ വിളിച്ചു. ചിന്തയോടെ ചിലവഴിക്കുന്ന കാര്യസ്ഥനോ കൈയയച്ചു ചിലവഴിക്കുന്ന കാര്യസ്ഥനോ ആകാതെ, എവിടെയായിരുന്നാലും ദൈവത്തിൽ ആശ്രയിച്ചു ജീവിക്കാനായി ഈ ഉദാഹരണം നമ്മെ എത്രമാത്രം സഹായിക്കുന്നുണ്ട്?

**2. കുടുംബം (ഉല്പത്തി 22:1-18)**
തന്റെ മകനെ ബലിനല്കാനുള്ള വിളിയാണ് അബ്രാഹാമിനു ഇവിടെ നേരിടേണ്ടിവന്നത്. ചിന്തയോടെ ചിലവഴിക്കുന്ന കാര്യസ്ഥനോ കൈയയച്ചു ചിലവഴിക്കുന്ന കാര്യസ്ഥനോ ആകാതെ, നമ്മുടെ കുടുബത്തെ ദൈവത്തിൽ ഭരമേല്പിച്ചു ജീവിക്കാനായി ഈ ഉദാഹരണം നമ്മെ എത്രമാത്രം സഹായിക്കുന്നുണ്ട്?

**3. ജോലി (ദാനിയേൽ 6:1-28)**
തന്റെ ജോലിയെ ത്യജിക്കാനായി ദാനിയേൽ കാണിച്ച ഹൃദയം. ചിന്തയോടെ ചിലവഴിക്കുന്ന കാര്യസ്ഥനോ കൈയയച്ചു ചിലവഴിക്കുന്ന കാര്യസ്ഥനോ ആകാതെ, നമ്മുടെ അതിജീവനം ദൈവത്തിൽ സമർപ്പിച്ചു ജീവിക്കാനായി ഈ ഉദാഹരണം നമ്മെ എത്രമാത്രം സഹായിക്കുന്നുണ്ട്?

**4. സ്ഥാനമാനങ്ങൾ (1 രാജാക്കന്മാർ 11)**
തനിക്കു ലഭിച്ച അധികാരവും സ്ഥാനമാനവും ദുരുപയോഗം ചെയ്ത ശലമോനെ നമുക്കിവിടെ കാണാം. അധികാരദുർവിനിയോഗത്താൽ അദ്ദേഹം അനേകം സ്ത്രീകളെ വിവാഹം ചെയ്തു, അത്യധികമായി സമ്പത്തു നേടി. ഇത്തരത്തിലുള്ള ഒരു കാര്യസ്ഥന്റെ ജീവിതത്തിൽനിന്നും നമുക്കു പഠിക്കാൻ കഴിയുന്ന കാര്യങ്ങൾ എന്തൊക്കെയാണ്?

വിശകലനം: ദൈവം തന്ന വകകളുടെ വിനിയോഗത്തിൽ നിങ്ങളുടെ കാര്യസ്ഥഭാഗത്തെക്കുറിച്ച് ഈ വേദഭാഗങ്ങൾ നല്കുന്ന പാഠങ്ങൾ എന്തൊക്കെയാണ്?

# ദിനം 12: കാര്യസ്ഥത്വത്തെ സംബന്ധിച്ച ഉദാഹരണങ്ങൾ: പുതിയനിയമത്തിൽ നിന്ന്

പുതിയനിയമത്തിലേക്കു നാം നോക്കുമ്പോൾ കൂടുതൽ ഉയർന്ന നിലയിലുള്ള ഒരു കീഴടങ്ങലിലേക്ക് യേശു നമ്മെ വിളിക്കുന്നതിന്റെ ഉദാഹരണങ്ങൾ നിരവധിയാണ്. യേശു നമ്മുടെ കർത്താവാണ്, അതായത് യജമാനൻ. ഇനിമേൽ നമ്മുടെ ജീവിതം നമുക്ക് അവകാശപ്പെട്ടതല്ല. താഴെക്കാണുന്ന ഉദാഹരണങ്ങൾ പരിഗണിക്കുക. പിടിച്ചുവച്ചു ചിലവഴിക്കുന്നവനെന്ന രീതിയിലും കൈഅയച്ചു ചിലവഴിക്കുന്നവനെന്ന രീതിയിലും നമുക്കു പഠിക്കാൻ കഴിയുന്ന കാര്യങ്ങൾ കുറിച്ചെടുക്കുക.

**1. ജോലി (മത്തായി 4:18–22)**

അപ്പസ്തോലന്മാർ തങ്ങളുടെ ജീവനവൃത്തി ഉപേക്ഷിച്ചവരാണ് - മത്സ്യബന്ധനവും, ചുങ്കപിരിവുസ്ഥാനവും, പരീശനെന്ന സ്ഥാനവും (പൗലോസ്) എല്ലാം. നമ്മുടെ അതിജീവനത്തിനുള്ളമാർഗ്ഗം ഉപേക്ഷിക്കണമെന്ന് ഇതിന് അർത്ഥമില്ല, പകരം നമ്മുടെ ജോലിയും മറ്റും ദൈവത്തിനായി ഏല്പിച്ചു കൊടുക്കുകയാണുവേണ്ടത്.

**2. ബന്ധങ്ങൾ (യോഹന്നാൻ 15:18–25)**

നമ്മുടെ സുഹൃത്തുക്കളെ നമുക്കു നഷ്ടമാകുമെന്നും, സകലമനുഷ്യരും നമ്മെ വെറുക്കുമെന്നും യേശു മുന്നറിയിപ്പു തരുന്നു. അവർ നമ്മെക്കുറിച്ചു മതിപ്പോടെ സംസാരിക്കുകയാണെങ്കിൽ നാം യേശുവിന്റെ ശിഷ്യന്മാരല്ല. നമുക്കുള്ള ബന്ധങ്ങളെല്ലാം ദൈവത്തിന്റേതാണ്.

**3. സ്വന്തമായ വകകൾ (അപ്പ 4:32–37)**

ആത്മീയ കുടുംബത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാനായി ആദ്യകാലശിഷ്യന്മാർ തങ്ങളുടെ വസ്തുവകകളും മറ്റും വിറ്റുപേക്ഷിച്ചു. അവരുടെ കൂട്ടത്തിന്റെയും വസ്തുവകകളുടെയും എണ്ണം നൂറുകണക്കിനായിരുന്നു ആ സമയത്ത്.

**4. ഭാവി (യാക്കോബ് 4:13–17)**

തങ്ങളുടെ ഭാവിയെക്കുറിച്ചുള്ള പദ്ധതികൾ മെനയുന്ന വിശ്വാസികളോട് യാക്കോബു ചോദിക്കുന്ന ചോദ്യമിതാണ് - അതു ദൈവഹിതമാണോ? തങ്ങളുടെ ഭാവിപദ്ധതികൾ ദൈവത്തിൽ സമർപ്പിക്കാനും പിന്നീട് അവരോട് ആവശ്യപ്പെടുന്നു.

**5. സകലതും (ലൂക്കോസ് 14:33)**

സകലും ഉപേക്ഷിക്കാതെ ഒരുവന് യേശുവിന്റെ ശിഷ്യനാകാൻ സാദ്ധ്യമല്ല.

പ്രതിഫലം:

മത്തായി 19:29

എനിക്കുവേണ്ടി വീടുകളോ സഹോദരന്മാരെയോ സഹോദരിമാരെയോ പിതാവിനെയോ മാതാവിനെയോ മക്കളെയോ നിലങ്ങളോ വിട്ടുകളഞ്ഞിട്ടുള്ള ഓരോ വ്യക്തിക്കും താൻ ത്യജിച്ചതിന്റെ നൂറുമടങ്ങു ലഭിക്കും; അയാൾ നിത്യജീവന് അവകാശിയായിത്തീരുകയും ചെയ്യും.

വിശകലനം: ദൈവത്തിന്റെ വകകൾ കൈകാര്യം ചെയ്യാൻ ഏല്പിക്കപ്പെട്ട കാര്യസ്ഥരെന്ന നിലയിൽ ഈ വേദഭാഗങ്ങൾ നമ്മെ പഠിപ്പിക്കുന്നത് എന്തൊക്കെയാണ്?

# ദിനം 13: കാര്യസ്ഥസ്ഥാനത്തിലെ വെല്ലുവിളികൾ

ദൈവത്തിന്റെ പദ്ധതികളെക്കുറിച്ചു നന്നായി അറിയുന്ന സാത്താൻ, മനസ്സിന്റെ പുതുക്കത്തിലൂടെ നമ്മൾ രൂപാന്തരപ്പെടാതെ, ഈ ലോകത്തിന് അനുരൂപരാകാനായി നമ്മെ നിരന്തരം പ്രലോഭിപ്പിക്കുന്നു (റോമർ 12:2). സാത്താന്റെ ദുഷ്ടതന്ത്രങ്ങൾ നാം അറിയാത്തവരാകാതിരിക്കാനായി നാം പ്രാർത്ഥിക്കേണ്ടതുണ്ട് (2 കൊരിന്ത്യർ 2:11), നമ്മുടെ പ്രലോഭനങ്ങളെ നാം ധൈര്യത്തോടെ നേരിടേണ്ടതുമുണ്ട്. ചിന്തയോടെ ചിലവഴിക്കുന്ന കാര്യസ്ഥർക്കും കൈഅയച്ചു ചിലവഴിക്കുന്ന കാര്യസ്ഥർക്കും തിരിച്ചറിയാൻവേണ്ടി ചില വെല്ലുവിളികൾ ഈ വചനങ്ങൾ മുന്നോട്ടുവയ്ക്കുന്നു.

## 1. ആകുലത

### മത്തായി 6:25

അതുകൊണ്ട് ഞാൻ നിങ്ങളോടു പറയുന്നു: എന്തു തിന്നും, എന്തു കുടിക്കും എന്നു ജീവിതത്തെക്കുറിച്ചും, എന്നു എന്ത് ഉടുക്കും എന്നു ശരീരത്തെക്കുറിച്ചും നിങ്ങൾവ്യാകുലപ്പെടരുത്. ആഹാരത്തെക്കാൾ ജീവിതവും വസ്ത്രത്തെക്കാൾ ശരീരവും പ്രധാനമാണല്ലോ.

- വ്യാകുലപ്പെടുമ്പോൾ, നാം കൂടുതൽ ഉത്കണ്ഠപ്പെടുകയാണു ചെയ്യുന്നത്, ദൈവത്തിൽ ആശ്രയിക്കുന്നതിനു പകരം. ദൈവം ശരിക്കും കരുതുന്നുണ്ടോ, നമ്മുടെ സകല ആവശ്യങ്ങൾക്കുമായി നല്കുന്നുണ്ടോ, നമ്മുടെ ഭാവിടെ അവൻ ഭദ്രമാക്കുമോ എന്ന ചോദ്യങ്ങൾ ആ സമയം നമ്മിൽ ശക്തിപ്പെടുന്നു. ആശ്രയിക്കുന്നതിനുവേണ്ടി, നമുക്ക് ശരിയായ കാഴ്ചപ്പാടും, കീഴ്പെടലും, തീരുമാനവും വേണ്ടതുണ്ട്.
- ദൈവീകമായ ഒരു കാഴ്ചപ്പാടിനുവേണ്ടിയും, ശിഷ്യനു തക്കരീതിയിലുള്ള ഒരു കീഴ്പെടലിനവേണ്ടിയും, ദൈവത്തിൽ ആശ്രയമുറപ്പിക്കുന്നതിനുവേണ്ടിയും പ്രാർത്ഥിക്കുക.

## 2. പ്രാധാന്യമനുസരിച്ചുള്ള സ്ഥാനക്രമങ്ങൾ

### മത്തായി 6:33

മുമ്പേ അവിടുത്തെ രാജ്യവും നീതിയും അന്വേഷിക്കുവിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു നല്കപ്പെടും.

- ചിന്തയോടെ ചിലവഴിക്കുന്നവർ തങ്ങളുടെ ഉത്തരവാദിത്വങ്ങൾക്ക് അമിതമായ സ്ഥാനക്രമം നല്കുവാനുള്ള പ്രലോഭനമുള്ളവരാകാൻ സാദ്ധ്യതയുണ്ട്, കയ്യയച്ചു നല്കുന്നവർക്ക് നല്കുന്നതിന് അമിതപ്രാധാന്യം നല്കുവാനും. ഉത്തരവാദിത്വവും വിശാലമനസ്കതയും ഒരു തുലനത്തോടെ കൊണ്ടുപോവുക എന്നതാണ് ആദ്യം അവിടുത്തെ രാജ്യവും നീതിയും അന്വേഷിക്കുക എന്നു പറയുമ്പോൾ നാം മനസ്സിലാക്കേണ്ടത്. ദൈവം തന്ന വകകൾ ദൈവത്തിന്റെ വഴിയിൽ ദൈവത്തിന്റെ മഹത്വത്തിനായി നാം ഉപയോഗിക്കണം.
- ദൈവഹിതമനുസരിച്ചുള്ള പ്രാധാന്യക്രമത്തിൽ കാര്യങ്ങൾ ചെയ്യാനുള്ള ഒരു ഹൃദയം ഉണ്ടാകുവാനായി പ്രാർത്ഥിക്കുക, നമ്മുടെ തോന്നലുകൾക്കനുസരിച്ചു പോകാതെ.

## 3. പരിശ്രമശീലം

### സദൃശവാക്യങ്ങൾ 13:4

മടിയൻ കൊതിക്കുന്നു, ഒന്നും നേടുന്നില്ല; ഉത്സാഹിയുടെ പ്രാണനോ സമൃദ്ധിയുണ്ടാകും.

### സദൃശവാക്യങ്ങൾ 10:4

മടിയുള്ള കൈകൊണ്ടു പ്രവർത്തിക്കുന്നവൻ ദരിദ്രനായിത്തീരും; ഉത്സാഹിയുടെ കൈകളോ സമ്പത്ത് ഉണ്ടാക്കും.

- കഠിനാധ്വാനം ചെയ്യാനും പരിശ്രമിക്കാനുമുള്ള ഒരു മനോഭാവം ചിലരിൽ പ്രകൃത്യാ ഉണ്ടെന്നിരിക്കിലും, ചിലമേഖലകളിൽ നാം കഠിനാധ്വാനികളും മറ്റുചിലവയിൽ നാം അലസരുമാണ് എന്നതാണ് വാസ്തവം.
- ഇടുങ്ങിയവാതിലിലൂടെ പ്രവേശിക്കാനായി സകലരീതിയിലും പരിശ്രമിക്കാനാണ് യേശു നമ്മെ വെല്ലുവിളിക്കുന്നത്, എളുപ്പവഴി തേടാനല്ല. രക്ഷയെ പ്രാവർത്തികമാക്കാൻ നാം കഠിനാധ്വാനം ചെയ്യണമെന്നത് (ഫിലിപ്യർ 2:12) ശിഷ്യനെന്ന നിലയിൽ നാം മനസ്സിലാക്കുന്ന ഒരു കാര്യവുമാണ്, നമ്മുടെ പ്രവർത്തികൾ നമുക്കുള്ള വിശ്വാസത്തിന്റെ പ്രകടനമാണെന്നും (യാക്കോബ് 2:14) നമുക്കറിയാം.
- നിങ്ങൾക്കു ലഭ്യമായ സ്രോതസ്സുകളെ ശരിയായ രീതിയിൽ ഉപയോഗിക്കാൻ കഠിനാധ്വാനം ചെയ്യാനുള്ള ഒരു ഹൃദയത്തിനായി പ്രാർത്ഥിക്കുക, മാറ്റം വരുത്തുന്നതിൽ തടസ്സമായി നില്ക്കുന്ന എന്തെങ്കിലും അലസതയുണ്ടെങ്കിൽ അതു മാറുവാനുമായി.
- കേടുപാടു വരുത്തുന്ന രീതിയിൽ എന്തെങ്കിലും അലസത നിങ്ങളുടെ ജീവിതത്തിലുണ്ടെങ്കിൽ അതേക്കുറിച്ചു നിങ്ങളെ വഴിനടത്തുന്നവരുമായി സംസാരിക്കുക, ദൈവം നല്കിയ സ്രോതസ്സുകൾ ശരിയായ വിധത്തിൽ ഉപയോഗിക്കുന്ന ഒരു കാര്യസ്ഥനാകാനായി ഹൃദയം ശുദ്ധമാക്കുക.

### 4. തീരുമാനങ്ങൾ

**യോശുവ 24:15**
എന്നാൽ യഹോവയെ സേവിക്കുന്നത് അഭിലഷണീയമല്ലെന്നു തോന്നുന്നുവെങ്കിൽ, ഇന്നുതന്നെ നിങ്ങൾ ആരെ സേവിക്കുമെന്ന് - നിങ്ങളുടെ പിതാക്കന്മാർ നദിക്കക്കരെ സേവിച്ച ദേവന്മാരെയോ, അഥവാ നിങ്ങൾ താമസിക്കുന്ന ദേശത്തെ അമോര്യരുടെ ദേവന്മാരെയോ എന്നുതന്നെ - തെരഞ്ഞെടുത്തു കൊൾവിൻ. ഞാനും എന്റെ കുടുംബവുമോ, ഞങ്ങൾ യഹോവയെ സേവിക്കും.

- ആരെ തങ്ങൾ സേവിക്കുമെന്ന കാര്യത്തിൽ ഇന്നുതന്നെ ഒരു തീരുമാനമെടുക്കാൻ യോശുവ കല്പിക്കുന്നു. തീരുമാനങ്ങളെടുക്കാതെ സ്വഭാവരൂപീകരണം സാദ്ധ്യമല്ല. കാര്യസ്ഥത്വത്തിൽ നിങ്ങൾ നേരിടുന്ന വെല്ലുവിളികൾ മറികടക്കാൻ നിങ്ങളെ സഹായിക്കുന്ന തീരുമാനങ്ങൾ താഴെ എഴുതുക.

തീരുമാനം 1:

തീരുമാനം 2:

തീരുമാനം 3:

# ദിനം 14: ദൈവത്തിനു പ്രസാദകരമായത്

മികച്ച ചിത്രത്തിനുള്ള ഓസ്കർ കരസ്ഥമാക്കിയ ചാരിയട്സ് ഓഫ് ഫയർ എന്ന ചിത്രത്തിലെ നായകന്റെ വാക്കുകൾ വിശ്വപ്രസിദ്ധമാണ് – ഞാൻ ഓടുമ്പോൾ, ദൈവം ആനന്ദിക്കുന്നു. ദൈവം നല്കിയിട്ടുള്ള താലന്തുകൾ നാം ശരിയായവിധത്തിൽ വിനിയോഗിക്കുമ്പോൾ, നാം നല്കുന്നവരും, ദൈവത്തിന്റെ ആനന്ദം അനുഭവിക്കുന്നവരുമായിത്തീരും. നല്കുന്നതിലുള്ള നമ്മുടെ സ്വാഭാവസവിശേഷതകൾ പരിശോധിക്കുന്നതിനായി താഴെ കൊടുത്തിരിക്കുന്ന വചനങ്ങൾ പരിശോധിക്കുക.

### 1. ദൈവത്തിന്റെ ആനന്ദം

**യോഹന്നാൻ 3:16**
തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന എവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കുവാൻ തക്കവണ്ണം അത്രമാത്രം ലോകത്തെ സ്നേഹിച്ചു.

**- പ്രതീക്ഷയോടും മനസ്സോടും സന്തോഷത്തോടും കൂടി ദൈവം തന്റെ ഏകജാതനെ നല്കി.**

### 2. യേശുവിന്റെ ആനന്ദം

**എബ്രായർ 12:2**
വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കാം. അവിടുന്ന്, തന്റെ മുമ്പിൽ വച്ചിരുന്ന സന്തോഷം ഓർത്ത് അപമാനം അവഗണിച്ച് ക്രൂശിനെ സഹിക്കുകയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുകയും ചെയ്തു.

**- തന്റെ മുന്നിൽ വച്ച ആനന്ദത്താൽ അവൻ ക്രൂശിനെ അതിജീവിച്ചു.**

**ലൂക്കോസ് 9:57-58**
അവർ വഴി നടന്നുപോകുമ്പോൾ ഒരു മനുഷ്യൻ അദ്ദേഹത്തോട്: അങ്ങ് എവിടെപ്പോയാലും ഞാൻ അങ്ങയെ അനുഗമിക്കാം എന്നു പറഞ്ഞു. അതിന് യേശു, കുറുനരികൾക്കു മാളങ്ങളും ആകാശത്തിലെ പക്ഷികൾക്കു കൂടുകളും ഉണ്ട്; മനുഷ്യപുത്രനോ തലചായ്ക്കാൻ ഇടമില്ല എന്നു ഉത്തരം പറഞ്ഞു.

**- നമുക്കു വളരെ വെല്ലുവിളി ഉയർത്തുന്ന ഒരു ജീവിതശൈലിയായിരുന്നു യേശുവിന്റേത്, സ്വർഗ്ഗത്തിൽ തുടരാൻ മുതിരാതെ ഇവിടേക്കു വരുവാൻ ഒരുക്കമായതുപോലും.**

### 3. നമ്മുടെ ആനന്ദം

**അപ്പ 20:35**
ഇങ്ങനെയുള്ള കഠിനാധ്വാനം കൊണ്ടു നാം ബലഹീനരെ സഹായിക്കണമെന്നു ഞാൻ എന്റെ എല്ലാ പ്രവൃത്തികളിലൂടെയും നിങ്ങൾക്കു മാതൃക കാണിച്ചു തന്നിരിക്കുന്നു. വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതു ഭാഗ്യം എന്നുള്ള കർത്താവായ യേശുവിന്റെ വാക്കുകൾ ഓർത്തു കൊൾക.

- ഭാഗ്യവാൻ എന്നാൽ അത്യധികമായി സന്തോഷിക്കുന്നവൻ എന്നാണ് അർത്ഥം.

**2 കൊരിന്ത്യർ 9:7**
ഓരോരുത്തരും ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ കൊടുക്കട്ടെ. വൈമനസ്യത്തോടെ അരുത്, നിർബ്ബന്ധത്താലുമരുത്. കാരണം, സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു.

- നല്കുകയെന്നത് നമ്മുടെ ആന്ദമാണ്.
- നല്കുന്നതിനെക്കുറിച്ച് ദൈവത്തിനുള്ള ആനന്ദം നിങ്ങൾ എത്രത്തോളം മനസ്സിലാക്കുന്നു?

അനുബന്ധം:
- നിങ്ങളുടെ വരവുചിലവു കാര്യങ്ങളെക്കുറിച്ച് ഒരു രൂപരേഖ തയ്യാറാക്കുക.
- എന്റെ പണം എവിടെപ്പോയി എന്ന ചിന്താകുലത്തിൽ അകപ്പെടുന്നതിനു പകരം, എവിടെപ്പോകണമെന്നു നിങ്ങളുടെ പണത്തോടു പറയുന്നതാണ് രുപരേഖ/ബജറ്റ്.

- ഇരുപതിനായിരം രൂപ മാസ വരുമാനമുള്ള ഒരാളുടെ കയ്യിലൂടെ പത്തുവർഷംകൊണ്ട് കടന്നുപോകുന്നത് ഇരുപത്തിനാലു ലക്ഷം രൂപയോളമാണ്.
- ഒരു ബജറ്റുണ്ടാക്കിയാൽ നിങ്ങളുടെ കയ്യിൽവരുന്നതും ചിലവഴിക്കുന്നതുമായ ഓരോ രൂപയും തുലനത്തോടെ ചിലവഴിക്കാനാകും. വരുമാനം - ചിലവ് = പൂജ്യം.
- എല്ലാമാസവും നിങ്ങളുടെ വരവുചിലവിനെ തുലനത്തിൽ നിർത്തുകയെന്നതാണ് വെല്ലുവിളി.
- നിങ്ങൾക്കു സഹായം വേണമെങ്കിൽ നിങ്ങളെ വഴിനടത്തുന്നവരുമായി സംസാരിച്ച് ഒരു ബജറ്റ് പ്ലാനർ സംഘടിപ്പിക്കുക. അതിൽ നിങ്ങളുടെ വരവുചിലവുകൾ എല്ലാമാസവും എഴുതിച്ചേർക്കുക. (ദശാംശവും, വീട്ടുവാടകയും, സ്കൂൾ-വെള്ളം-കരണ്ട്-ഗ്യാസ്-പെട്രോൾ ചിലവുകളും, യാത്രചിലവും, നിത്യോപയോഗസാധനങ്ങളും, വസ്ത്രങ്ങളും, ഭക്ഷണവും, വ്യക്തിശുചിത്വവും ലോൺ തിരിച്ചടവും, ആശുപത്രിചിലവുകളും, വിനോദവും, സമ്മാനങ്ങളും, സേവിങ്സുമെല്ലാം ഇക്കൂട്ടത്തിൽ പെടും).
- തുടക്കസമയത്ത് ഇക്കാര്യം ഭംഗിയായി ചെയ്യാൻ കഴിയുന്നവരല്ല നാം ആരും. (ആകയാൽ അധൈര്യപ്പെടേണ്ട, മൂന്നുമാസമെങ്കിലും ഇതു ചെയ്യുമ്പോൾ കുറച്ചുകൂടി ഭംഗിയായി ചെയ്യാൻ കഴിയും).

- പണമുണ്ടാക്കാൻ നാ കഷ്ടപ്പെടണം, എന്നാൽ ഉണ്ടാക്കുന്നപണം പാഴായിപ്പോവുകയാണെങ്കിലോ?
- സഹായം തേടുക. വേറെയൊരാളെ നിങ്ങളെ ഭരമേല്പിക്കുക.

(നിങ്ങളുടെ സൗകര്യത്തിനായി ഒരു ബജറ്റ് പ്ലാനർ അനുബന്ധമായി കൊടുത്തിട്ടുണ്ട്. അവസാന പേജിൽ നോക്കുക. നിങ്ങളുടെ ആവശ്യത്തിന് ഉപകരിക്കുന്ന രീതിയിൽ വേണ്ട മാറ്റങ്ങൾ വരുത്തുക.)

# ആഴ്ച 3: കടക്കെണി (വെള്ളാനയുടെ വളർച്ച)

*ദൈവത്തിന്റെ സമ്പാദ്യമാണ് എന്റെ ഹൃദയത്തിന്റെ ആകർഷണം* - റാൻഡി
അൽകോൺ, ദി ട്രെഷർ പ്രിൻസിപ്പിൾ

ആഴ്ച 1: ആകാശത്തിന്റെയും ഭൂമിയുടെയും കർത്താവായ ദൈവത്തെ നാം കണ്ടു.
ആഴ്ച 2: ദൈവം നമ്മിൽ ഭരമേല്പിച്ചിരിക്കുന്ന സകല സ്രോതസ്സിന്റെയും കാര്യസ്ഥനാണ്/ഭൃത്യനാണ് നാം എന്നു മനസ്സിലാക്കി.
ആഴ്ച 3: സാത്താന്റെ വലിയ ഒരു കുതന്ത്രത്തെക്കുറിച്ചു നമുക്ക് ഈ ആഴ്ചയിൽ പഠിക്കാം - കടക്കെണി.

മനഃപാഠമാക്കാൻ:

**റോമർ 13:8**
സ്നേഹിപ്പാനുള്ള കടപ്പാടൊഴികെ ആരോടും ഒന്നും കടപ്പെട്ടിരിക്കരുത്. അയൽക്കാരനെ സ്നേഹിക്കുന്നവൻ ന്യായപ്രമാണം നിറവേറ്റിയിരിക്കുന്നു.

# ദിനം 15: ദാതാവായ ദൈവം

**ഉല്പത്തി 22:14**
അബ്രാഹാം ആ സ്ഥലത്തിന് യഹോവ യിരേ എന്നു പേരിട്ടു. യഹോവയുടെ പർവ്വതത്തിൽ അവിടുന്ന് കരുതിക്കൊള്ളും എന്ന് ഇന്നുവരെയും പറഞ്ഞുപോരുന്നു.

- തന്റെ മകനെ ബലിയർപ്പിക്കാൻ ദൈവം അബ്രാഹാമിനോട് ആവശ്യപ്പെട്ടു. എങ്കിലും അബ്രാഹാമിന്റെ ആവശ്യനേരത്ത് ദൈവം അവനു ദാതാവായി മാറി.
- ദൈവം നിങ്ങൾക്ക് ആവശ്യത്തിനു നല്കുകയില്ല എന്ന പ്രലോഭനചിന്ത നിങ്ങളിൽ ഉണ്ടായിട്ടുള്ള സമയങ്ങൾ ഏതൊക്കെയാണ്?

**മത്തായി 6:26**
ആകാശത്തിലെ പക്ഷികളെ നോക്കുവിൻ. അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരകളിൽ ശേഖരിച്ചുവയ്ക്കുന്നുമില്ല; എങ്കിലും നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ് അവയ്ക്കു ഭക്ഷണം നല്കുന്നു. അവയെക്കാൾ നിങ്ങൾ എത്രയോ വിലപ്പെട്ടവരാണ്.

- യേശു നല്കുന്ന വെല്ലുവിളി: ആകാശത്തിലെ പറവകൾക്കായി ദൈവം കരുതുന്നതുപോലെ ദൈവം നമുക്കായി കരുതും എന്നു നാം വിശ്വസിക്കണം.
- ദൈവം നിങ്ങൾക്കായി കരുതിവച്ചിരുന്നത് എപ്രകാരമൊക്കെയാണ്?

**ഫിലിപ്യർ 4:19**
എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടൊക്കെയും തന്റെ മഹിമാധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ സമ്പൂർണ്ണമായി തീർത്തുതരും.

- തങ്ങളുടെ സകല ആവശ്യങ്ങളും ദൈവം നിറവേറ്റുമെന്ന ധൈര്യപ്പെടുത്തൽ പൗലോസ് ശിഷ്യന്മാർക്കു നല്കുന്നു.
- ദൈവം കരുതേണ്ടിയതായി നിങ്ങൾക്ക് ഇപ്പോൾ ഉള്ള ആവശ്യങ്ങൾ ഏതൊക്കെയാണ്?

**1 തിമോത്തി 6:17-19**
ഈ ലോകത്തിലെ ധനികരോട്, അഹങ്കാരികളായിരിക്കരുതെന്നും അനിശ്ചിതമായ സമ്പത്തിലല്ല, നമുക്ക് അനുഭവിപ്പാൻ ആവശ്യമായതെല്ലാം ധാരാളമായി തരുന്ന ദൈവത്തിൽതന്നേ പ്രത്യാശവയ്ക്കണമെന്നും നീ ആജ്ഞാപിക്കുക.

- ധനികരായ ആളുകൾക്ക് (നമുക്ക്!) ദൈവത്തിൽ ആശ്രയിക്കാൻ സാധിക്കുകയില്ലയെന്ന് പൗലോസിനു തോന്നാൻ കാരണമെന്താണ്?

- നമ്മുടെ സന്തോഷത്തിനായി ദൈവം സകലരീതിയിലും അനുഗ്രഹിച്ചിരിക്കുന്നുവെന്നു പറയുന്നതെന്തുകൊണ്ട്?
- നിങ്ങളെ സംബന്ധിച്ച് ഈ കല്പനയുടെ പ്രായോഗികതലങ്ങൾ എത്രമാത്രമാണ്?
- ദൈവം നിങ്ങളുടെ ജീവിതത്തിൽ ദാതാവായി പ്രവർത്തിക്കുന്നതിന്റെ ചിത്രം വ്യക്തമായതാകാൻ വേണ്ടി പ്രാർത്ഥിക്കുക.

# ദിനം 16: ലോകം നല്കുന്ന സന്ദേശം - 1

## ആമുഖം: സാത്താന്റെ തന്ത്രങ്ങൾ

### പുറപ്പാട് 22:25

നിങ്ങളുടെ ഇടയിലുള്ള എന്റെ ജനത്തിൽ ദരിദ്രനായ ഒരുവനു പണം വായ്പകൊടുക്കുന്നുവെങ്കിൽ പണവ്യാപാരിയെപ്പോലെ പെരുമാറരുത്; അവനിൽനിന്നു പലിശ ഈടാക്കരുത്.

### യോഹന്നാൻ 8:44

പിശാചെന്ന പിതാവിന്റെ മക്കളാണു നിങ്ങൾ. നിങ്ങളുടെ പിതാവിന്റെ ഇഷ്ടം നിറവേറ്റാൻ നിങ്ങൾ ഇച്ഛിക്കുന്നു. അവൻ ആദിമുതലേ കൊലപാതകൻ ആയിരുന്നു. അവനിൽ സത്യം ഇല്ലാത്തതുകൊണ്ട് അവൻ സത്യത്തിന്റെ വശത്തു നില്ക്കുന്നതുമില്ല. വ്യാജം പറയുമ്പോൾ അവൻ സ്വന്തം ഭാഷ സംസാരിക്കുന്നു. അവൻ വ്യാജം പറയുന്നവനും വ്യാജത്തിന്റെ അപ്പനും ആകുന്നു.

### വെളിപാട് 12:9

ഭൂതലത്തെ മുഴുവൻ വഴിതെറ്റിക്കുന്നവനും പിശാച് എന്നും സാത്താൻ എന്നും പേരുള്ളവനുമായ പഴയ പാമ്പ്...

ഉപഭോഗസമ്പ്രദായത്തിന്റെ അടിസ്ഥാനം പരസ്യമാണെന്ന കാര്യം നിങ്ങൾക്കെല്ലാവർക്കും അറിയാവുന്നതാണല്ലോ! എത്രമാത്രം വക്രതയുള്ളതും വഴിതെറ്റിക്കുന്നതുമാണ് ഈ പരസ്യങ്ങളെന്നും അനുദിനം അവ നമ്മെ പറഞ്ഞു വിശ്വസിപ്പിക്കുന്ന നുണകൾ എത്രമാത്രമാണെന്നും മനസ്സിലാക്കുന്നതിനായി ഇന്നത്തെ പ്രാർത്ഥനാസമയം നമുക്കുപയോഗിക്കാം.

### 1. നമ്മെ കെണിയിൽപെടുത്താനായി ലക്ഷ്യം വച്ചിരിക്കുന്നു.

- ചരിത്രത്തിലുടനീളം നോക്കിയാൽതന്നെ ഏറ്റവും വിജയകരമായി ചിലവാക്കപ്പെട്ട ഒരു സാധനമാണ് കടം.
- 1910, സീയേഴ്സ് കാറ്റലോഗ് പ്രസ്താവിക്കുന്നത്, കടമായി സാധനങ്ങൾ വാങ്ങിക്കുന്നത് മടയത്തരമാണ്. ഫോർഡ് കമ്പനിയാകട്ടെ കടം കൊടുക്കുന്നതിന് നിരോധനം ഏർപ്പെടുത്തിയിരുന്നു.
- 1950, ഭക്ഷണശാലകളിൽ സൗകര്യപ്രദമായി പണം കൊടുക്കുന്നതിനുവേണ്ടി കാർഡ് സമ്പ്രദായം ഡൈനേഴ്സ് ക്ലബ് നിലവിൽ കൊണ്ടുവന്നു.
- 1958, ബാങ്ക് അമേരികാർഡ് എന്ന പേരിലുള്ള കാർഡ് അറുപതിനായിരം പേർക്ക് ബാങ്ക് ഓഫ് അമേരിക്ക തപാലിൽ അയച്ചുകൊടുത്തു. പിന്നീട് 1976ൽ കടമായി സാധനങ്ങൾ വാങ്ങിക്കാൻ സൗകര്യമൊരുക്കുന്ന ഈ കാർഡിന് വിസാ കാർഡ് എന്ന് പേരുവന്നു.
- 2010, ക്രെഡിറ്റ് കാർഡ് കമ്പനികളുടെ ആഗോളവിറ്റുവരവ് 15000 കോടി രൂപയാണ്.

നമ്മുടെ മുത്തച്ഛന്മാർ കടത്തെ പാപമായി പരിഗണിച്ചിരുന്നു (ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടു ക്ഷമിക്കേണമേ എന്ന് യേശു പ്രാർത്ഥിച്ചു). പിന്നീട് എന്താണു സംഭവിച്ചത്? എവിടെയാണ് മാറ്റം വന്നത്? കടംവാങ്ങിച്ചു ജീവിക്കാമെന്ന ആശയം തെറ്റല്ലാത്ത ഒന്നായി പരിണമിച്ചത് എപ്പോൾമുതലാണ്? ലോകത്തെ സംബന്ധിച്ചല്ലെങ്കിൽ പോലും, നിങ്ങളെ ജീവിതത്തെ സംബന്ധിച്ച്?)

### 2. സകല നുണയരുടെയും പിതാവ്

- ഇതുപോലെ വൻതോതിലുള്ള വിപണനതന്ത്രങ്ങളുടെ ഫലമായി കുറേയേറെ നുണകൾ നാം വിശ്വസിക്കാൻ ഇടയായിത്തീരുന്നു.

നുണ : നമ്മുടെ സമ്പത്ത് ശരിയായി പരിരക്ഷിക്കാൻ കടം ആവശ്യമാണ്.
സത്യം : സമ്പദ്പരിരക്ഷണത്തിന്റെ തെറ്റായ വശത്തേക്കാണ് നിങ്ങൾ എത്തിച്ചേരുന്നത്. നിങ്ങളുടെ നിക്ഷേപങ്ങൾ വർദ്ധിക്കുന്നതിലും വേഗത്തിലാണ് കടം വർദ്ധിക്കുന്നത് - കൂട്ടുപലിശനിരക്കിൽ.

നുണ : മാസാമാസം എത്രരൂപവച്ചു തിരിച്ചടക്കാൻ കഴിയുമെന്നു കണക്കു കൂട്ടിയാൽ മാത്രം മതിയാകും എനിക്കാഗ്രഹമുള്ള കാര്യങ്ങൾ വാങ്ങിക്കുവാൻ.
സത്യം : നിങ്ങൾ വാങ്ങിക്കുന്ന സാധനത്തിനു നിങ്ങൾ എത്രമാത്രം കൂടുതൽ കൊടുക്കുന്നു എന്നു നിങ്ങൾക്കു മനസ്സിലാക്കി തരുവാനല്ല ഏതൊരു വില്പനക്കാരനും ശ്രമിക്കുന്നത്, പകരം നിങ്ങളുടെ ശ്രദ്ധ അതിൽനിന്നും മാറ്റി മാസതവണയിലേക്കു കൊണ്ടുവരുവാനാണ്.

നുണ : പണം തിരികെ വാഗ്ദാനം ചെയ്യുന്ന ക്രെഡിറ്റ് കാർഡും മറ്റും നമുക്കു ലാഭം നല്കുന്നു
സത്യം : ക്രെഡിറ്റ് കാർഡുപയോഗിച്ചു നാം സാധനങ്ങൾ വാങ്ങിക്കുമ്പോൾ കൊടുക്കേണ്ട വിലയുടെ 20% കൂടുതലായി നാം കൊടുക്കേണ്ടിവരുന്നു, പണമുപയോഗിച്ചു വാങ്ങിക്കുന്നതിനേക്കാൾ കൂടുതൽ. അങ്ങനെ നോക്കുമ്പോൾ 20% പണം തിരികെ കിട്ടിയാൽ മാത്രമേ നമുക്കെന്തെങ്കിലും പ്രയോജമനുള്ളൂ.

- നിങ്ങൾ ഇന്നു വിശ്വസിച്ചുവച്ചിരിക്കുന്ന നുണകൾ ഏതൊക്കെയാണ്?

# ദിനം 17: ലോകം നല്കുന്ന സന്ദേശം - 2

**സദൃശവാക്യങ്ങൾ 18:11**
ധനവാന്റെ സമ്പത്ത് ഉറപ്പുള്ള പട്ടണം; അവന്റെ ചിന്തയിൽ അത് ഉയർന്നൊരു മതിൽക്കെട്ടുപോലെയാണ്.

ഓർമ്മപ്പെടുത്തൽ: നിങ്ങൾ ധനികനാണ്, തീർച്ചയായും.
മുന്നറിയിപ്പ്: ലോകം നിങ്ങളെ വഞ്ചിച്ചിരിക്കുന്നു.
അപകടം: നിങ്ങൾക്കു സ്വന്തമായുള്ളതിൽ നിങ്ങൾ കൂടുതൽ ആശ്രയം വയ്ക്കുന്നു.
വിഷമസ്ഥിതി: ഒരു വ്യാജദൈവത്തിന്റെ പിന്നാലെ പാഞ്ഞ് നിങ്ങൾ നിങ്ങളെത്തന്നെ ശ്വാസം മുട്ടിക്കുകയാണ്. പണത്തെയും മാമോനെയും സേവിക്കാൻ നമുക്കു സാദ്ധ്യമല്ല.

**1. നമ്മുടെ അയല്ക്കാരുടെ നിലവാരത്തിനൊപ്പമെത്താനുള്ള വെമ്പൽ:**
ഈ വിശേഷണം നാം അനേകം തവണ കേട്ടിട്ടുള്ളതാണ്. എങ്കിലും, നിങ്ങൾ നിങ്ങളുടെ വരവു-ചിലവുകണക്കുകൾ നിരത്തിവച്ചിട്ട് സ്വയം തീരുമാനിക്കുക, കൂടെയുള്ളവർ താമസിക്കുന്ന വലുപ്പത്തിലുള്ള ഒരു വീടിന്റെയോ അവർ ഉപയോഗിക്കുന്ന ഉപകരണങ്ങളുടേയോ വാഹനത്തിന്റെയോ വസ്ത്രത്തിന്റെയോ ഒക്കെ ഒപ്പം നില്ക്കാനുള്ള ആവശ്യം നിങ്ങൾക്കുണ്ടോ എന്ന്. ഈ ആഡംബരങ്ങളെല്ലാം നിങ്ങളുടെ പുറം കാഴ്ചയെ വലുതാക്കിക്കാണിക്കുന്നു, ഉയർന്ന ജീവിത നിലവാരമെന്ന പേരിൽ നിങ്ങളുടെ വരുമാനത്തിനു വളരെ മുകളിലുള്ള ഒരു ജീവിതത്തിലേക്കു നിങ്ങളെ വലിച്ചിഴക്കുന്നു. നിങ്ങളുടെ ജീവിത നിലവാരം താഴ്ന്നുപോയി എന്ന ഒരു തോന്നൽ ഈ തന്ത്രം അടിച്ചേല്പ്പിക്കുന്നുണ്ടോ?

**2. ഏറ്റവും ആധുനികമായ ഉപകരണങ്ങൾ:**
തിളങ്ങുന്ന, പുതിയ കളിപ്പാട്ടങ്ങൾ നമുക്കെല്ലാവർക്കും ഇപ്പോഴും ഇഷ്ടമാണ്. ഈ ലോകത്തിന്റെ പരസ്യതന്ത്രങ്ങൾ അത്യന്താധുനികമായ ഉപകരണങ്ങൾ (ഫോൺ, ടിവി, വിവിധതരം കമ്പ്യൂട്ടർ) സ്വന്തമാക്കുന്നതിലേക്കു നമ്മെ വലിച്ചിഴയ്ക്കുന്നു. നമുക്ക് വഹിക്കാൻ കഴിയാത്തയത്രയും ചിലവേറിയവയാണ് അവയെങ്കിൽ കൂടി.

**3. നല്ല സാധനങ്ങൾ:**
ചിലപ്പോൾ ആർഭാടത്തോടായിരിക്കാം നമുക്ക് ആകർഷണമുള്ളത്. മുന്തിയ ഭക്ഷണശാലകൾ, ചിലവേറിയ അവധിക്കാലവിനോദങ്ങൾ, ശാരീരികമായ സുഖസൗകര്യങ്ങൾകൊണ്ട് സ്വയം സാന്ത്വനി

പ്പിക്കുന്ന രീതികൾ. ഇത്തരം കാര്യങ്ങളൊന്നും പാപത്തിന്റെ പട്ടികയിൽ ഉൾപ്പെട്ടവയല്ല. പക്ഷേ, ഇത്തരം കാര്യങ്ങളിലേക്ക് ചെന്നു പെടുമ്പോൾ അവയെ സ്വന്തമാക്കാൻ ആവശ്യമായ രീതിയിൽ നിങ്ങൾ വരുമാനം കണ്ടെത്തുകയും, ചിലവുകളുടെ വരുംവരായ്കകൾ കണക്കു കൂട്ടുകയും ചെയ്തിട്ടുണ്ടോ? അതോ ഓരോ തോന്നലിന്റെ പുറത്ത് വരുത്തിവയ്ക്കുന്ന അനാവശ്യ ചിലവുകളാണോ ഇവ? ഒരുപക്ഷേ നിങ്ങൾ ഇവയ്ക്കെല്ലാം അർഹനാണ് എന്ന ലോകത്തിന്റെ സന്ദേശം സ്വന്തമാക്കിയ ഒരാളാകാം. നമ്മെത്തന്നെ സന്തോഷിപ്പിക്കാൻ പരസ്യദാതാക്കൾ ആവശ്യപ്പെടുന്നതെന്തുകൊണ്ടാണ്. തീർച്ചയായും അതുകേട്ടു നാം അവരുടെ സാധനങ്ങൾ കരസ്ഥമാക്കും.

ജീവനത്തിനു നിങ്ങൾക്ക് ആവശ്യമില്ലാത്ത കാര്യങ്ങളെ നിങ്ങൾക്കു വേണം എന്നു നിങ്ങളെ തെറ്റിധരിപ്പിക്കുന്ന സാത്താന്റെയും ലോകത്തിന്റെയും സന്ദേശത്തിന് എത്രമാത്രം ചെവികൊടുക്കുന്നവരാണു നിങ്ങൾ എന്നു ചിന്തിക്കാനും പ്രാർത്ഥിക്കാനും കുറച്ചു സമയം കണ്ടെത്തുക. വെറുതേ ഒരു ആഗ്രഹം മാത്രമായിരുന്ന ഇക്കാര്യങ്ങൾ വാസ്തവത്തിൽ നിങ്ങൾക്കു പകർന്നു നല്കിയ ആനന്ദം എത്രമാത്രമുണ്ട്?

# ദിനം 18: കടം വാങ്ങലും കടം കൊടുക്കലും

### സദൃശവാക്യങ്ങൾ 22:7
ധനവാൻ ദരിദ്രനെ ഭരിക്കുന്നു, കടം വാങ്ങുന്നവൻ കടം കൊടുക്കുന്നവന്റെ അടിമ.

- കടം വാങ്ങിച്ചിട്ടുള്ളയാളാണെങ്കിൽ നിങ്ങൾ ഒരു അടിമയാണ്. കടം വാങ്ങിച്ചയാൾ കടം കൊടുത്തയാൾക്ക് ഒരു അടിമയാണ്, എപ്പോഴും.
- ഈ പറയുന്നതു നിങ്ങൾക്കു വിശ്വസിക്കാൻ കഴിയുന്നില്ലെങ്കിൽ, കടം വാങ്ങിച്ചതു തിരിച്ചു കൊടുക്കാതെ പരീക്ഷിച്ചു നോക്കുക, അതിന്റെ അനന്തരഫലങ്ങൾ എപ്രകാരമായിരിക്കുമെന്നു കാണാം.
- ഇന്നു നിങ്ങൾ അടിമപ്പെട്ടിരിക്കുന്നത് ആരോടൊക്കെയാണ്? നിങ്ങൾ കടക്കാരായിരിക്കുന്ന സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും ഒരു പട്ടിക ഉണ്ടാക്കുക.

### സദൃശവാക്യങ്ങൾ 22:26-27
കയ്യടിച്ച് ഉറപ്പു നല്കുന്നവനോ കടത്തിനു ജാമ്യം നില്ക്കുന്നവനോ ആകരുത്. കൊടുത്തു വീട്ടാൻ നിനക്കു വകയില്ലാതെ വന്നിട്ട് നിന്റെ കിടക്കപോലും എടുത്തുകൊണ്ടു പോകുവാൻ ഇടയാകുന്നതെന്തിന്?

**1. പണം കടം വാങ്ങരുത്.** നിങ്ങൾ കടം വാങ്ങിച്ചയാളുടെ അടിമയായിത്തീരും. നിങ്ങളുടെ ബന്ധം ഉലയും. ധനകാര്യസ്ഥാപനങ്ങളിൽനിന്നും പണം കടം വാങ്ങാതിരിക്കുക. (മാസപലിശ രണ്ടു ശതമാനം എന്നായിരിക്കും അവർ നിങ്ങളോടു പറയുക, എന്നാൽ നിങ്ങൾ കൊടുക്കുന്നത് ഇരുപത്തിനാലു ശതമാനം വാർഷികപലിശയായിരിക്കും. വളരെ വലിയ ഒരു സംഖ്യയാണിത്. മുന്നൂശതമാനത്തിനും അതിനുമുകളിലുമെല്ലാം പണം കടമെടുക്കുന്നവരുണ്ട് - ഈ കടം വീട്ടിത്തീർക്കാൻപോലും പറ്റിയെന്നു വരില്ല, അത്രയ്ക്കു കൂടുതലാണ് അവയുണ്ടാക്കുന്ന ബാധ്യത).

**2. പണം കടം കൊടുക്കുകയുമരുത്.** അതുവാങ്ങുന്നയാൾ നിങ്ങളുടെ അടിമയായിത്തീരുകയും നിങ്ങൾ തമ്മിലുള്ള സുഹൃദ്ബന്ധത്തിൽ കറവീഴുകയും ചെയ്യും. പണം കടം കൊടുക്കുമ്പോൾ തിരിച്ചു പ്രതീക്ഷിക്കാതെ അതു കൊടുക്കാനാണ് യേശു കല്പിക്കുന്നത് - ഒരു ദാനമായി കണക്കാക്കി അതു നല്കുക.

**3. പണം കടമെടുക്കുന്നതിന് ജാമ്യം നില്ക്കുകയുമരുത്.** കടമെടുക്കുന്നയാൾക്ക് അത് അടച്ചു തീർക്കാനുള്ള കഴിവു കുറവാണെന്ന ധനകാര്യസ്ഥാപനത്തിന്റെ കണക്കു കൂട്ടലിൽനിന്നുമാണ് ജാമ്യക്കാരന്റെ ആവശ്യം ഉദയം ചെയ്യുന്നത്. ജാമ്യം നില്ക്കാതെ നിവൃത്തിയില്ലാത്ത സാഹചര്യമാണെങ്കിൽ നിങ്ങൾക്കുവേണ്ടി ആ കടം എടുക്കുന്നതാണു നല്ലത്.

**4. കടം വീട്ടാനായി കടം എടുക്കരുത്.** ഒരു കടം വീട്ടാനായി മറ്റൊരു കടമെടുക്കുന്നത് ബുദ്ധിയില്ലാത്ത ഒരു ഏർപ്പാടാണ്. അത്തരം കടം തരപ്പെടുത്തുന്ന ധനകാര്യസ്ഥാപനങ്ങൾ ആളുകളെ പിഴിയാൻവേണ്ടിമാത്രം ഇരിക്കുന്നവരാണ്. അവർ നിങ്ങളുടെ പണം അനാവശ്യമായി അപഹരിക്കും.

- കടം വാങ്ങുകയും കടം കൊടുക്കുകയും ചെയ്യുന്നകാര്യത്തിൽ നിങ്ങളുടെ ശീലങ്ങളെ ഏതൊക്കെ രീതിയിൽ പുനഃപരിശോധിക്കേണ്ടതുണ്ട്?

# ദിനം 19: കൂട്ടുപലിശയുടെ ലോകം

**സദൃശവാക്യങ്ങൾ 13:11**
അന്യായസമ്പാദ്യം ക്ഷയിച്ചുപോകും; അദ്ധ്വാനത്താൽ നേടിയതോ വർദ്ധിച്ചു വരും.

കൂട്ടുപലിശയുടെ നിയമങ്ങൾ നിങ്ങൾക്ക് അനുകൂലമായോ അല്ലെങ്കിൽ നിങ്ങൾക്കു പ്രതികൂലമായോ ബാധിക്കാം. പ്രതികൂലമായി ബാധിക്കുന്നതിന്റെ രണ്ടു ദൃഷ്ടാന്തങ്ങൾ പരിഗണിക്കുക:

**പെരുകുന്ന കടം:** തങ്ങളുടെ മകളുടെ ജന്മദിനം കേമമാക്കാൻ വേണ്ടി മുപ്പതു വയസ്സുള്ള ജോണും ഭാര്യയും ചേർന്ന് പതിനായിരം രൂപ കടമെടുത്തു. നൂറുരൂപയ്ക്ക് മാസപലിശ വെറും മൂന്നു രൂപമാത്രമാണ് എന്നാണ് കടം നല്കിയ സ്ഥാപനം അവരെ ധരിപ്പിച്ചത്, അതു വളരെ ചെറിയ ഒരു തുകയാണല്ലോ എന്ന ജോണും ഭാര്യയും വിചാരിക്കുകയും ചെയ്തു. മുന്നുശതമാനം നിരക്കിൽ അവർ വർഷാവസാനം അടച്ചുതീർക്കേണ്ട തുക 14258 രൂപയാണ്. വെറും മൂന്നുശതമാനം നിരക്കിലുള്ള കൂട്ടുപലിശയായിമാത്രം അവർ അടയ്ക്കേണ്ടത് വളരെ വലിയ 42.58% സംഖ്യയാണ്. രണ്ടു വർഷം കൊണ്ട് ആ ലോൺ അടച്ചുതീർക്കുമ്പോൾ സ്ഥാപനം ഈടാക്കുന്നത് 20328 രൂപയാണ്. കടമെടുത്ത രൂപയുടെ ഇരട്ടിയിലധികം. അനേകം ക്രെഡിറ്റ് കാർഡ് സ്ഥാപനങ്ങളും ധനകാര്യസ്ഥാപനങ്ങളും പണം ഈടാക്കുന്നത് ഇതുപോലെയാണ്.

**പെരുകുന്ന കടം:** ടീനയുടെ മാതാപിതാക്കൾ അവളുടെ വിവാഹസ്വർണ്ണം എടുക്കാൻ വേണ്ടി അൻപതിനായിരം രൂപ കടമെടുത്തു. രണ്ടു വർഷത്തേക്ക് മാസം 1268 രൂപ പലിശനിരക്കിലാണ് കടമെടുത്തത്. ചെറുതെന്നു തോന്നുന്ന ഈ മാസതവണഅടവ് ഒന്നു കൂട്ടിനോക്കിയാൽ രണ്ടുവർഷത്തേക്ക് 30422 രൂപമാത്രമാകും. കടമെടുത്ത തുകയായ 50000 വേറെയും അടക്കണം. രണ്ടു വർഷത്തിനുശേഷം തിരിച്ചടയ്ക്കുന്ന തുകയെന്നത് കണ്ണുതള്ളിപ്പോകുന്ന വിധത്തിലുള്ള 80422 രൂപയാണ്.

**പെരുകുന്ന നിക്ഷേപം:** 8.5ശതമാനം വാർഷിക പലിശനിരക്കിൽ നിങ്ങൾ മാസം 500 രൂപവച്ച് ഒരു റെക്കറിങ്ങ് നിക്ഷേപം അഞ്ചുവർഷത്തേക്ക് ബാങ്കിൽ നടത്തിയാൽ, അഞ്ചാം വർഷത്തിന്റെ അവസാനം നിങ്ങൾക്കു ലഭിക്കുന്നത് 37425 രൂപയാണ്. മാസാമാസം ചെറിയ ഒരു തുക നിക്ഷേപിച്ചാൽ അതു ബുദ്ധിപൂർവ്വകമായ ഒരു തീരുമാനമായിരിക്കും.

- പെട്ടെന്നു ധനികനാകാനായി ഒരു പദ്ധതിയും നിലവിലില്ല.
- കോടി പതികളായ ധനാഢ്യർ പോലും ആരെങ്കിലും ഉപയോഗിച്ചതിനുശേഷം വില്ക്കുന്ന കാറും അത്യാവശ്യം സൗകര്യങ്ങളുള്ള വീടുമാണ് സാധാരണയായി തെരഞ്ഞെടുക്കാറ്.
- സംസ്ഥാനങ്ങൾ നടത്തുന്ന ലോട്ടറി കച്ചവടം പാവപ്പെട്ടവരിൽനിന്നും പണം പിഴിയൽമാത്രമാണ്.
- ദൈവം നിങ്ങളെ വിശ്വസിച്ചേല്പിച്ചിരിക്കുന്ന നിസ്സാരത്തിൽ നിങ്ങൾ വിശ്വസ്തരായിരിക്കുമ്പോൾ നിങ്ങൾക്കു വലിയ കാര്യങ്ങൾ പ്രതീക്ഷിക്കാം.

- ഒരിക്കൽകൂടി ഈ വചനം ഉപയോഗിച്ചു നമുക്ക് ആത്മപരിശോധന നടത്താം:

**ലൂക്കോസ് 16:10**
അത്യല്പത്തിൽ വിശ്വസ്തനായവൻ അധികത്തിലും വിശ്വസ്തൻ; അത്യല്പത്തിൽ അവിശ്വസ്തൻ അധികത്തിലും അവിശ്വസ്തൻ.

- കൂട്ടുപലിശയുടെ ഈ നിയമങ്ങളെ നിങ്ങളുടെ ജീവിതത്തിൽ എപ്രകാരം ഉപയോഗിക്കാനാണ് നിങ്ങൾ ഉദ്ദേശിക്കുന്നത്?

# ദിനം 20: സ്വന്തം കടത്തിന്റെ ഉത്തരവാദിത്വമെടുക്കൽ

**സങ്കീർത്തനം 37:21-26**
ദുഷ്ടന്മാർ വായ്പ വാങ്ങുന്നു; തിരികെ കൊടുക്കുന്നില്ല; നീതിമാന്മാരോ ഔദാര്യമായി ദാനം ചെയ്യുന്നു. യഹോവയാൽ അനുഗ്രഹീതർ ദേശത്തെ അവകാശമാക്കും; അവിടുന്ന് ശപിക്കുന്നവരോ ഛേദിക്കപ്പെടും. ഉത്തമനായ ഒരുവന്റെ കാലുകളെ യഹോവ നിയന്ത്രിക്കുന്നു; അവന്റെ പാത യഹോവയ്ക്കു സന്തോ

ഷകരമത്രേ. അവന്റെ കാലുകൾ ഇടറിയാലും അവൻ വീണു പോകുകയില്ല; കാരണം യഹോവ തന്റെ കൈകളാൽ അവനെ താങ്ങിക്കൊള്ളുന്നു.

- ദുഷ്ടരായവർ പണം കടം വാങ്ങിക്കുന്നതിനൊപ്പം അതിന്റെ കെടുതികളും കരസ്ഥമാക്കുന്നു.
- നീതിമാന്മാരായവരെ ദൈവം കാക്കുന്നു - പ്രാർത്ഥിക്കുക, ഉപദേശമെടുക്കുക, കടം വാങ്ങുന്നതിൽ നിന്നും ഒഴിഞ്ഞുനില്ക്കാനായി കഴിവിന്റെ പരമാവധി ചെയ്യുക.
- കടം വാങ്ങുമ്പോൾ നാം ദൈവത്തോടു പറയുന്നതെന്തെന്നാൽ - നീ എനിക്കു നല്കുന്നത് തീരെ കുറവാണ്.
- സങ്കീർത്തകൻ നീതിമാന്മാരെക്കുറിച്ചു പറയുന്നതെന്താണ്?

കടത്തെക്കുറിച്ച് വിക്കിപീഡിയയിൽ പ്രസിദ്ധീകരിച്ച ഒരു പഠനത്തിൽ നിന്ന്: അമിതമായി കടക്കാരനാവുകയെന്നതുകൊണ്ട് ധാരാളം സാമൂഹിക പ്രശ്നങ്ങൾ ഉടലെടുക്കുന്നുണ്ട്. സാമ്പത്തിക ഞെരുക്കങ്ങൾ, ശരീരാരോഗ്യത്തിലും മാനസികാരോഗ്യത്തിലുമുള്ള ക്ഷയം, കുടംബ ബന്ധങ്ങളിലെ സമ്മർദ്ദം, മാനസികമായ അടിമപ്പെടൽ, ജോലിയിലുള്ള ശ്രദ്ധക്കുറവുമൂലം ജോലിനഷ്ടപ്പെടൽ, ജോലി കിട്ടാനുള്ള പ്രയാസം, അടിസ്ഥാന സാമ്പത്തിക സൗകര്യങ്ങളിൽനിന്നുമുള്ള പുറംതള്ളൽ, അപകടങ്ങളിൽ അകപ്പെടൽ, അസുഖബാധ, സാമൂഹ്യബന്ധങ്ങളിലുള്ള ഒറ്റപ്പെടൽ, ജോലിയിലുള്ള മനസ്സാന്നിദ്ധ്യമില്ലായ്മ, സമർപ്പണബോധത്തിലുണ്ടാകുന്ന കുറവ്, അപകർഷതാബോധം, ബന്ധങ്ങളിലുണ്ടാകുന്ന പിരിമുറുക്കം മുതലായവ അനന്തര ഫലങ്ങളാണ്.

- ആരോഗ്യം കുടുംബം ജോലി പെരുമാറ്റം പ്രകടനം ബന്ധങ്ങൾ ആത്മബോധം എന്നിവയെയെല്ലാം കടം മോശമായി ബാധിക്കും.

കടം നിങ്ങളുടെ ജീവിതത്തെ എപ്രകാരമെല്ലാം ബാധിച്ചിരിക്കുന്നു എന്നു പരിശോധിച്ചു നോക്കുക. ഇത്തരം മേഖലകളിലെല്ലാം നിങ്ങൾ കടന്നുപോകുന്ന ആത്മസമ്മർദ്ദങ്ങളെല്ലാം മറികടക്കുന്നതിനും പരിഹാരം കാണുന്നതിനുമായി നിങ്ങളെ സഹായിക്കാൻ കഴിയുന്നവരുമായി തുറന്നു സംസാരിക്കുക. കടം മൂലം കടുത്ത വിഷാദമോ, പ്രവചനാതീതമായ രീതിയിലുള്ള പെരുമാറ്റമോ, കാടുകയറുന്ന ചിന്തകളോ, ഭയമോ ഒക്കെ നിങ്ങളെ ബാധിച്ചിട്ടുണ്ടെങ്കിൽ വൈദ്യസഹായം തേടുക.

ദൈവത്തിന്റെ കരുതലിനെക്കുറിച്ചു പരാമർശിക്കുന്ന വചനങ്ങൾ (ദിനം 15ലേത്) വീണ്ടും വായിക്കുക, ദൈവം നിങ്ങൾക്കു നല്കിയിരിക്കുന്ന വകകളിൽ അവനെ പൂർണ്ണമായി ആശ്രയിക്കുന്ന ഒരു ഹൃദയം ഉണ്ടാകാൻ വേണ്ടി പ്രാർത്ഥിക്കുക.

# ദിനം 21: തീരുമാനമെടുക്കുക

### സദൃശവാക്യങ്ങൾ 23:4
ധനവാനാകുവാൻ പണിപ്പെടരുത്, ബുദ്ധിയോടെ അതിൽനിന്നു പിന്തിരിയുക.

### സദൃശവാക്യങ്ങൾ 21:25-26
മടിയന്റെ കൊതി അവനു മരണകാരണം; അവന്റെ കൈകൾ പണിയെടുക്കുവാൻ വിസമ്മതിക്കുന്നല്ലോ. പകലന്തിയോളം അവൻ അത്യാഗ്രഹത്തോടെ കഴിയുന്നു, നീതിമാനോ നിർലോപം ദാനം ചെയ്യുന്നു.

- കടം ധനകാര്യസ്ഥാപനങ്ങളെ ധനികരാക്കുകയും കടക്കാരെ ദരിദ്രരാക്കുകയും ചെയ്യുന്നു.
- പെട്ടെന്നു ധനികരാകാനുള്ള ഒരു പദ്ധതിയും നിലവിലില്ല.
- കടം വാങ്ങുന്നയാൾ കടം കൊടുത്തയാളുടെ അടിമയാണ്, എല്ലായ്പോഴും.
- നിങ്ങളുടെ ഗൃഹപാഠം നന്നായി ചെയ്യുക, സാമ്പത്തികകാര്യങ്ങൾ നന്നായി പ്ലാൻ ചെയ്യുക, നിങ്ങളുടെ ബജറ്റനുസരിച്ചു ജീവിക്കുക, കടക്കെണിയിൽനിന്നും രക്ഷപെടുക.

### റോമർ 13:8
സ്നേഹിപ്പാനുള്ള കടപ്പാടൊഴികെ ആരോടും ഒന്നും കടപ്പെട്ടിരിക്കരുത്. അയൽക്കാരനെ സ്നേഹിക്കുന്നവൻ ന്യായപ്രമാണം നിറവേറ്റിയിരിക്കുന്നു.

- കടക്കെണിയെന്ന വെള്ളാനയെക്കുറിച്ചുള്ള ഈ ആഴ്ചത്തെ ഭാഗങ്ങളിൽനിന്നും നിങ്ങൾ കൈക്കൊണ്ട തീരുമാനങ്ങൾ എന്തൊക്കെയാണ്?

# ആഴ്ച 4: സ്വർഗ്ഗത്തിലെ നിക്ഷേപങ്ങൾ

*ഭൗതിക വാദത്തിനെതിരെ ആകെയുള്ള മറുമരുന്നാണ് ദാനം* - റാൻഡി
അൽകോൺ, ദി ട്രെഷർ പ്രിൻസിപ്പിൾ

ഭൗതിക വാദത്തിന് എതിരേയുള്ള പോരാട്ടം കടക്കെണിയിലകപ്പെടാനുള്ള ശ്രമത്തെക്കാൾ വിഷമം പിടിച്ചതാണ്. സ്വർഗ്ഗത്തിലെ നിക്ഷേപം വിട്ടുകളയാൻ നാം തയ്യാറാകുമ്പോൾ ലോകം വ്യത്യസ്തമായ നിക്ഷേപങ്ങൾ നമുക്ക് വാഗ്ദാനം ചെയ്യുന്നു. ശിഷ്യരായ നാം നിധി അന്വേഷിക്കുകയും ദൈവത്തെ കണ്ടെത്തുകയും ചെയ്തവരാണ്. ഈ നിധി ഓരോ ആത്മാവിനും നൽകിക്കൊണ്ട് സ്വർഗ്ഗത്തിൽ നാം നമുക്കായി നിക്ഷേപം സംഭരിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു.

"എനിക്ക് സമൃദ്ധി ദൈവം നൽകിയിരിക്കുന്നത് ഞാൻ ആർഭാടത്തോടെ ജീവിക്കാനല്ല, മറിച്ച് മറ്റുള്ള വരെ സഹായിക്കാനായി ദൈവം നൽകിയിരിക്കുന്ന മുൻകരുതലാണ്" - റാൻഡി അൽകോൺ

മനഃപാഠമാക്കാൻ:

2 കൊരിന്ത്യർ 9:11
നിങ്ങൾ എല്ലാ സന്ദർഭത്തിലും ഔദാര്യ മനസ്കരായിരിക്കുവാൻ തക്കവണ്ണം എല്ലാവിധത്തിലും അവിടുന്ന നിങ്ങളെ സമ്പന്നരാക്കും. അങ്ങനെ നിങ്ങളുടെ ഔദാര്യദാനം ഞങ്ങൾ മുഖേന ദൈവത്തിനു സ്തോത്രാർപ്പണമായി തീരും.

# ദിനം 22: നിധിവേട്ട

നിധി എന്ന വാക്ക് തന്നെ അത് അന്വേഷിക്കുവാനും കണ്ടെത്തുവാനുമുള്ള മോഹം നമ്മിൽ ജനിപ്പിക്കുന്നു. ചിലപ്പോൾ അങ്ങനെ ഒരു ഭാഗ്യത്തിലൂടെ നമ്മുടെ എല്ലാ സാമ്പത്തിക പ്രശ്നങ്ങളും പരിഹരിക്കാൻ സാധിച്ചേക്കാം. നിധി എന്ന് വെച്ചാൽ എല്ലാവരും അന്വേഷിക്കുന്ന ഒരു കാര്യമാണ്. അത് പണം തന്നെ ആകണമെന്നില്ല. ചിലപ്പോൾ നല്ല ജീവിതത്തിലേക്കുള്ള ഒരു രഹസ്യമായിരിക്കാം, അല്ലെങ്കിൽ ജീവിത പ്രശ്നങ്ങളുടെ ഒറ്റമൂലി പരിഹാരമായിരിക്കാം. യേശുവിനു അറിയാമായിരുന്നു നിങ്ങൾ ഒരു നിധി അന്വേഷണത്തിലായിരുന്നുവെന്ന്. വെബ്സ്റ്റർ ഡിക്ഷ്ണറി നിധിയെന്ന വാക്കിനു നല്കുന്ന അർത്ഥവിശദീകരണങ്ങൾ ഇവയാണ്: വലിയ മൂല്യമുള്ള അല്ലെങ്കിൽ വിലയുള്ള ഒരു കാര്യം, അപൂർവ്വമെന്നോ വിലപിടിച്ചത് എന്നോ ഒക്കെ ഒരു വ്യക്തി കണക്കാക്കുന്ന ഒരു കാര്യം, അമൂല്യമായ സംഗതികളുടെ ഒരു ശേഖരം.

മത്തായി 6:19-21
കീടങ്ങളും തുരുമ്പും നശിപ്പിക്കുകയും കള്ളന്മാർ കയറി മോഷ്ടിക്കുകയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സംഭരിച്ചു വയ്ക്കരുത്. 20എന്നാൽ കീടങ്ങളും തുരുമ്പും നശിപ്പിക്കാതെയും കള്ളന്മാർ കയറി കവർച്ചചെയ്യാതെയും ഇരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സംഭരിക്കുവിൻ. 21നിന്റെ നിക്ഷേപം എവിടെയാണോ അവിടെ നിന്റെ ഹൃദയവും ഇരിക്കും.

- യേശു ഈ തിരുത്തൽ ഗിരിപ്രഭാഷണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. യേശുവിനെ അനുഗമിക്കുന്നതാണ് യഥാർത്ഥത്തിൽ നിധിയെന്ന് നിക്ഷേപത്തിന്റെ അർത്ഥത്തെ പുനർവ്യാഖ്യാനിച്ചു നമ്മെ ഗ്രഹിപ്പിക്കുന്നു.
- നിക്ഷേപമെന്നാൽ സമ്പത്താണ് എന്ന ധാരണ യേശു ഇവിടെ തിരുത്തുന്നു. അനാത്മിക മനസ്സുകൾക്ക് എളുപ്പത്തിൽ ഗ്രഹിക്കുവാൻ സാധിക്കാത്ത ഈ ആശയത്തെ വളരെ പെട്ടന്ന് മനസ്സിലാക്കുവാൻ നമുക്കും സാധിച്ചു എന്ന് വരില്ല. സമ്പത്തുള്ളവർക്കാണ് സമ്പത്തിനെ കുറിച്ചുള്ള പഠിപ്പിക്കൽ ശരിയായി മനസ്സിലാക്കുവാൻ ഏറ്റവും പ്രയാസപ്പെടുന്നത്. "ധനവാൻ സ്വർഗരാജ്യത്തിൽ കടക്കുക ദുഷ്കരമാണ്" (മത്തായി 19:23)
- നിന്റെ നിക്ഷേപം എവിടെയോ അവിടെ നിന്റെ ഹൃദയവും ഇരിക്കും എന്ന വചനത്തെ നാം തെറ്റായ രീതിയിൽ വായിക്കാൻ ഇടയുണ്ട്. നിങ്ങളുടെ ഹൃദയം (ഉദ്ദേശ്യ ലക്ഷ്യം) എവിടെയോ അവിടെ നിന്റെ നിക്ഷേപം ഉണ്ടായിരിക്കും എന്ന് തെറ്റായി ധരിക്കാനിടയുണ്ട്. നമ്മുടെ ഉദ്ദേശ്യമെല്ലാം ശരിയാണ് എന്ന തെറ്റായ വിശകലനമാണ് ഇത്.

- “നിന്റെ നിക്ഷേപം എവിടെയോ അവിടെ നിന്റെ ഹൃദയവും ഇരിക്കും” വളരെ ശക്തമായ ഒരു തത്ത്വമാണ് യേശു ഇവിടെ പഠിപ്പിക്കുന്നത്. നിങ്ങളുടെ പരിശ്രമവും പണവും സമയവും നിങ്ങൾ എവിടെ നിക്ഷേപിക്കുന്നുവോ അതിനെ നിങ്ങളുടെ ഹൃദയം പിന്തുടരും.

- ഭൗമിക നിക്ഷേപത്തിനെതിരായി യേശു നൽകുന്ന മറുമരുന്നാണ് സ്വർഗീയ നിക്ഷേപം.

### സ്വർഗത്തിൽ നിക്ഷേപം സ്വരുക്കൂട്ടുന്നതിനെ യേശു വിശദീകരിക്കുന്നത് എങ്ങനെയാണ്?

### 1. രഹസ്യമായി ചെയ്യുന്ന നീതി പ്രവർത്തികൾ:

മത്തായി 6:1

മനുഷ്യർ കാണുവാൻ വേണ്ടി നിങ്ങളുടെ നീതിപ്രവർത്തികൾ അവരുടെ മുമ്പിൽ വച്ചു ചെയ്യാതിരിപ്പാൻ സൂക്ഷിക്കുവിൻ; അങ്ങനെചെയ്താൽ സ്വർഗ്ഗസ്ഥപിതാവിൽനിന്നു നിങ്ങൾക്കു യാതൊരു പ്രതിഫലവും ലഭിക്കുകയില്ല.

### 2. നിന്റെ സ്വത്ത് മുഴുവൻ വിറ്റ് ദരിദ്രർക്ക് കൊടുക്കുക:

മത്തായി 19:21 (കൂടാതെ ലൂക്കോസ് 12:33, 18:22)

സൽഗുണപൂർണനാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ നീ പോയി നിന്റെ സ്വത്ത് മുഴുവൻ വിറ്റ് ദരിദ്രർക്ക് കൊടുക്കുക. എന്നാൽ സ്വർഗ്ഗത്തിൽ നിനക്ക് നിക്ഷേപം ഉണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്കുക.

- നിധി കണ്ടെത്തി സ്വർഗ്ഗത്തിൽ നിക്ഷേപിക്കാനായി നിങ്ങൾ എന്താണ് ചെയ്യേണ്ടത്?

## ദിനം 23: നിധി നൽകുന്നവൻ

യോഹന്നാൻ 3:16

തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കുവാൻ തക്കവണ്ണം അത്രമാത്രം ലോകത്തെ സ്നേഹിച്ചു.

- ദൈവം നൽകുന്നത് പോലെ മറ്റാരും നൽകുന്നില്ല. വിശദീകരിക്കുക?

ഉല്പത്തി 1:26

അനന്തരം ദൈവം: നമുക്ക് നമ്മുടെ രൂപത്തിലും, നമ്മുടെ സാദൃശ്യത്തിലും മനുഷ്യനെ നിർമ്മിക്കാം. അവർ സമുദ്രത്തിലെ മത്സ്യങ്ങളുടെമേലും ആകാശത്തിലെ പക്ഷികളുടെമേലും കന്നുകാലികളുടെമേലും ഭൂമിയുടെയും ഭൂമിയിൽ ഇഴയുന്ന സകല ഇഴജന്തുക്കളുടെമേലും വാഴട്ടെ എന്നു കല്പിച്ചു.

- അവിടുത്തെ സാദൃശ്യത്തിൽ നമ്മെ സൃഷ്ടിച്ചുവെങ്കിൽ നാം അവിടുത്തെപ്പോലെ നൽകേണ്ടവരാണ്. ദൈവത്തിന്റെ നിധിയിൽ പങ്കുകാരാകണമെങ്കിൽ നാം ഉദാരമായി നൽകുന്നവരായിക്കണം എന്ന് മനസ്സിലാകാൻ ഈ വചനം ഉതകുന്നുണ്ടോ?
- ദൈവം ഉദാരമായി നൽകുന്നവനാണ് എന്ന് നിങ്ങളെ ഓർമ്മിപ്പിക്കുന്ന മറ്റു വചനങ്ങൾ ഏതൊക്കെയാണ്?

2 കൊരിന്ത്യർ 9:10-11

വിതയ്ക്കുവാൻ വിത്തും ഭക്ഷിക്കുവാൻ ആഹാരവും നൽകുന്നവൻ നിങ്ങളുടെ വിത്തിന്റെ ശേഖരം വർദ്ധിപ്പിക്കുകയും നീതിയുടെ വിളവെടുപ്പ് സമൃദ്ധമാക്കുകയും ചെയ്യും. നിങ്ങൾ എല്ലാ സന്ദർഭത്തിലും ഔദാര്യമനസ്കരായിരിക്കുവാൻ തക്കവണ്ണം എല്ലാ വിധത്തിലും അവിടുന്ന് നിങ്ങളെ സമ്പന്നരാക്കും. അങ്ങനെ നിങ്ങളുടെ ഔദാര്യദാനം ഞങ്ങൾ മുഖേന ദൈവത്തിനു സ്തോത്രാർപ്പണം ആയിത്തീരും.

- ദൈവം തന്റെ നിക്ഷേപം നമുക്ക് നൽകുന്നു. ദൈവരാജ്യത്തിൽ അവിടുന്ന് നൽകുന്ന സമ്പത്തിന്റെ കവിഞ്ഞ് ഒഴുക്കിൽ നിന്നുമാണ് നാം പങ്കുപറ്റുന്നത്.
- എന്ത് ഉദ്ദേശ്യത്തോടെ ദൈവം നമ്മെ സമ്പന്നരാക്കുമെന്നാണ് പൗലോസ് ഇവിടെ പറയുന്നത്?
- എങ്ങനെ നമ്മുടെ ഔദാര്യദാനത്താൽ മറ്റുള്ളവർ ദൈവത്തിനു നന്ദി കരേറ്റുവാൻ ഇടയാകും?

# ദിനം 24: കണ്ടെത്തിയ നിധി

മത്തായി 13:44
സ്വർഗരാജ്യം വയലിൽ മറഞ്ഞിരിക്കുന്ന നിധിയോടു സദൃശ്യം. ഒരു മനുഷ്യൻ അത് കണ്ടെത്തിയിട്ട് മറച്ചുവച്ചു. പിന്നെ ആഹ്ലാദത്തോടെ പോയി തനിക്കുണ്ടായിരുന്നതെല്ലാം വിറ്റ് അത് വാങ്ങി.

- ഈ നിധി അന്വേഷകൻ അത് അന്വേഷിക്കുകയായിരുന്നുവെന്നും അത് കണ്ടെത്തിയെന്നും നിങ്ങൾക്ക് എങ്ങനെ മനസ്സിലാകുന്നു?
- നിങ്ങൾ ദൈവരാജ്യത്തിൽ കണ്ടെത്തിയ യഥാർത്ഥ നിധി എന്താണെന്ന് വിശദീകരിക്കുക.

താഴെ പറയുന്ന വചനങ്ങൾ നമ്മുടെ സമ്പാദ്യം ദാനം ചെയ്യുന്നതുവഴി നിക്ഷേപം ഉണ്ടാകുന്നിനെക്കുറിച്ചു പരാമർശിക്കുന്നു:

- ലൂക്കോസ് 3 (സ്നാപക യോഹന്നാൻ): ഭക്ഷണവും, വസ്ത്രവും പങ്കുവയ്ക്കുക. ചതിക്കരുത്, ഉള്ളത് കൊണ്ട് തൃപ്തിപ്പെടുക.
- മത്തായി 19:21 (ധനികനായ യുവാവ്): നിന്റെ സ്വത്ത് മുഴുവൻ വിറ്റ് ദരിദ്രർക്ക് കൊടുക്കുക... നിനക്ക് നിക്ഷേപം ഉണ്ടാകും.
- ലൂക്കോസ് 19:1-10 (സക്കായി): സമ്പാദ്യത്തിന്റെ പകുതി നൽകാൻ അവൻ തയ്യാറായപ്പോൾ യേശു പറഞ്ഞു 'രക്ഷ വന്നിരിക്കുന്നു'
- പ്രവൃത്തികൾ 2, 4 (ഒന്നാം നൂറ്റാണ്ടിലെ ശിഷ്യന്മാർ): തങ്ങളുടെ സ്വത്തു വിറ്റ് പാവങ്ങളെ സഹായിക്കുന്നു... ദൈവരാജ്യത്തിലെ നിധി കണ്ടെത്തുന്നു.
- പ്രവൃത്തികൾ 19:19 (എഫെസ്യർ): 65 ലക്ഷം രൂപ വിലമതിക്കുന്ന ചുരുളുകൾ കത്തിച്ചുകളഞ്ഞു... മഹത്തായ നിക്ഷേപം കണ്ടെത്തി.

- എന്തുകൊണ്ടാണ് ദൈവം നൽകലിനെയും ദാനം ചെയ്യുന്നതിനെയും നിധി ലഭിക്കുന്നതുമായി കൂട്ടിയോജിപ്പിച്ചിരിക്കുന്നത്?

# ദിനം 25: നല്കൽ - പഴയ നിയമത്തിൽ

## (ഈ വ്യക്തികൾ എന്തൊക്കെ നൽകി എന്ന് നോക്കുക.)

1. ഉൽപ്പത്തി 14:20 അബ്രഹാം നൽകിയത് ..........

2. ഉൽപ്പത്തി 28:22 യാക്കോബ് നൽകിയത് ..........

3. ലേവ്യ 27:30-32 ഇസ്രയേല്യരോട് നൽകാൻ ആവശ്യപ്പെട്ടത് ..........

4. സംഖ്യ 18: 26 (നെഹമ്യാവ് 10:38) ലേവ്യർ നൽകിയത് ..........

5. സംഖ്യ 28:29 ഇസ്രായേല്യർ നൽകിയ യാഗങ്ങളും വഴിപാടുകളും കണ്ടെത്തുക ..........

6. ആവർത്തനം 14:22-29 ഇസ്രായേല്യർ കൊടുക്കേണ്ടിയിരുന്ന മൂന്നു ദശാംശം ഏതൊക്കെ എന്ന് കണ്ടെത്തുക ..........

7. 2 ശമുവേൽ 24:24 (എന്നാൽ രാജാവ് അരവ്നയോടു പറഞ്ഞു "അല്ല, അതിനു വില തരുന്ന കാര്യത്തിൽ എനിക്ക് നിർബന്ധമുണ്ട്. എനിക്ക് യാതൊരു ചിലവും വരാതെ ഞാൻ എന്റെ ദൈവമായ യഹോവയ്ക്ക് ഹോമയാഗങ്ങൾ അർപ്പിക്കുകയില്ല").
- നല്കുവാനുള്ള ദാവീദിന്റെ സന്നദ്ധതയെക്കുറിച്ചു വിവരിക്കുക ..........

8. മലാഖി 1-ാം അദ്ധ്യായം:
- മലാഖി എങ്ങനെയൊക്കെ ഇസ്രയേല്യരെ വെല്ലുവിളിച്ചുവെന്നും അത് എങ്ങനെ ഇന്ന് നമ്മുടെ ജീവിതത്തിൽ പ്രായോഗികമാകുമെന്നും നോക്കാം.

9. മലാഖി 3-ാം അദ്ധ്യായം:
- അവരുടെ ദാനശീലത്തെ മലാഖി എങ്ങനെ വെല്ലുവിളിച്ചു?

# ദിനം 26: നല്കൽ - പുതിയ നിയമത്തിൽ
## (ഈ വ്യക്തികൾ എങ്ങനെ നൽകി എന്ന് നോക്കുക)

1. മർക്കോസ് 12:41–44 വിധവ നൽകിയത് ..........
2. ലൂക്കോസ് 7:36–50 പാപിനിയായ സ്ത്രീ നൽകിയത് ..........
3. അപ്പ 4:36–37 ബർണബാസ് നൽകിയത് ..........
4. 2 കൊരിന്ത്യർ 8:1–4 മാസിഡോണിയക്കാർ നൽകിയത് ..........
5. 2 കൊരിന്ത്യർ 8:9 യേശു നൽകിയത് ..........

# ദിനം 27: സമൃദ്ധി

**- നിഘണ്ടുവിൽ സമൃദ്ധിയുടെ അർഥം കവിഞ്ഞൊഴുകുന്ന പൂർണ്ണത എന്ന് നൽകിയിരിക്കുന്നു. കവിഞ്ഞൊഴുകുവാൻ തക്കവണ്ണം ദൈവം നമ്മെ സമൃദ്ധിയായി നിറയ്ക്കുന്നു.**

ലൂക്കോസ് 6:38 കൊടുക്കുവിൻ എന്നാൽ നിങ്ങൾക്ക് കിട്ടും. അമർത്തി കുലുക്കി കവിയുന്നൊരു നല്ല അളവ് നിങ്ങളുടെ മടിയിൽ തരും. നിങ്ങൾ ഉപയോഗിക്കുന്ന അളവ് കൊണ്ട് നിങ്ങൾക്കും അളന്നു കിട്ടും.

**- നമ്മുടെ ദാനം എപ്രകാരം ദൈവം നമുക്ക് നൽകുന്നതിനെ സ്വാധീനിക്കുകയും പരിമിതപ്പെടുത്തുകയും ചെയ്യുന്നു?**

യോഹന്നാൻ 10:10 മോഷ്ടിക്കുവാനും കൊല്ലുവാനും മുടിക്കുവാനും ആണ് കള്ളൻ വരുന്നത്. എന്നാൽ അവർക്ക് ജീവൻ നൽകുവാനും അത് സമൃദ്ധിയായി ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നത്.

**- എപ്രകാരമുള്ള ജീവിതമാണ് ദൈവം നമുക്കായി കരുതി വച്ചിരിക്കുന്നത് എന്ന് വിശദീകരിക്കുക.**

2 കൊരിന്ത്യർ 9:8 നിങ്ങളുടെ എല്ലാ ആവശ്യങ്ങൾക്കും തക്കവണ്ണവും സകല സൽപ്രവർത്തികളിലും വർദ്ധിച്ചുവരത്തക്കവണ്ണവും, സമൃദ്ധിയായ അനുഗ്രഹം നൽകുവാൻ ദൈവം പ്രാപ്തനാണ്.

**- പുതിയ നിയമം അനുശാസിക്കുന്ന സമൃദ്ധി വിശദീകരിക്കുക.**

1 തിമോത്തി 6:17-19
ഈ ലോകത്തിലെ ധനികരോട്, അഹങ്കാരികളായിരിക്കരുതെന്നും അനിശ്ചിതമായ സമ്പത്തിലല്ല, നമുക്ക് അനുഭവിപ്പാൻ ആവശ്യമായതെല്ലാം ധാരാളമായി തരുന്ന ദൈവത്തിൽ തന്നേ പ്രത്യാശവയ്ക്കണമെന്നും നീ ആജ്ഞാപിക്കുക. 18നന്മചെയ്യുവാനും സുകൃതങ്ങളിൽ സമ്പന്നരാകുവാനും തങ്ങൾക്കുള്ളത് ഔദാര്യത്തോടെ പങ്കുവയ്ക്കുവാൻ സന്നദ്ധതകാണിക്കുവാനും അവരെ ഉദ്ബോധിപ്പിക്കുക. 19അങ്ങനെ ചെയ്താൽ യഥാർത്ഥ ജീവൻ അവകാശമാക്കുവാൻ തക്കവണ്ണം ഭാവിയിലേക്ക് ഉറപ്പുള്ള അടിസ്ഥാനമാകുന്ന നിക്ഷേപം സംഗ്രഹിച്ചുവയ്ക്കുവാൻ അവർക്കു സാധിക്കും.

**- എങ്ങനെയാണ് പൗലോസ് ധനികരായ ക്രിസ്ത്യാനികളോട് ഭാവിയിലേക്കായി ഉറപ്പുള്ള നിക്ഷേപം സംഗ്രഹിച്ചു വയ്ക്കാൻ ആവശ്യപ്പെടുന്നത്?**

# ദിനം 28: പ്രതിഫലം!

1. മത്തായി 6:20
എന്നാൽ കീടങ്ങളും തുരുമ്പും നശിപ്പിക്കാതെയും കള്ളന്മാർ കയറി കവർച്ചചെയ്യാതെയും ഇരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സംഭരിക്കുവിൻ.

- നാം പ്രതിഫലം അന്വേഷിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നുണ്ടോ?

2. എബ്രായർ 11:6
എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുക സാദ്ധ്യമല്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ടെന്നും തന്നെ ജാഗ്രതയോടെ അന്വേഷിക്കുന്നവർക്ക് അവിടുന്ന് പ്രതിഫലം നല്കുന്നുവെന്നും വിശ്വസിക്കേണ്ടതാകുന്നു.

- **ദൈവം നിങ്ങൾക്കായി ഒരു പ്രതിഫലം കരുതിവച്ചിട്ടുണ്ട് എന്ന് വിശ്വസിക്കുന്നുണ്ടോ?**

3. യോഹന്നാൻ 14:1-4
നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്; ദൈവത്തിൽ വിശ്വസിക്കുക, എന്നിലും വിശ്വസിക്കുക. 2എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്. ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലമൊരുക്കുവാൻ പോകുന്നു. 3ഞാൻ പോയി സ്ഥലം ഒരുക്കിയാൽ ഞാൻ ആയിരിക്കുന്നിടത്ത് നിങ്ങളും ആയിരിക്കേണ്ടതിന്, മടങ്ങി വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും. 4ഞാൻ പോകുന്ന സ്ഥലത്തേക്കുള്ള വഴി നിങ്ങൾക്കറിയാം.

- **യേശു നിങ്ങൾക്കായി ഭവനം ഒരുക്കുന്നു എന്ന് ചിന്തിക്കുക. ഇത് നിങ്ങളെ എങ്ങനെ പ്രചോദിപ്പിക്കുന്നു?**

4. ഉല്പത്തി 15:1
അനന്തരം അബ്രാമിനു ദർശനത്തിൽ യഹോവയുടെ അരുളപ്പാടുണ്ടായി: അബ്രാമേ, ഭയപ്പെടരുത്, ഞാൻ നിന്റെ പരിചയാകുന്നു; നിന്റെ അതിമഹത്തായ പ്രതിഫലവും.

- **ദൈവമാണ് നമ്മുടെ "മഹത്തായ പ്രതിഫലം" നിങ്ങളെ സംബന്ധിച്ച് ഇത് എത്ര അർത്ഥവത്താണ്?**
- **സ്വർഗ്ഗം വിശദീകരിക്കപ്പെട്ടിരിക്കുന്നു: എങ്ങനെയായിരിക്കും നമ്മുടെ നിക്ഷേപം കാണപ്പെടുക?**

വെളിപാട് 21:18-26
മതിൽ സൂര്യകാന്തം കൊണ്ടും നഗരം സ്വച്ഛ സ്ഫടികം പോലെയുള്ള തനിത്തങ്കം കൊണ്ടുമാണ് പണിതിരിക്കുന്നത്. നഗര മതിലുകളുടെ അടിസ്ഥാനങ്ങൾ എല്ലാവിധ രത്നങ്ങളാലും അലങ്കരിച്ചിരുന്നു. ഒന്നാം അടിസ്ഥാനം സൂര്യകാന്തം, രണ്ടാമത്തേത് നീലരത്നം, മൂന്നാമത്തെത് മാണിക്യം, നാലമത്തേത് മരതകം, അഞ്ചാമത്തേതു നഖവർണ്ണി, ആറാമത്തേത് ചുവപ്പുകല്ല്, ഏഴാമത്തേത് പീതരത്നം, എട്ടാമത്തേതു ഗോമേദകം, ഒമ്പതാമത്തേത് പുഷ്യരാഗം, പത്താമത്തേതു വൈഡൂര്യം, പതിനൊന്നാമത്തേത് പത്മരാഗം, പന്ത്രണ്ടാമത്തേതു സുഗന്ധി രത്നം. പന്ത്രണ്ടു കവാടവും പന്ത്രണ്ടു മുത്ത്. ഓരോ കവാടവും ഓരോ മുത്തുകൊണ്ടുള്ളതും നഗരത്തിന്റെ വീഥി സ്വച്ഛ സ്ഫടികത്തിനു സദൃശ്യമായ തങ്കം ആയിരുന്നു. നഗരത്തിൽ വിശുദ്ധ മന്ദിരം കണ്ടില്ല. സർവശക്തിയുള്ള ദൈവമായ കർത്താവും കുഞ്ഞാടും അതിന്റെ മന്ദിരമായിരുന്നു. നഗരത്തിൽ പ്രകാശിക്കാൻ സൂര്യനോ ചന്ദ്രനോ ആവശ്യമില്ല; ദൈവതേജസ് അതിനെ പ്രകാശിപ്പിക്കുന്നു; കുഞ്ഞാട് അതിന്റെ വിളക്കാകുന്നു. ജനതകൾ അതിന്റെ വെളിച്ചത്തിൽ നടക്കും; ഭൂമിയിലെ രാജാക്കന്മാർ തങ്ങളുടെ മഹത്വം അതിലേക്കു കൊണ്ടുവരും. അതിന്റെ കവാടങ്ങൾ പകൽ സമയത്തു അടയ്ക്കുകയില്ല. അവിടെ രാത്രി ഇല്ലല്ലോ! ജനതകളുടെ മഹിമയും ബഹുമാനവും അതിലേക്കു കൊണ്ടുവരും.

- **സ്വർഗ്ഗത്തിലെ നിക്ഷേപത്തെ വിശദീകരിക്കുക.**

**സംഗ്രഹം:**

- യേശുവിന്റെ സന്ദേശത്തിന്റെ കേന്ദ്രബിന്ദു നിധിയാണ്.
- ലൗകികമായ നിധിയെ പിന്തുടരാനുള്ള പ്രലോഭനകെണിയിൽ വീഴാതെ യഥാർത്ഥമായ നിധി നാം അന്വേഷിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു.
- ആത്യന്തികമായി നൽകാൻ കഴിയുന്ന ദൈവത്തെപോലെയാണ് നമ്മെയും സൃഷ്ടിച്ചിരിക്കുന്നത്.
- ഭൗതിക വാദത്തിൽ നിന്നും കരകയറുവാനും സ്വർഗ്ഗത്തിൽ നിധി ഉണ്ടാക്കുവാനും ഉള്ള രഹസ്യം ദാനമാണ്.
- ദൈവം സമൃദ്ധിയായി നൽകുന്നു... നാം നൽകുന്നതിലൂടെ നമുക്ക് സമൃദ്ധിയായ ഒരു ജീവിതം അവിടുന്ന് ഒരുക്കിവച്ചിരിക്കുന്നു.
- ദൈവം തരുന്ന പ്രതിഫലം നിത്യമായതാണ്, വിശദീകരിക്കാൻ സാധിക്കാത്തതാണ്, അവിടുന്ന് അത് നമുക്കായി ഒരുക്കിക്കൊണ്ടിരിക്കുന്നു. നാം അത് അന്വേഷിക്കണമെന്നും കണ്ടെത്തണമെന്നും അവിടുന്ന് ആഗ്രഹിക്കുന്നു.

- സ്വർഗ്ഗത്തിലെ നമ്മുടെ നിക്ഷേപം ദൈവം തന്നെയാണ്.

# ആഴ്ച 5: ധനകാര്യ ആസൂത്രണം

*ഒരു രശ്മിപോലെ നിത്യതയിലേക്കു നീളേണ്ടതാണു ജീവിതം, ഒരു*
*വിരാമംപോലെ തീരേണ്ടതല്ല* - റാൻഡി അൽകോൺ, ദി ട്രെഷർ പ്രിൻസിപ്പിൾ

ഈ ആഴ്ചയിലെ പാഠഭാഗങ്ങളുടെ കേന്ദ്രബിന്ദു ദൈവത്തിന് നമ്മോടുള്ള കാഴ്ചപ്പാടാണ്. ഭദ്രമായ ഒരു സാമ്പത്തിക നിലയിലെത്തുവാനും സമാധാനപൂർണ്ണമായ ഒരു ജീവിതം നയിക്കുവാനും സഹായകരമായ ഒരു സാമ്പത്തിക ആസൂത്രണത്തിനു നാം തയ്യാറാകേണ്ടതുണ്ട്. ഈ വഴി വെല്ലുവിളികൾ നിറഞ്ഞതാണ് - കഠിനാദ്ധ്വാനവും, സദുപദേശസ്വീകരണവും, വിവേകപൂർണമായ തീരുമാനങ്ങളും, അതോടൊപ്പം ആസൂത്രിതമായ ഒരു ജീവിതവുമെല്ലാം നാം കോർത്തിണക്കേണ്ടതുണ്ട്. ഒരു സാമ്പത്തിക ഉപദേഷ്ടാവിന്റെ സഹായവും ഞാൻ ശുപാർശചെയ്യുന്നു.

### യജമാനനിൽ നിന്ന് പഠിക്കുക: മനഃപാഠമാക്കേണ്ടുന്ന വചനം

സദൃശ്യ വാക്യങ്ങൾ 27:23
“നിന്റെ ആട്ടിൻപറ്റത്തിന്റെ അവസ്ഥ നന്നായി അറിഞ്ഞിരിക്കുക. നിന്റെ കന്നുകാലികളെ നന്നായി ശ്രദ്ധിക്കുക”

ലോകത്തിൽ വച്ച് ഏറ്റവും ധനവാനായിരുന്ന ശലമോൻ സാമ്പത്തികകാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനെകുറിച്ച് വളരെ വ്യക്തമായ ധാരണ സദൃശവാക്യങ്ങളിൽ ഉടനീളം നൽകുന്നു. ഉപദേശം എടുക്കുവാനും കഠിനാധ്വാനത്തിൽ ഏർപ്പെടാനും മികച്ച ഒരു പദ്ധതി ആവിഷ്കരിക്കാനും ശലമോൻ നമ്മെ വെല്ലുവിളിക്കുകയാണ്. ഈ ബോധ്യത്തിൽ നാം മുന്നോട്ട് പോയാൽ നമുക്ക് ലഭിക്കാനിരിക്കുന്ന പ്രതിഫലത്തെകുറിച്ചും ശലമോൻ ഉറപ്പുനൽകുന്നു.

ഇനി നാം കാണാൻ പോകുന്ന പാഠങ്ങൾ കൂടുതലും പ്രാവർത്തികതലത്തിലുള്ളതാണ്. അതുകൊണ്ട് കൂടുതൽ സമയം പ്രാർത്ഥനയ്ക്കായി മാറ്റിവയ്ക്കാനായി പദ്ധതികൾ അവിഷ്കരിക്കുക - ഈ വെല്ലുവിളികൾ പ്രാവർത്തികമാക്കാനായുള്ള വ്യക്തമായ മാർഗനിർദേശങ്ങൾ അതുവഴി ദൈവത്തിൽ നിന്നും ലഭിക്കുന്നതിനായും.

കഴിഞ്ഞ ദിവസങ്ങളിലെ പാഠഭാഗങ്ങളിലൂടെ ദൈവ പദ്ധതിയും അവിടുത്തെ ഹിതവും, അവിടുത്തെ പരമാധികാരവും തിരിച്ചറിയാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടെന്ന് വിശ്വസിക്കുന്നു. അതോടൊപ്പം നമ്മെ ഭരമേൽപ്പിച്ച എല്ലാറ്റിന്റെയും വിശ്വസ്ത കാര്യസ്ഥരായിരിക്കും നാം എന്ന പൂർണവിശ്വാസം ദൈവത്തിനു നമ്മക്കുറിച്ചുണ്ടെന്ന കാര്യവും നാം തിരിച്ചറിഞ്ഞിട്ടുണ്ടാകാം.

# ദിനം 29: സമർപ്പിതനാവുക - ആദ്യംതന്നെ

സദൃശവാക്യങ്ങൾ 16:3
നിന്റെ പ്രവൃത്തികൾ യഹോവയ്ക്ക് സമർപ്പിക്കുക. എന്നാൽ നിന്റെ പദ്ധതികൾ വിജയിക്കും.

- നാം പദ്ധതി തയ്യാറാക്കും എന്ന് ദൈവം അനുമാനിക്കുന്നു.
- നിങ്ങളുടെ സാമ്പത്തികത്തെക്കുറിച്ച് പ്രാർത്ഥിക്കുക. ഒരു വിശ്വസ്ത മാനേജരായി ദൈവത്തിന് നിങ്ങളെ സമർപ്പിക്കുക.

സദൃശവാക്യങ്ങൾ 14:24
ജ്ഞാനികളുടെ സമ്പത്ത് അവർക്ക് കിരീടം. മൂഢന്മാരുടെ ഭോഷത്തം ദോഷത്തിലേക്ക് നയിക്കുന്നു

- വിജയം അല്ലെങ്കിൽ പ്രതിഫലം പ്രതീക്ഷിക്കുക. ദൈവം അനുകൂലമെങ്കിൽ നമുക്ക് പ്രതികൂലം ആര്?
- ഒരു പദ്ധതിയുണ്ടാക്കി അതിൽ നാം ഉറച്ചുനില്ക്കുന്നത് ആദ്യം വേദനാ ജനകമായേക്കാമെങ്കിലും പിന്നീട് അതു സദ്ഫലങ്ങൾ ഉളവാക്കുമെന്നത് സുനിശ്ചിതമാണ്.
- നാം ഇന്ന് അന്വേഷിക്കുന്ന പ്രതിഫലം എന്താണ്? എന്തിനെയാണ് നാം ഇന്ന് സമ്പത്തായി കരുതുന്നത്?

## ദിനം 30: ഉപദേശം സ്വീകരിക്കുക

സദൃശവാക്യങ്ങൾ 15:22
ആലോചനയുടെ അഭാവത്തിൽ പദ്ധതികൾ പരാജയപ്പെടുന്നു; ആലോചനക്കാരുടെ ബഹുത്വത്താൽ അവ വിജയിക്കുന്നു.

സദൃശ്യവാക്യങ്ങൾ 12:15
ഭോഷനു തന്റെ പാത ചൊവ്വായി തോന്നുന്നു; ജ്ഞാനിയോ ഉപദേശം കേട്ടനുസരിക്കുന്നു.

സദൃശ്യവാക്യങ്ങൾ 13:10
അഹങ്കാരം കലഹം മാത്രം ജനിപ്പിക്കുന്നു; ആലോചന കേൾക്കുന്നവരിലോ ജ്ഞാനം ഉണ്ട്.

- നിങ്ങളുടെ സാമ്പത്തിക ഉപദേഷ്ടാവ് ആരാണ്?
- ധനകാര്യത്തിൽ നിങ്ങളെ സഹായിക്കാനായി പ്രാർത്ഥനയോടെ ആരെങ്കിലും തിരഞ്ഞെടുക്കുക.
- ആത്മീയരായ വ്യക്തികളിൽ നിന്ന് ശിക്ഷണത്തിലൂടെ കാര്യങ്ങൾ പഠിച്ചെടുക്കാനായി തീരുമാനിക്കുക, പുസ്തകങ്ങൾ വായിക്കുക, നിങ്ങൾക്ക് ആവശ്യമായ ഉപദേശം ലഭിക്കുന്നതിനായി ബന്ധപ്പെട്ട ക്ലാസ്സുകളിൽ അല്ലെങ്കിൽ റിട്രീറ്റുകളിൽ പങ്കെടുക്കുക.

## ദിനം 31: ഹൃദയപരമാർത്ഥതയോടെ പരിശ്രമിക്കുക

സദൃശവാക്യങ്ങൾ 14:23
കഠിനാദ്ധ്വാനത്തിനെല്ലാം ഫലമുണ്ട്; വ്യർത്ഥഭാഷണമോ ദാരിദ്ര്യത്തിലേക്കേ നയിക്കൂ.

സദൃശവാക്യങ്ങൾ 21:5
ഉത്സാഹിയുടെ നിരൂപണങ്ങൾ സമൃദ്ധിയിലേക്ക് നയിക്കും; ധൃതി കൂട്ടുന്നവൻ ദാരിദ്ര്യത്തിലകപ്പെടും"

- സാമ്പത്തികകാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിലെ ജ്ഞാനത്തിനുവേണ്ടി മാത്രമല്ല ചിലഴിക്കുന്ന സ്വഭാവത്തിൽ മാറ്റങ്ങൾ വരുവാനും വേണ്ടികൂടി പ്രാർത്ഥിക്കുക.
- നിങ്ങളുടെ ഉപദേഷ്ടാവിന്റെ സഹായത്തോടെ നല്ലൊരു ആസൂത്രണത്തിന് ആവശ്യമായ എല്ലാ സാമ്പത്തിക സ്രോതസ്സുകളും കണ്ടെത്തുക. പുസ്തകങ്ങളും, ബജറ്റുണ്ടാക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങളും, പഴയ ഉദാഹരണങ്ങളും, റിപ്പോർട്ടുകളുമെല്ലാം വിവരശേഖരണത്തിനായി ഉൾപ്പെടുത്താം.
- ആത്മാർത്ഥതയോടെയും കാര്യഗൗരവത്തോടെയും ഇക്കാര്യങ്ങൾ നിറവേറ്റുക. ചോദിക്കാൻ ആളില്ലാത്ത യാതൊരു ബജറ്റും വിജയിക്കുവാൻ പോകുന്നില്ല.

## ദിനം 32: ഒരു പദ്ധതി ആവിഷ്ക്കരിക്കുക

ലൂക്കോസ് 14:28-30
നിങ്ങളിൽ ഒരാൾ ഒരു ഗോപുരം പണിയുവാൻ ആഗ്രഹിക്കുന്നുവെന്നിരിക്കട്ടെ. അവൻ ആദ്യം ഇരുന്ന്, അതു പൂർത്തിയാക്കുവാൻ വേണ്ട പണം ഉണ്ടോ എന്ന കണക്കു കൂട്ടുകയില്ലേ? അല്ലെങ്കിൽ അടിസ്ഥാനം ഇട്ടിട്ട് അവന് അത് പൂർത്തീകരിക്കുവാൻ കഴിയാതെ പോയാൽ അതു കാണുന്നവർ എല്ലാവരും പരിഹസിച്ചു പറയും; ഇയാൾ പണിയാൻ തുടങ്ങി, എന്നാൽ തീർക്കാൻ കഴിവില്ലാതെ പോയി.

- സാമ്പത്തികകാര്യങ്ങളെ ജ്ഞാനത്തോടെയും സമീപിക്കാം, ഭോഷത്വത്തോടെയും സമീപിക്കാം.
- സാമ്പത്തിക ആസുത്രണം ഇല്ലെങ്കിൽ നിങ്ങളുടെ കൈയ്യിലുള്ളത് ആഗ്രഹങ്ങളുടെ ഒരു പട്ടിക മാത്രമാണ്. അത് ഒരു ബ്ലൂ പ്രിന്റ് (കരട് രേഖ) ആയിട്ടില്ല.
- നിങ്ങളുടെ സാമ്പത്തിക ഉപദേഷ്ടാവിന്റെ സഹായത്തോടെ ബജറ്റ് ഉണ്ടാക്കുകയും യഥാസമയം അതിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്യുക. "സീറോ ബെയ്സ് ബജറ്റ്" പ്രകാരം പൂജ്യം ബാലൻസിൽ തുടങ്ങുമ്പോൾ കൈയ്യിൽ വരുന്ന ഓരോ രൂപയും എന്തിനുവേണ്ടി ചെലവഴിക്കണം എന്ന് തരംതിരിച്ച് വരവും ചെലവും തുല്യമാകുന്ന രീതിയിൽ തയ്യാറാക്കുക.

# ദിനം 33: മിച്ചം പിടിക്കാൻ തുടങ്ങുക

സദൃശവാക്യങ്ങൾ 13:11
അന്യായ സമ്പാദ്യം ക്ഷയിച്ചു പോകും. അദ്ധ്വാനത്തിൽ നേടിയതോ വർദ്ധിച്ചുവരും.

സദൃശവാക്യങ്ങൾ 13:22
ഗുണവാൻ മക്കളുടെ മക്കൾക്കും അവകാശം നീക്കിവയ്ക്കുന്നു. പാപിയുടെ ധനമോ നീതിമാനുവേണ്ടി കൂട്ടിവച്ചിരിക്കുന്നു.

- സാമ്പത്തിക കാര്യങ്ങൾക്കായി നാം പദ്ധതിയുണ്ടാക്കുമ്പോൾ മിച്ചം പിടിക്കുന്നതിനെക്കുറിച്ചും നിക്ഷേപിക്കുന്നതിനെക്കുറിച്ചും പദ്ധതിയുണ്ടായിരിക്കണം.
- നമുക്ക് എങ്ങനെ തുടങ്ങാം? നാം മിച്ചം പിടിക്കുന്ന ഓരോ രൂപയ്ക്കും വ്യക്തമായ ഒരു ലക്ഷ്യം ഉണ്ടായിരിക്കണം. ഒളിച്ചുവയ്ക്കാനോ പണക്കാരാനാകാനോ സ്വാർത്ഥമായി ചെലവഴിക്കാനോ അല്ല നാം പണം മിച്ചം പിടിക്കുന്നത്. പിന്നെയോ സാമ്പത്തികകാര്യങ്ങളിൽ ഉത്തരവാദിത്വമുള്ളവും ഒരുക്കമുള്ളവരും വളരുന്നവരുമാകാനാണ്.

മിച്ചം പിടിക്കുന്നതിന്റെ മൂന്ന് തലങ്ങൾ ഡേവ് റാംസേ നിരത്തുന്നു:

**അത്യാവശ്യങ്ങൾക്കായുള്ള ഫണ്ട്:**
- അത്യാവശ്യങ്ങൾക്കായി ഒരു പതിനായിരം രൂപ ബാങ്കിൽ നിക്ഷേപിക്കുക.
- ഏതാണ് അത്യാവശ്യമെന്നും ഏതാണ് അല്ലാത്തതെന്നും മനസ്സിലാക്കിയെടുക്കുക.
- കടമെല്ലാം വീട്ടിയതിന് ശേഷം മൂന്നു മുതൽ ആറുമാസം വരെ ഈ തുക സ്വരുക്കൂട്ടുക.

**ഭാവിയിലേക്കുവേണ്ടുന്ന കാര്യങ്ങൾ വാങ്ങുന്നതിനായി:**
- കാർ, ഫർണിച്ചർ, വീട്, വിലപിടിപ്പുള്ള മറ്റു കാര്യങ്ങൾ, വിദ്യാഭ്യാസം മുതലായവയ്ക്കായി.
- കടം വാങ്ങിക്കുകയോ, ഒറ്റിക്കെടുക്കുകയോ ചെയ്യാതിരിക്കുക. പണം മിച്ചം പിടിച്ചുമാത്രം ആവശ്യമുള്ളവ വാങ്ങിക്കുക.

**സമ്പത്ത് സ്വരുക്കൂട്ടുന്നതിനായി:**
- ജോലിയിൽ നിന്ന് വിരമിച്ചതിന് ശേഷമുള്ള ജീവിതകാലത്തേക്കായി മിച്ചം പിടിക്കുക.
- കുട്ടികളുടെ കോളേജ്/ഉന്നത വിദ്യാഭ്യാസത്തിനായി സമ്പാദ്യം കരുതുക.
- ഒഴിവുകാലത്തെ യാത്രകൾക്കും, മിഷൻ യാത്രകൾക്കും, വേണ്ടപ്പെട്ടവർക്കു സഹായമെത്തിക്കുന്നതിനായും, വീടോ മറ്റോ വാങ്ങിക്കുന്നതിനായും ഒക്കെ സമ്പാദ്യം കരുതുക.

# ദിനം 34: കടം പൂർണമായും ഇല്ലാതാക്കുക

സദൃശവാക്യങ്ങൾ 6: 1-2, 6
മകനേ, അയൽക്കാരനുവേണ്ടി നീ ജാമ്യം നില്ക്കുകയോ, അന്യനുവേണ്ടി കൈയ്യടിച്ച് ഉറപ്പു നൽകുകയോ ചെയ്തിട്ടുണ്ടെങ്കിൽ, 2നിന്റെ വാക്കുകളാൽ നീ ചതിക്കപ്പെട്ടു; നിന്റെ ഭാഷണത്താൽ നീ കെണിയിലായി".
6വേട്ടക്കാരന്റെ കൈയ്യിൽ നിന്നും കലമാൻ ഓടി രക്ഷപ്പെടുന്നതുപോലെ കടക്കെണിയിൽ നിന്ന് ഓടി രക്ഷപ്പെടുക.

- വളരെ വേഗത്തിൽ ഓടാൻ കഴിയുന്ന ഒരു മൃഗമാണ് കലമാൻ.
- ഡേവ് റാംസേ കടക്കെണിയിൽ നിന്നും രക്ഷപ്പെടാൻ നാം എടുക്കേണ്ടുന്ന ശ്രമത്തെ "ഗസല്ലേ ഇന്റൻസിറ്റി" എന്ന വാക്ക് കൊണ്ട് വിശദീകരിക്കുന്നു. മാർക്കറ്റിംഗ് മേഖലയിൽ ഉള്ളവർ നിങ്ങളെ വേട്ടയാടി കടക്കെണിയിൽ വീഴ്ത്താൻ നോക്കുമ്പോൾ ഒരു കലമാനെപ്പോലെ ഓടി രക്ഷപ്പെടാൻ ശ്രമിക്കുക.
- കടം ദൈവവുമായി നമുക്കുള്ള ബന്ധങ്ങളെയും, നമ്മുടെ സാമ്പത്തിക സമാധാനത്തേയും, മറ്റുള്ളവരുമായുള്ള നമ്മുടെ ബന്ധങ്ങളെയും, നമ്മുടെ പ്രത്യാശയേയും കശക്കിയെറിഞ്ഞുകളയും.

*കടം വീട്ടാനുള്ള ഒരു പദ്ധതിയുണ്ടാക്കി അതു പിൻതുടരുക:*

- നിങ്ങൾക്ക് ആവശ്യമില്ലാത്ത ഒന്നും വാങ്ങിക്കാതിരിക്കുക. കടത്തിൽ നിന്നും പൂർണമായും വിമുക്തരാകുന്നതു വരെ വിലയേറിയ സംഗതികൾ വാങ്ങിക്കുന്നത് ഒഴിവാക്കുക.
- നിങ്ങളുടെ ക്രെഡിറ്റ് കാർഡ് റദ്ദാക്കുക.
- ചെറിയ കടങ്ങൾ ആദ്യം അടച്ചു തീർക്കുക. അതുതന്നെ വലിയ ആശ്വാസം കൊണ്ടുവരും. അങ്ങനെ ചെറിയതിൽ തുടങ്ങി വലിയതോതിലുള്ള കടങ്ങളും ഓരോന്നായി അടച്ചുതീർക്കുക.
- ഗുരുതരമായ പ്രതിസന്ധിയിലാണു നിങ്ങൾ എങ്കിൽ, സാമ്പത്തിക ഉപദേഷ്ടാവിന്റെ സഹായം കൈക്കൊള്ളുക.

# ദിനം 35: സമ്പത്ത് പങ്കുവയ്ക്കുക:

## (സഭയുടെയും മിഷൻ പ്രവർത്തനങ്ങളുടെയും പാവപ്പെട്ടവരുടേയും ആവശ്യങ്ങൾക്കായി നൽകുക.)

ദൈവം നമുക്കു നിൽകിയിട്ടുള്ളവ എല്ലാം (വസ്തുവകകളാകട്ടെ, പണമാകട്ടെ, കഴിവുകളാകട്ടെ, മറ്റെന്തുമായിക്കൊള്ളട്ടെ), ദൈവത്തിന്റെ മഹത്വത്തിനായി ദൈവഹിതമനുസരിച്ച് ഉപയോഗിക്കുമ്പോഴാണ് നാം യഥാർത്ഥത്തിൽ വിശ്വസ്തകാര്യസ്ഥരായ ശിഷ്യരായി മാറുക. നമ്മുടെ സമൂഹത്തിലും സകല രാജ്യത്തിലും സുവിശേഷം എത്തിക്കുക എന്നതാണ് ദൈവത്തിന്റെ പദ്ധതി. നമ്മുടെ സമൂഹത്തിലും ലോകമെമ്പാടും ഉള്ള നഷ്ടപ്പെട്ടആത്മാക്കളുടെ ആവശ്യങ്ങൾ നിറവേറ്റാനായി ദൈവം നമ്മെ ശക്തിപ്പെടുത്തുന്നു.

**1. സഭയ്ക്ക്: ദശാംശമായി നൽകുന്ന സംഭാവന**

1 കൊരിന്ത്യർ 9: 14
അതുപോലെ തന്നെ സുവിശേഷം പ്രസംഗിക്കുന്നവർ സുവിശേഷത്താൽ ഉപജീവിക്കണമെന്നു കർത്താവ് കല്പിച്ചിരിക്കുന്നു.

- നിങ്ങളുടെ ഉദാരമായ സംഭാവന കൂടുതൽപേർക്ക് മുഴുവൻ സമയ സുവിശേഷശുശ്രൂഷചെയ്യാൻ സഹായകരമാകുന്നു. ദൈവരാജ്യം പടുത്തുയർത്താനായി ദൈവം വിളിച്ചുവേർതിരിച്ചിരിക്കുന്ന വ്യക്തികൾക്ക് അവരുടെ മുഴുവൻ സമയവും അതിനായി മാറ്റിവയ്ക്കാൻ ഇതിലൂടെ സാധിക്കുന്നു.
- നമ്മുടെ ദശാംശ സംഭാവന സഭയ്ക്ക് അരാധനയും മറ്റു യോഗങ്ങളും നടത്താനായി സ്ഥലസൗകര്യങ്ങൾ കണ്ടെത്താനും വ്യത്യസ്ത മിനിസ്ട്രികൾക്കുള്ള (യുവജനങ്ങൾക്കും, കൗമാര പ്രായക്കാർക്കും, വിദ്യാർത്ഥികൾക്കും, വിധവകൾക്കും, വിവാഹിതർക്കുമൊക്കെയുള്ളത്) പണം സ്വരൂപിക്കാനും സഹായകമാകും.

2 കൊരിന്ത്യർ 8: 1-5, 7
സഹോദരരേ മാസിഡോണിയയിലെ സഭകൾക്കു ദൈവം നൽകിയ കൃപയെപ്പറ്റി നിങ്ങൾ അറിഞ്ഞിരിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. 2കഷ്ടതയുടെ വലിയ ശോധനയിൽ ആയിരുന്നിട്ടും അവരുടെ സന്തോഷ സമൃദ്ധിയും കഠിനദാരിദ്ര്യവും ഔദാര്യത്തിന്റെ ഒരു വലിയ സമ്പത്തായി കവിഞ്ഞൊഴുകുവാൻ ഇടയായി. 3അവർ തങ്ങളുടെ കഴിവനുസരിച്ചും അതിനപ്പുറവും ദാനം ചെയ്തു എന്നതിനു ഞാൻ സാക്ഷി. 4വിശുദ്ധർക്കുവേണ്ടിയുള്ള ഈ ശുശ്രൂഷയിൽ പങ്കുവഹിക്കുക എന്ന പദവിക്കായി അവർ താത്പര്യമായി ഞങ്ങളോട് അപേക്ഷിച്ചു. 5അതും ഞങ്ങൾ പ്രതീക്ഷിച്ചിരുന്നതുപോലെയല്ല, അവർ ഒന്നാമതു കർത്താവിനും പിന്നെ ദൈവഹിതപ്രകാരം ഞങ്ങൾക്കും തങ്ങളെത്തന്നെ ഏൽപിച്ചു...

7വിശ്വാസം, പ്രസംഗം, പരിജ്ഞാനം, തികഞ്ഞ ശുഷ്കാന്തി, ഞങ്ങളോടുള്ള സ്നേഹം എന്നിങ്ങനെ എല്ലാറ്റിലും നിങ്ങൾ മികച്ച നില്കുന്നതുപോലെ ദാനധർമ്മത്തിന്റെ ഇക്കാര്യത്തിലും ഏറ്റവും മുന്നിലായിരിക്കണം.

- നൽകുന്ന കാര്യത്തിൽ മികച്ചുനിൽക്കുക. നിങ്ങളുടെ സംഭാവന ആദ്യഫലമായി ദൈവത്തിന് മാറ്റിവയ്ക്കുക, ആദ്യത്തെ ഭാഗം ദൈവത്തിനാകട്ടെ.

2 കൊരിന്ത്യർ 9:6
ഇത് ഓർത്തുകൊള്ളുക അല്പം വിതയ്ക്കുന്നവൻ അല്പം കൊയ്യും. ധാരാളം വിതയ്ക്കുന്നവൻ ധാരാളം കൊയ്യും.

- ദൈവത്തിന്റെ സമ്പത്തിന്റെ കാര്യസ്ഥരായിരിക്കുമ്പോൾ ഉദാരമായി ദാനം ചെയ്യാനുള്ള ഒരുപാട് അവസരങ്ങൾ നമുക്കുണ്ട്.
- നിങ്ങളുടെ ദശാംശസംഭാവനയിൽ കൂടുതലായി എന്തെങ്കിലും മാറ്റം വരുത്തണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? നിങ്ങളെ വഴിനടത്തുന്നവരുമായി സംസാരിക്കുക.

**2. മിഷൻ സംഭാവന (സ്പെഷ്യൽ കോൺട്രിബ്യൂഷൻ)**

മത്തായി 28: 19-20
അതുകൊണ്ട് നിങ്ങൾപോയി സകല ജനതകളെയും ശിഷ്യരാക്കി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതെല്ലാം അനുസരിക്കുവാൻ അവരെ ഉപദേശിക്കയും ചെയ്വിൻ. ഞാനോ യുഗാന്ത്യം വരെയും എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും.

- എല്ലാ വർഷവും ജൂൺ മാസത്തിൽ (അല്ലെങ്കിൽ മറ്റേതെങ്കിലും മാസത്തിൽ) മിഷൻ പ്രവർത്തനങ്ങൾക്കുവേണ്ടി നാം നൽകുന്ന സ്പെഷ്യൽ കോൺട്രിബ്യൂഷൻ പുതിയ സ്ഥലങ്ങളിൽ സഭ സ്ഥാപിക്കാനായി മിഷൻടീമിനെയും മറ്റും വളർത്തിയെടുക്കാനും അയക്കാനും സഹായകമാകും.
- അതുപോലെ സഭയിലെ മുഴുവൻ സമയ പ്രവർത്തകരെ മറ്റു സഭകളെയും സഭാനായകരെയും സഹായിക്കാനായി അയ്ക്കുവാൻ ഇതിലൂടെ സാധിക്കുന്നു. സഭകളെയെല്ലാം ഒരുമയിൽ വളർത്തുവാനും ആവശ്യമായുള്ള എല്ലാ സ്ഥലങ്ങളിലും ദൈവവചനം പ്രസംഗിക്കുവാനും നിങ്ങളുടെ സംഭാവന സഹായമായിത്തീരുന്നു.

**നിങ്ങൾക്ക് എങ്ങനെ സഹായിക്കാനാകും?**
- ചിലർ മറ്റു സ്ഥലങ്ങളിൽ പോയി സഭ സ്ഥാപിക്കുന്നു, മറ്റുചിലരാകട്ടെ മാതൃസഭയിൽ തുടർന്നുകൊണ്ട് ഹൃദയപൂർവ്വം സംഭാവനകൾ നൽകി ഈ മിഷൻ പ്രവർത്തനത്തെ പിന്താങ്ങുന്നു.
- ലോകത്തെ സുവിശേഷവല്കരിക്കുന്നതിൽ നാം എല്ലാവരും ഭാഗഭാക്കാകണം. ദൈവം നിങ്ങൾക്കായി കരുതിവച്ചിരിക്കുന്ന കർത്തവ്യം തിരിച്ചറിയാനായി പ്രാർത്ഥിക്കുക

2 കൊരിന്ത്യർ 8:13-14
നിങ്ങളെ ബുദ്ധിമുട്ടിച്ച് മറ്റുള്ളവരെ സുഭിക്ഷരാക്കണമെന്നല്ല സമത്വം ഉണ്ടാകണം എന്നത്രേ ഞങ്ങൾ ആശിക്കുന്നത്. ഇപ്പോൾ നിങ്ങളുടെ സമൃദ്ധി അവരുടെ ആവശ്യങ്ങൾ നിർവ്വഹിക്കുവാനും പിന്നീട് അവരുടെ സമൃദ്ധി നിങ്ങളുടെ ആവശ്യങ്ങൾ നിർവ്വഹിക്കുവാനും സഹായകമാകും. അങ്ങനെ സമത്വമുണ്ടാകും.

- എന്തുകൊണ്ടായിരിക്കാം ദൈവം ചിലർക്ക് സമൃദ്ധമായും മറ്റുചിലർക്ക് വളരെകുറച്ചും നൽകിയിരിക്കുന്നത്? സമ്പന്നർ ബുദ്ധിമുട്ടിലായിരിക്കുന്നവരെ സഹായിക്കാൻ വേണ്ടിയല്ലേ? സമത്വം എന്ന വാക്കുകൊണ്ട് പൗലോസ് ഇവിടെ എന്താണുദ്ദേശിക്കുന്നത്? അത് നിങ്ങളിൽ എന്തു സ്വാധീനമാണ് ചെലുത്തേണ്ടത്?
- ലോകം മുഴുവൻ സുവിശേഷീകരിക്കുന്നതിനും നമ്മുടെ ധനസഹായം ആവശ്യമാണ്. അതിൽ നാമും ഭാഗഭാക്കാകാൻ പ്രാർത്ഥിക്കുക. മിഷൻ കോൺട്രിബ്യൂഷൻ കൊടുക്കുന്ന കാര്യത്തിൽ നിങ്ങൾക്കെന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടോ? നിങ്ങളെ വഴിനടത്തുന്നവരുമായി സംസാരിക്കുക.

**3. ആവശ്യത്തിലിരിക്കുന്നവർക്കുവേണ്ടി: ദരിദ്രരായവർക്കുള്ള സംഭാവന**

ആവർത്തനം 15:11
ദരിദ്രർ ദേശത്ത് എപ്പോഴും ഉണ്ടായിരിക്കും. അതുകൊണ്ട് നിന്റെ ദേശത്ത് ദരിദ്രനും ആവശ്യത്തിലിരിക്കുന്നവുമായ നിന്റെ സഹോദരനെ കൈതുറന്ന് സഹായിക്കണമെന്ന് ഞാൻ നിന്നോട് കല്പിക്കുന്നു.

സദൃശവാക്യങ്ങൾ 21:13
ഒരുവൻ ദരിദ്രന്റെ നിലവിളിക്കു ചെവി പൊത്തിയാൽ അവന്റെ നിലവിളിക്കും ഉത്തരം ലഭിക്കുകയില്ല.

യിരെമ്യ 22:16
അദ്ദേഹം ദരിദ്രൻമാർക്കും എളിയവർക്കും ന്യായം പാലിച്ചു കൊടുത്തു: അതിനാൽ എല്ലാം അദ്ദേഹത്തിന് നന്മയ്ക്കായി ഭവിച്ചു. എന്നെ അറിയുക എന്നതിന്റെ അർത്ഥം അതല്ലേ എന്ന് യഹോവയുടെ അരുളപ്പാട്.

- നമ്മുടെ സമൃദ്ധി ബുദ്ധിമുട്ടിലായിരിക്കുന്നവരെ ഉദാരമായി സഹായിക്കാനുള്ള അവസരമാണ്. ദൈവം നൽകിയിരിക്കുന്ന സമൃദ്ധിയും സമ്പത്തും മാസത്തിലൊരിക്കൽ പാവങ്ങളെ സാഹിക്കുന്നതിനുവേണ്ടി മാത്രമല്ല. പിന്നെയോ നമ്മുടെ കുടുംബത്തിന്റെയും തൊട്ടടുത്ത ചെറിയ സഭകളുടെയും അയൽപക്കത്തുള്ളവരുടെയും നമ്മുടെ സമൂഹത്തിലുള്ളവരുടേയും ആവശ്യങ്ങൾക്ക് വേണ്ടിയും നൽകുന്നതിനാണ്.
- തുറന്ന ഹൃദയവും കൈയച്ചു നൽകാനുള്ള സന്നദ്ധതയ്ക്കുമായി പ്രാർത്ഥിക്കുക.
- ദരിദ്രർക്ക് കൊടുക്കുന്ന കാര്യത്തിലെ നിങ്ങൾക്കുള്ള മനോഭാവത്തിൽ എന്തെങ്കിലും മാറ്റം വരുത്തണമെന്നു തോന്നുന്നുണ്ടോ? നിങ്ങളെ വഴിനടത്തുന്നവരുമായി സംസാരിക്കുക.

# ആഴ്ച 6: ശിഷ്യത്വവും സാമ്പത്തിക കാര്യങ്ങളും

*സ്വർഗ്ഗമാണ് എന്റെ ഭവനം, ഭൂമിയല്ല* - റാൻഡി അൽകോൺ,
ദി ട്രെഷർ പ്രിൻസിപ്പിൾ

അപൂർവ്വമായി മാത്രം നാം സംസാരിക്കാറുള്ള ഒരു പ്രധാന വിഷയത്തെക്കുറിച്ച് ഈ നാല്പതു ദിവസത്തെ യാത്രയിൽ നാം കൂടുതൽ ആഴത്തിൽ ഇറങ്ങിച്ചെന്നു - സാമ്പത്തിക കാര്യങ്ങളെ നാം എപ്രകാരം വിലയിരുത്തുന്നു, കൈകാര്യം ചെയ്യുന്നു, മനസ്സിലാക്കുന്നു എന്നൊക്കെ. സാമ്പത്തിക കാര്യങ്ങളിലുള്ള വിശ്വാസത്തോടുകൂടി നാം ഈ വിഷയത്തെ സമീപിക്കുമ്പോൾ, നമ്മുടെ ബോധ്യങ്ങളെ പരിപോഷിപ്പിക്കുകയും സ്വഭാവങ്ങളെയും ശീലങ്ങളെയും മനോഭാവങ്ങളെയും ദൈവത്തിന്റെ ശക്തിയാലും കൃപയാലും മൂല്യങ്ങളാലും സംശുദ്ധമാക്കുകയും ചെയ്തുകൊണ്ട് നമ്മുടെ ജീവിതം രൂപാന്തരപ്പെട്ടതായിത്തീരുന്നു. നമ്മെ ദൈവത്തോട് അടുപ്പിക്കുന്ന ഒരു സാഹസിക യാത്രയായി വിശ്വാസത്തെ കാണാനും യേശുവിന് അനുരൂപമായ ഒരു ജീവിതം നയിക്കാൻ നമ്മെ സഹായിക്കാനുമാണ് വിശ്വാസം ദൈവം നമുക്കു നല്കിയിരിക്കുന്നത്, അതു വെറുതെ ബുദ്ധിക്ക് ആയാസം നല്കുന്ന ഒരു കാര്യമല്ല.

നമ്മുടെ തോന്നലുകൾക്കും നാം ഉൾപ്പെടുന്ന സംസ്കാരത്തിനുമെല്ലാം വിരുദ്ധമായി നിലകൊള്ളുന്ന ഒരു കാര്യമാണ് ശിഷ്യത്വം. ഈ ലോകത്തിനു നമ്മെ അനുരൂപരാക്കുന്ന കാര്യങ്ങളായ സ്വയംപൂരണവും തൃപ്തിയില്ലായ്മയും ഉപഭോഗതൃഷ്ണയും നമ്മിൽ കുത്തിനിറയ്ക്കാൻമാത്രം ഉതകുന്ന സന്ദേശങ്ങളുമായി ഈ ലോകം നമ്മെ ലക്ഷ്യം വച്ചുകൊണ്ടിരിക്കുന്നു. എന്നിരുന്നാലും ഈ ലോകതത്വങ്ങൾ നമ്മിൽ വളർത്തുന്നത് ഫലപ്രദമല്ലാത്തതും ആരോഗ്യകരമല്ലാത്തതുമായ സാമ്പത്തിക പെരുമാറ്റശീലങ്ങളാണ്. യാതൊരു പദ്ധതിയുമില്ലാതെ ചിലവഴിക്കാനും, വരവിനുമെത്രയോ മേലെ ചിലവഴിക്കാനും, കടം പെരുപ്പിക്കാനും, നിക്ഷേപിക്കുന്നതിന്റെയും നല്കുന്നതിന്റെയും ശക്തിയെ തുച്ഛീകരിച്ചു കാണിക്കാനും മാത്രമേ ഇവകൾ ഉപകരിക്കുകയുള്ളൂ.

ബൈബിളിൽ ദൈവം നല്കുന്നതാകട്ടെ, വളരെയേറെ ഫലപ്രദവും കാലാതീതവും കാലത്താൽ പരീക്ഷിക്കപ്പെട്ടതും പ്രായോഗികവുമായ സാമ്പത്തിക സിദ്ധാന്തങ്ങളാണ്. നമ്മുടെ അനുദിന ജീവിതചര്യകളിൽ ദൈവത്തെ സ്വാഗതം ചെയ്യുന്ന രീതിയിൽ ദൈവീകമൂല്യങ്ങൾ പ്രാവർത്തികമാക്കുവാനും തെറ്റായ രീതിയിൽ നാം പിന്തുടർന്നു വന്നിരുന്ന ലൗകീകതത്വങ്ങളും അനാരോഗ്യശീലങ്ങളും പരിശോധിച്ച് അവയ്ക്കുമേൽ വിജയം വരിക്കുവാനും നമ്മെ വെല്ലുവിളിക്കുന്ന പരിശീലനമാണ് ദൈവരാജ്യത്തിലേത്.

ആഴ്ച 1: ആകാശത്തിന്റെയും ഭൂമിയുടെയും കർത്താവായ ദൈവത്തെ നാം കണ്ടു.
ആഴ്ച 2: ദൈവം നമ്മിൽ ഭരമേല്പിച്ചിരിക്കുന്ന സകല സ്രോതസ്സിന്റെയും കാര്യസ്ഥനാണ്/ഭൃത്യനാണ് നാം എന്നു മനസ്സിലാക്കി.
ആഴ്ച 3: കടംവാങ്ങിയയാൾ കടംനല്കിയയാളിന്റെ ദാസനാണ് (ആകയാൽ അതിൽനിന്നും പുറത്തു കടക്കുക).
ആഴ്ച 4: ഹൃദയവിശാലതയോടെ നല്കുവാൻ തക്കവിധത്തിൽ ദൈവം നമ്മെ - ദൈവത്തെപ്പോലെ തന്നെ - ധനികരാക്കിയിരിക്കുന്നു.
ആഴ്ച 5: ദൈവമൂല്യങ്ങൾക്കനുസരിച്ചുള്ള ഒരു സാമ്പത്തിക രൂപരേഖനാം പിന്തുടരണമെന്ന് ദൈവം ആവശ്യപ്പെടുന്നു.
ആഴ്ച 6: സാമ്പത്തിക മേഖലയിലുള്ള ശിഷ്യത്വം ഈ മൂല്യങ്ങളെല്ലാം ജീവിതത്തിൽ പ്രാവർത്തികമാക്കാൻ നമ്മെ സഹായിക്കുന്നു.

സാമ്പത്തികശിഷ്യത്വത്തെക്കുറിച്ചുള്ള ബൈബിൾ പഠനത്തിന്റെ ഈ അവസാന ആഴ്ചയിൽ വ്യക്തിപരമായ നമ്മുടെ ശിഷ്യത്വത്തിലും കുടുംബത്തിലും ജോലിയിലും സ്വപ്നങ്ങളിലും തീരുമാനങ്ങളിലുമെല്ലാം വേദപുസ്തകമൂല്യങ്ങൾ പ്രാവർത്തികമാക്കുന്നതിനെക്കുറിച്ചു കൂടുതൽ പഠിക്കാം.

# ദിനം 36: സാമ്പത്തിക കാര്യങ്ങളിലുള്ള എന്റെ ശിഷ്യത്വം

മനഃപാഠമാക്കാൻ:
**ലൂക്കോസ് 9:24**
സ്വന്തം ജീവൻ രക്ഷിപ്പാൻ ഇച്ഛിക്കുന്ന ഏവനും അതിനെ നഷ്ടമാക്കും; എനിക്കുവേണ്ടി തന്റെ ജീവൻ നഷ്ടമാക്കുന്നവനോ അതിനെ രക്ഷിക്കും.

## രക്ഷിക്കുമോ അതോ നഷ്ടപ്പെടുത്തുമോ?
നമ്മുടെ ജീവിതരീതിയെ സംരക്ഷിക്കാനാണ് നാം പ്രലോഭിപ്പിക്കപ്പെടുന്നത്, എന്നാൽ അവയെല്ലാം ദൈവത്തിനു വിട്ടുകൊടുക്കണമെന്നാണ് യേശു കല്പിക്കുന്നത്.

## വെളിച്ചത്തിൽ നടക്കുക.
ദൈവം പ്രകാശമാണ്, സാത്താൻ ഇഷ്ടപ്പെടുന്നത് ഇരുട്ടിനെയാണ്. നിങ്ങളുടെ സാമ്പത്തിക പെരുമാറ്റ രീതികളിൽ ദൈവത്തിന്റെ വെളിച്ചം പ്രകാശിപ്പിക്കാൻ തീരുമാനമെടുക്കുക.

## ഉപദേശമെടുക്കുക.
ശിഷ്യത്വം നമുക്കു പകർന്നു തരുന്നത് ശിഷ്യനായ മറ്റൊരാളിൽനിന്നുമാണ്. ഉപദേശങ്ങൾ സ്വീകരിക്കുവാനും വളരുവാനുമായി തീരുമാനമെടുക്കുക.

## ആത്മീയ ചിന്ത.
നമ്മുടെ ചിന്താരീതികളെ കടഞ്ഞെടുത്തു വച്ചിരിക്കുന്നു. തുറന്ന ഹൃദയമുണ്ടാകുവാനം മാറ്റം വരുത്തുവാനുമായി പ്രാർത്ഥിക്കുക.

പ്രായോഗിക തലത്തിലാക്കേണ്ടത്:

**1. ആത്മ നിയന്ത്രണം.**

## സദൃശവാക്യങ്ങൾ 25:28
ആത്മനിയന്ത്രണമില്ലാത്ത മനുഷ്യൻ തകർന്നതും, മതിലില്ലാതെയും കിടക്കുന്ന പട്ടണത്തിനു തുല്യൻ.

- സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന് ഉതകുന്ന രീതിയിൽ എനിക്കു വളരാൻ കഴിയുന്ന ഒരു കാര്യം എന്താണ്?

**2. സംതൃപ്തി.**

## സദൃശവാക്യങ്ങൾ 30:7-9
യഹോവേ, രണ്ടുകാര്യം ഞാൻ അങ്ങയോടപേക്ഷിക്കുന്നു. ഞാൻ മരിക്കുന്നതുവരെ അവ നിഷേധിക്കരുത്. ജീവപര്യന്തം എനിക്കവ നിരസിക്കരുതേ. കപടവും വ്യാജവും എന്നിൽനിന്നകറ്റണമേ; ദാരിദ്ര്യവും സമ്പത്തും എനിക്കു നല്കരുതേ, നിത്യവൃത്തിമാത്രം തന്ന് എന്നെ പുലർത്തണമേ.

- അതൃപ്തിയുടെ സന്ദേശമാണ് ഈ ലോകം അനുദിനം പരസ്യപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. ഞങ്ങൾ വില്ക്കുന്ന ഈ സാധനം നിങ്ങളുടെ കൈവശമില്ലെങ്കിൽ നിങ്ങളുടെ ജീവിതം പൂർണ്ണമല്ല! എന്നതാണ് അവർ നിരന്തരം നല്കുന്ന സന്ദേശം.
- സാമ്പത്തിക കാര്യങ്ങളിൽ സുശിക്ഷിതമായി നാം തുടരുമ്പോൾ നമ്മിലേക്കു സംതൃപ്തി കടന്നുവരുന്നതെങ്ങനെയാണ്?

**3. മാതൃക.**

## 1 തെസ്സലോനിക്യർ 4:11-12
പുറത്തുള്ളവരോട് ഉചിതമായി പെരുമാറുവാനും ഒന്നിനും ബുദ്ധിമുട്ടു വരാതിരിക്കുവാനും വേണ്ടി ഞങ്ങൾ നിങ്ങളോട് ആജ്ഞാപിച്ചതുപോലെ ശാന്തമായൊരു ജീവിതം നയിക്കുവാനും സ്വന്തകാര്യം നോക്കുവാനും നിങ്ങൾ ജാഗ്രതയുള്ളവരായിരിക്കണം.

- സാമ്പത്തിക ഉത്തരവാദിത്വങ്ങളിലുള്ള നിങ്ങളുടെ മാതൃക എത്രമാത്രം മറ്റുള്ളവരിൽ നിന്നും ആദരവു പിടിച്ചുപറ്റുന്ന തരത്തിലുള്ളതാണ്?

**4. ഹൃദയപരമാർത്ഥത.**

## റോമർ 13:1-8
ഓരോരുത്തനും ഭരണാധികാരികൾക്കു കീഴ്പെട്ടിരിക്കണം, എന്തെന്നാൽ ദൈവത്തിൽനിന്നല്ലാതെ ഒരധികാരവുമില്ല. നിലവിലുള്ള അധികാരങ്ങളോ ദൈവത്താൽ സ്ഥാപിതമാണ്. 2അതുകൊണ്ട് അധികാരത്തെ ധിക്കരിക്കുന്നവൻ ദൈവവ്യവസ്ഥയെ ധിക്കരിക്കുന്നു. അങ്ങനെ ചെയ്യുന്നവർ തങ്ങൾക്കുതന്നേ ശിക്ഷാവിധി വരുത്തിവയ്ക്കും. 3സന്മാർഗ്ഗികൾക്കല്ല ദുർമ്മാർഗ്ഗികൾക്കാണ് ഭരണാധികാരികളെ ഭയപ്പെടേ

ണ്ടിവരുന്നത്. അധികാരിയോടുള്ള ഭയത്തിൽനിന്നു സ്വതന്ത്രനായിരിപ്പാൻ നീ ആഗ്രഹിക്കുന്നുവോ? എങ്കിൽ, നല്ലതു പ്രവർത്തിക്കുക. അയാൾ നിന്നെ പുകഴ്ത്തും. 4അയാൾ നിന്റെ നന്മയ്ക്കായി നിയോഗിക്കപ്പെട്ട ദൈവശുശ്രൂഷകനത്രേ. എന്നാൽ നീ തെറ്റു ചെയ്യുന്നു എങ്കിലോ ഭയപ്പെടണം. വെറുതെയല്ല അയാൾ വാൾ വഹിക്കുന്നത്. അയാൾ ദൈവത്തിന്റെ ഭൃത്യനും തെറ്റു ചെയ്യുന്നവനെ ശിക്ഷിക്കുവാൻ ദൈവകോപത്തിന്റെ കാര്യസ്ഥനുമാണ്. 5ആകയാൽ, ശിക്ഷയെ ഭയന്നുമാത്രമല്ല, മനസ്സാക്ഷിയെ വിചാരിച്ചും അധികാരികൾക്കു കീഴടങ്ങേണ്ടത് ആവശ്യമാണ്. 6ഇക്കാരണത്താലാണു നിങ്ങൾ നികുതി കൊടുക്കുന്നത്. അധികാരികൾ മുഴുവൻ സമയവും ഭരണകാര്യത്തിൽ വ്യാപൃതരായ ദൈവഭൃത്യരാണ്. 7ഓരോരുത്തർക്കും കടപ്പെട്ടിരിക്കുന്നതു കൊടുക്കുവിൻ. നികുതിയെങ്കിൽ നികുതി, ചുങ്കമെങ്കിൽ ചുങ്കം, ആദരവെങ്കിൽ ആദരവ്, ബഹുമാനമെങ്കിൽ ബഹുമാനം.

**നമ്മുടെ ഹൃദയപരമാർത്ഥതയിലാണ് നമ്മുടെ ശിഷ്യത്വം മറഞ്ഞിരിക്കുന്നത്. വിട്ടുവീഴ്ചകൾ ചെയ്യാൻ സാത്താൻ നമ്മെ പ്രലോഭിപ്പിക്കുമ്പോൾ ഇക്കാര്യം നാം ഓർക്കണം. കൊടുക്കേണ്ടതു നീതിപൂർവ്വകമായി കൊടുക്കുക (വാ 7) – ചട്ടങ്ങൾ പറഞ്ഞ് ഒഴിഞ്ഞുമാറാതെ, കടത്തിൽനിന്നും പുറത്തേക്കു വരിക (വാ 8), ഇതൊക്കെയാണ് ദൈവത്തിന്റെ വഴികൾ.**

# ദിനം 37: എന്റെ കുടുംബം

## (അവിവാഹിതർ നിങ്ങളുടെ മാതാപിതാക്കളെയും സഭയെയും പരിഗണിക്കുക)

**1. കുടുംബത്തിനായി കരുതുന്നവനാകുക**

### 1 തിമോത്തി 5:4-8

എന്നാൽ ഒരു വിധവയ്ക്കു മക്കളോ കൊച്ചുമക്കളോ ഉണ്ടെങ്കിൽ അവർ സ്വന്തകുടുംബത്തിൽത്തന്നേ ദൈവഭക്തി പ്രായോഗികമാക്കി തങ്ങളുടെ മാതാപിതാക്കൾക്കു പ്രത്യുപകാരം ചെയ്യുവാൻ പഠിക്കട്ടെ. ഇതു ദൈവദൃഷ്ടിയിൽ സ്വീകാര്യമാണ്. 5യഥാർത്ഥത്തിൽ വിധവയും ഏകാകിനിയുമായവൾ ദൈവത്തിൽ പ്രത്യാശ അർപ്പിച്ചുകൊണ്ടു രാപ്പകൽ യാചനയിലും പ്രാർത്ഥനയിലും തുടരുന്നു. 6എന്നാൽ ഭോഗാസക്തയായി ജീവിക്കുന്ന വിധവ ജീവിച്ചിരിക്കേത്തന്നേ മരിച്ചവളാണ്. 7വിധവമാർ അപവാദരഹിതരായിരിക്കേണ്ടതിന് ഇവ നീ ആജ്ഞാപിക്കുക. 8ബന്ധുക്കൾക്കും പ്രത്യേകിച്ച് കുടുംബാംഗങ്ങൾക്കും വേണ്ടി കരുതാത്തവൻ വിശ്വാസം വെടിഞ്ഞവനും അവിശ്വാസിയേക്കാൾ അധമനുമാണ്.

**നിങ്ങളുടെ കുടുംബാംഗങ്ങളെ പരിരക്ഷിക്കുക. മാതാപിതാക്കളെയും അവരിലും മുതർന്നവരെയും, പങ്കാളിയെയും മക്കളെയും സഹോദരീസഹോദന്മാരെയുമെല്ലാം. ഇക്കാര്യത്തിൽ നിങ്ങൾ എന്തെങ്കിലും തരത്തിലുള്ള സമ്മർദ്ദം അനുഭവിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ പ്രാർത്ഥിക്കുകയും ഉപദേശം സ്വീകരിക്കുകയും ചെയ്യുക.**

**2. ഉത്തമയായ സ്ത്രീ**

### സദൃശവാക്യങ്ങൾ 31:15-27

ഇരുട്ടുള്ളപ്പോൾതന്നെ അവൾ എഴുന്നേല്ക്കുന്നു; അവളുടെ കുടുംബത്തിനു ഭക്ഷണവും വേലക്കാരികൾക്കു ഓഹരിയും ഒരുക്കുന്നു. 16അവൾ ഒരു നിലത്തിന്മേൽ കണ്ണുവച്ച് അതു വാങ്ങുന്നു; അവളുടെ സമ്പാദ്യംകൊണ്ടു അവൾ മുന്തിരിത്തോട്ടം നട്ടുണ്ടാക്കുന്നു. 17അവൾ തന്റെ വേലയ്ക്കായി അര മുറുക്കുന്നു; അദ്ധ്വാനത്തിന് അവളുടെ കരങ്ങൾ ശക്തം. 18അവളുടെ വ്യാപാരം ആദായകരമെന്നു അവൾ അറിയുന്നു, അവളുടെ ദീപം ഇരുളിൽ അണഞ്ഞുപോവുകയുമില്ല. 19അവൾ തന്റെ കരത്തിൽ നൂൽക്കോൽ ഏന്തുകയും വിരലുകൾകൊണ്ടു തക്ലി പിടിക്കുകയും ചെയ്യുന്നു. 20അവൾ ദരിദ്രർക്കായി തന്റെ കൈ തുറക്കുന്നു, ആവശ്യത്തിലിരിക്കുന്നവർക്കുനേരേ അവളുടെ കൈ നീളുന്നു. 21മഞ്ഞു പെയ്യുമ്പോൾ വീട്ടിലുള്ളവരെക്കുറിച്ചു അവൾക്കു ഭയമില്ല; എന്തെന്നാൽ അവർക്കെല്ലാം ധരിക്കുവാൻ ചവപ്പുകമ്പിളിയുണ്ട്. 22അവൾ തനിക്കു കിടക്കയ്ക്കു പരവതാനി ഉണ്ടാക്കുന്നു, മേൽത്തരം പട്ടും ധൂമ്രവസ്ത്രവും തന്നേ അവൾ അണിയുന്നു. 23ദേശത്തിലെ പ്രധാനികളോടൊപ്പം ഇരിക്കുന്ന അവളുടെ ഭർത്താവു നഗരകവാടങ്ങളിൽ പ്രസിദ്ധനാണ്. 24അവൾ പട്ടുവസ്ത്രങ്ങൾ നിർമ്മിക്കുകയും വില്ക്കുകയും ചെയ്യുന്നു. അരക്കച്ചയുണ്ടാക്കി വില്പനയ്ക്കായി വ്യാപാരികളെ ഏല്പിക്കുന്നു. 25അവൾ ബലവും മഹത്വവും അണിഞ്ഞിരിക്കുന്നു; ഭാവിയെ നോക്കി അവൾ പുഞ്ചിരി തൂകുന്നു. 26ജ്ഞാനത്തോടെ അവൾ വായ് തുറക്കുന്നു; ദയാപൂർവ്വമായ ഉപദേശം അവളുടെ നാവിന്മേൽ ഉണ്ട്. 27അവൾ തന്റെ കുടുംബാംഗങ്ങളുടെ കാര്യങ്ങൾ ശ്രദ്ധിക്കുന്നു. അലസതയുടെ ഭക്ഷണം അവൾ കഴിക്കുകയില്ല.

- ഏതൊക്കെ രീതിയിൽ ഇവളുടെ മാതൃക നമുക്ക് അനുകരിക്കാൻ കഴിയും?

- വാ 15: ഇരുട്ടുള്ളപ്പോൾതന്നെ അവൾ എഴുന്നേല്ക്കുന്നു; അവളുടെ കുടുംബത്തിനു ഭക്ഷണവും വേലക്കാരികൾക്കു ഓഹരിയും ഒരുക്കുന്നു.
- വാ 16: അവൾ ഒരു നിലത്തിന്മേൽ കണ്ണുവച്ച് അതു വാങ്ങുന്നു; അവളുടെ സമ്പാദ്യംകൊണ്ടു അവൾ മുന്തിരിത്തോട്ടം നട്ടുണ്ടാക്കുന്നു.
- വാ 20: അവൾ ദരിദ്രർക്കായി തന്റെ കൈ തുറക്കുന്നു, ആവശ്യത്തിലിരിക്കുന്നവർക്കുനേരേ അവളുടെ കൈ നീളുന്നു.
- വാ 25: അവൾ ബലവും മഹത്വവും അണിഞ്ഞിരിക്കുന്നു; ഭാവിയെ നോക്കി അവൾ പുഞ്ചിരി തൂകുന്നു.
- വാ 27: അവൾ തന്റെ കുടുംബാംഗങ്ങളുടെ കാര്യങ്ങൾ ശ്രദ്ധിക്കുന്നു. അലസതയുടെ ഭക്ഷണം അവൾ കഴിക്കുകയില്ല.

- എന്റെ ജീവിതത്തിൽ ഇക്കാര്യങ്ങളിലെല്ലാം പ്രാവർത്തികമാക്കേണ്ട തലങ്ങൾ ഏവയാണ്:

**3. സാമ്പത്തിക പൈതൃകം**

### സദൃശവാക്യങ്ങൾ 13:22
ഗുണവാൻ മക്കളുടെ മക്കൾക്കും അവകാശം നീക്കിവയ്ക്കുന്നു; പാപിയുടെ ധനമോ നീതിമാനുവേണ്ടി കൂട്ടിവച്ചിരിക്കുന്നു.

- എന്തു തരത്തിലുള്ള ഒരു സാമ്പത്തിക പൈതൃകമാകും നിങ്ങൾ അടുത്ത തലമുറയ്ക്കു കൈമാറി നല്കുക - ഒന്ന് ആലോചിച്ചുനോക്കൂ?!!

# ദിനം 38: എന്റെ ജോലി
## (പഠിച്ചുകൊണ്ടിരിക്കുന്നവർക്ക് വിദ്യാഭ്യാസം)

**1. ജോലി ചെയ്യാനായി എന്നെ സൃഷ്ടിച്ചിരിക്കുന്നു.**

### ഉല്പത്തി 2:15
യഹോവയായ ദൈവം മനുഷ്യനെ ഏദെൻ തോട്ടത്തിലെ വേല ചെയ്യുന്നതിനും അതിനെ പരിപാലിക്കുന്നതിനും അവിടെ ആക്കി.

**2. ജോലിയിലെ സംതൃപ്തി**

### സഭാപ്രസംഗി 3:22
അതുകൊണ്ട് തന്റെ പ്രവൃത്തിയിൽ സന്തോഷിക്കുന്നതിനേക്കാൾ ശ്രേഷ്ഠമായതൊന്നും മനുഷ്യനില്ലെന്നു ഞാൻ കണ്ടു. എന്തെന്നാൽ അതുതന്നെ അവന്റെ ഓഹരി. തനിക്കുശേഷം എന്തു സംഭവിക്കും എന്നു കാണുവാൻ ആർക്ക് അവനെ മടക്കി വരുത്തുവാനാകും?

**3. അമിതമായി ജോലി ചെയ്യേണ്ട!**

### സദൃശവാക്യങ്ങൾ 23:4-5
ധനവാനാകാൻ പണിപ്പെടരുത്, ബുദ്ധിയോടെ അതിൽ നിന്നു പിന്തിരിയുക. 5ധനത്തിൽ ദൃഷ്ടി പതിക്കുന്നതെന്തിന്? അതു പൊയ്പ്പോകുമല്ലോ; കഴുകൻ ആകാശത്തേയ്ക്കെന്നപോലെ അതു ചിറകുവച്ചു പറന്നുപോകും.

**4. അലസതയ്ക്കു യാതൊരു വിട്ടുവീഴ്ചയുമില്ല**

### 2 തെസലോനിക്യർ 3:10
ജോലി ചെയ്യാത്തവൻ ഭക്ഷിക്കയുമരുത് എന്നൊരു കല്പന, ഞങ്ങൾ നിങ്ങളോടുകൂടെ ആയിരുന്നപ്പോൾ നിങ്ങൾക്കു നല്കിയിരുന്നുവല്ലോ.

**5. യഥാർത്ഥയജമാനനുവേണ്ടി പൂർണ്ണഹൃദയത്തോടെ.**

### കൊലോസ്യർ 3:23-24
നിങ്ങൾ ചെയ്യുന്നതൊക്കെയും മനുഷ്യർക്കെന്നല്ല, കർത്താവിനെന്നപോലെ ഹൃദയപൂർവ്വം ചെയ്‌വിൻ. അവകാശം എന്ന പ്രതിഫലം കർത്താവിൽനിന്നു ലഭിക്കുമെന്ന് അറിഞ്ഞുകൊൾവിൻ. കർത്താവായ യേശു ക്രിസ്തുവിനെയാണല്ലോ നിങ്ങൾ സേവിക്കുന്നത്.

**6. ഹൃദയപരമാർത്ഥത**

### എഫേസ്യർ 4:28
മോഷ്ടിക്കുന്നവൻ ഇനിമേൽ മോഷ്ടിക്കരുത്; ഞെരുക്കത്തിൽ ഇരിക്കുന്നവർക്കു ദാനം ചെയ്യുവാൻ വക ഉണ്ടാകേണ്ടതിനു കൈകൊണ്ടു നന്മ പ്രവർത്തിച്ച് അധ്വാനിക്കുകയാണു വേണ്ടത്.

**7. വീട്ടുവീഴ്ചകൾ ഇല്ലാതെ**

### അപ്പ 5:29
പത്രോസും മറ്റ് അപ്പസ്തോലന്മാരും ഇപ്രകാരം മറുപടി പറഞ്ഞു: ഞങ്ങൾ മനുഷ്യരെയല്ല ദൈവത്തെ യത്രേ അനുസരിക്കേണ്ടത്.

പ്രാർത്ഥിക്കുക, സ്വപ്നം കാണുക, വളരുക

1. നമ്മുടെ പുസ്തകത്താളും മനസാക്ഷിയും ശുദ്ധമായതാകണമെന്ന് ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു. ജോലി സംബന്ധമായി എന്തെങ്കിലുമൊക്കെ അനീതി നിങ്ങളുടെ ഭാഗത്തുനിന്നും വന്നുകൊണ്ടിരിക്കുന്നുവെങ്കിൽ മാറ്റം വരുത്തണമെന്ന ആഗ്രഹത്തോടെ ഏറ്റുപറഞ്ഞു പ്രാർത്ഥിക്കുക. (വിദ്യാർത്ഥികളെ സംബന്ധിച്ച് പഠിത്തകാര്യങ്ങളിൽ)

2. ദൈവം നിങ്ങൾക്കു നല്കിയ കഴിവുകൾ എല്ലാം ഉപയോഗിക്കാൻ കഴിയുന്ന വിധത്തിൽ നിങ്ങൾ സ്വപ്നം കാണുന്ന ജോലി ഏതാണ്?

3. നിങ്ങളുടെ ജോലിയെ ദൈവമഹത്വത്തിനായി എപ്രകാരം ഉപയോഗിക്കാൻ കഴിയുമെന്ന കാര്യത്തെക്കുറിച്ച് ആത്മീയ മനോഭാവമുള്ള വഴികാട്ടികളുമായി സംസാരിക്കുക.

4. നിങ്ങളുടെ യഥാർത്ഥ ജോലിദാതാവായ യേശുവിന്റെ പക്കൽനിന്നും പ്രചോദനാത്മകമായ ഒരു നിലവാരവിലയിരുത്തൽ എപ്രകാരം ലഭിക്കുമെന്ന് ചിന്തിക്കുക!

5. നിങ്ങളുടെ അഭിലാഷങ്ങളും സ്വാധീനങ്ങളുമെല്ലാം ദൈവമഹത്വത്തിനായി ഉപയോഗിക്കാൻ എപ്രകാരം കഴിയുമെന്ന് ചിന്തിച്ചു പ്രാർത്ഥിക്കുക.

6. ദൈവരാജ്യത്തിനുവേണ്ടി ദൈവം തന്ന നിങ്ങളുടെ കഴിവുകളെ ഏതെല്ലാം രീതികളിൽ ഉപയോഗിക്കാൻ കഴിയും?

# ദിനം 39: എന്റെ സ്വപ്നങ്ങൾ

### സദൃശവാക്യങ്ങൾ 28:11
ധനവാൻ സ്വന്തദൃഷ്ടിയിൽ ജ്ഞാനിയാണ്; വിവേകമുള്ള എളിയവനോ അവനെ ശോധന ചെയ്യുന്നു.

മാർക് ടാബ് എഴുതിയ, ഉള്ളതു കൊണ്ടുള്ള ജീവിതം: ജീവിതത്തിന്റെ പെരുപ്പം കുറയ്ക്കുന്നതിന്റെ മഹത്വം എന്ന പുസ്തകത്തിൽനിന്നുമെടുത്തിട്ടുള്ള ചില ചിന്തകൾ പരിഗണിക്കുക.

സംതൃപ്തി നല്കാനായല്ല ദൈവം ജീവിതം മെനഞ്ഞിട്ടുള്ളത്. ജീവിതത്തിന്റെ അർത്ഥം നാം കണ്ടെത്തുന്നത് ദൈവത്തിൽ മാത്രമാണ്. ജീവിതം മുഴുവൻ നിങ്ങൾക്കിഷ്ടമുള്ള കാര്യങ്ങൾ കുത്തിനിറച്ചതുകൊണ്ട് ജീവിതം തൃപ്തിയേറിയതാകുന്നില്ല. ദൈവത്തിന്റെ വിഭാവനയിൽ, നിങ്ങളുടെ ഭവനം

സ്വർഗ്ഗമാണ്, നിങ്ങളെ ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിച്ചതാണ്. നമ്മുടെ വലുപ്പം കുറച്ചു കാണുന്ന ഒരു തുടക്കത്തിലൂടെ മാത്രമേ ദൈവം കാണിച്ചുതന്ന വഴിയിലെ വെല്ലുവിളികൾ ഏറ്റെടുക്കാനാവുകയുള്ളൂ. നിങ്ങളുടെ പേരുകൾ കൊത്തിവയ്ക്കപ്പെടേണ്ടത് ഹൃദയങ്ങളിലാണ് മാർബിൾഫലകങ്ങളിലല്ല എന്നു ചാൾസ് സ്പർജൻ പറഞ്ഞിരിക്കുന്നു. നിലനില്ക്കുന്ന ഒരു സ്വാധീനം നമ്മുടെ ജീവിതത്തിനുണ്ടാകണമെങ്കിൽ നാം ക്രിസ്തുവിനെ അനുകരിക്കുന്നവരാകണം:

1. വിലയുള്ളവയ്ക്കു വില കല്പിക്കണം
2. ദൈവത്തിന്റെ ഹൃദയപരമാർത്ഥതയെ അനുകരിക്കണം
3. ഹൃദയം കൊടുക്കുന്നതിൽ ആനന്ദം കണ്ടെത്തണം
4. സമയം ചിലവഴിക്കുന്നതിലൂടെ അടുപ്പം വളർത്തണം

- അവൻ വലുതാകണം, ഞാൻ ചെറുതും (യോഹന്നാൻ 3:30) എന്നു യോഹന്നാൻ തിരിച്ചിറിഞ്ഞു.
- നിങ്ങളുടെ ജീവിതം വെറും മഞ്ഞുപോലെയാകുന്നു (യാക്കോബ് 4:13-17) എന്ന് യാക്കോബും വിളിച്ചു പറഞ്ഞു.
- ദൈവത്തിന്റെ രചനയ്ക്കും ഹിതത്തിനുമനുസരിച്ചു നാം നമ്മുടെ ജീവിതത്തെ താദാത്മ്യപ്പെടുത്തുക എന്നതാണ് യഥാർത്ഥത്തിൽ നമ്മുടെ മുന്നിലുള്ള വെല്ലുവിളി.

### ജീവിതം ലളിതമാക്കുന്നതിനുതകുന്ന പത്തു പ്രായോഗിക നിർദ്ദേശങ്ങൾ:

1. വരവിന്റെ പരിധിക്കുള്ളിൽ ജീവിക്കുക, അതിനു പുറത്തേക്കല്ല.
2. സാധനങ്ങളുടെ ഉപയോഗനിലവാരം മുൻനിറുത്തി വാങ്ങിക്കുക, അവ നല്കുന്ന പൊങ്ങച്ചം മുൻനിറുത്തിയല്ല.
3. മീഡിയയും പരസ്യങ്ങളും സൃഷ്ടിക്കുന്ന അമിതാവേശത്തിനു വശംവദരാകരുത്.
4. ബുദ്ധിപൂർവം ചിലവഴിക്കുക. നിങ്ങളുടെ പണം ദൈവത്തിന്റെ സമ്പത്താണ്.
5. ആവശ്യമില്ലാതെ കൂട്ടിവയ്ക്കരുത് - കൊടുക്കുവാൻ പഠിക്കുക
6. മറ്റുള്ളവരുടെ ആവശ്യങ്ങൾ പരിഗണിക്കാൻതക്ക വിധത്തിൽ ഹൃദയം വിശാലമാക്കുക.
7. നിങ്ങളുടെ കഴിവുകൾ മറ്റുള്ളവരിൽ നിക്ഷേപിക്കുക, പണമല്ല. നിങ്ങളെ മറ്റുള്ളവരിലേക്ക് അടുപ്പിക്കുന്നതെന്താണ് എന്നു ചിന്തിക്കുക.
8. സഭയിൽ നിക്ഷേപിക്കുക.
9. ദൈവം നിങ്ങൾക്കു ദാനമായി തന്നത് ദാനമായിത്തന്നെകണ്ട് ആസ്വദിക്കുക (യാക്കോബ് 1:17, സഭാപ്രസംഗി 3:13)
10. ചട്ടങ്ങളിൽ മാത്രം ഒതുങ്ങിനില്ക്കുന്ന ഒരു വ്യക്തിയാകാതിരിക്കുക.

പ്രതിഫലനം: ജീവിതത്തിലെ ഏതെല്ലാം മേഖലകളിലാണ് ഈ കാര്യങ്ങൾക്കു ഒരു സ്ഥാനം നല്കാൻ നമുക്കു കഴിയുന്നത്?

## ദിനം 40: എന്റെ തീരുമാനങ്ങൾ

### സദൃശവാക്യങ്ങൾ 3:9
യഹോവയെ നിന്റെ സമ്പത്തുകൊണ്ടും സകല ഉല്പന്നങ്ങളുടെയും ആദ്യഫലംകൊണ്ടും ബഹുമാനിക്കുക.

### യാക്കോബ് 1:27
പിതാവായ ദൈവത്തിന്റെ ദൃഷ്ടിയിൽ ശുദ്ധവും നിർമ്മലവുമായ ഭക്തിയോ, അനാഥരേയും വിധവമാരേയും അവരുടെ സങ്കടത്തിൽ സന്ദർശിക്കുന്നതും ലോകത്തിന്റെ മാലിന്യം ഏല്ക്കാതെ സ്വയം കാത്തുകൊള്ളുന്നതും ആകുന്നു.

## സാമ്പത്തികമേഖലയിലെ ശിഷ്യത്വം ശക്തിപ്പെടുത്തുന്നതിനായി പത്തു തീരുമാനങ്ങൾ:

**1. സമ്പത്തുകൊണ്ട് ദൈവത്തെ ആദരിക്കുക**

### സദൃശവാക്യങ്ങൾ 3:9
യഹോവയെ നിന്റെ സമ്പത്തുകൊണ്ടും സകല ഉല്പന്നങ്ങളുടെയും ആദ്യഫലംകൊണ്ടും ബഹുമാനിക്കുക.

- ഞാൻ വചനം അനുസരിക്കുകയും, ദശാംശമെങ്കിലും ദൈവത്തിനു നല്കുകയും ചെയ്യുന്നുണ്ടോ? മാസത്തിൽ ഞാൻ ദൈവത്തിനായി മാറ്റിവയ്ക്കുന്ന തുക .............. ഇത് എന്റെ വരുമാനത്തിന്റെ ............ ശതമാനമാണ്.
- കൂടുതൽ നന്നായി ചെയ്യാനാഗ്രഹിക്കുന്നവർക്ക്: എന്റെ ദശാംശത്തെ ഞാൻ .......... ശതമാനമായി വർദ്ധിപ്പിക്കുന്നു.

**2. ഹൃദയത്തെ പരിരക്ഷിക്കുക**

### സദൃശവാക്യങ്ങൾ 4:23
പൂർണ്ണ ജാഗ്രതയോടെ നിന്റെ ഹൃദയത്തെ സൂക്ഷിച്ചുകൊള്ളുക, അതിൽനിന്നല്ലോ ജീവന്റെ ഉറവ പുറപ്പെടുന്നത്.

- സാമ്പത്തിക കാര്യങ്ങളിൽ എന്റെ ഹൃദയത്തിലെ ഏതൊക്കെ പാപങ്ങളാണ് എനിക്കു തിരിച്ചറിയാൻ കഴിഞ്ഞത്? (മടി, അത്യാഗ്രഹം, ഉപദേശമെടുക്കായ്ക, അശ്രദ്ധയോടെയുള്ള ചിലവഴിക്കൽ, ഉത്തരവാദിത്വമില്ലായ്മ...)

**3. ജീവിക്കുന്ന ത്യാഗമാകുക**

### റോമർ 12:1-2
ആകയാൽ സഹോദരരേ, ദൈവത്തിന്റെ കാരുണ്യംമൂലം ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു: നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രസാദകരവുമായ ജീവനുള്ള യാഗമായി സമർപ്പിക്കുവിൻ; ഇതത്രേ നിങ്ങളുടെ ആത്മീയാരാധന. ഈ ലോകവ്യവസ്ഥയ്ക്ക് അനുരൂപരാകാതെ, മനസ്സിന്റെ പുതുക്കത്തിലൂടെ നിങ്ങൾ രൂപാന്തരപ്പെടുവിൻ. അപ്പോൾ നല്ലതും പ്രസാദകരവും പരിപൂർണ്ണവുമായ ദൈവഹിതം എന്തെന്നു ശോധനചെയ്ത് അംഗീകരിക്കുവാൻ നിങ്ങൾ പ്രാപ്തരാകും.

- ദൈവരാജ്യത്തിന്റെ വളർച്ചയ്ക്കായി എന്തൊക്കെ ത്യാഗമാണ് എനിക്കു ചെയ്യാനാകുന്നത്?

**4. നല്കുവിൻ, നിങ്ങൾക്കു നല്കപ്പെടും**

### ലൂക്കോസ് 6:38
കൊടുക്കുവിൻ; എന്നാൽ നിങ്ങൾക്കു കിട്ടും. അമർത്തി കുലുക്കി കവിയുന്നൊരു നല്ല അളവ് നിങ്ങളുടെ മടിയിൽത്തരും. നിങ്ങൾ ഉപയോഗിക്കുന്ന അളവുകൊണ്ടു നിങ്ങൾക്കും അളന്നുകിട്ടും.

- വിശ്വാസത്താൽ എനിക്ക് എങ്ങനെ നല്കാനാകും, ദൈവം അതിനോട് എപ്രകാരം പ്രവർത്തിക്കും?

**5. ആത്മനിയന്ത്രണ മനോഭാവം വളർത്തുക**

### 2 തിമോത്തി 1:7
ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, പിന്നെയോ ശക്തിയുടെയും സ്നേഹത്തിന്റെയും സംയമനത്തിന്റെയും ആത്മാവിനെയാണു ദൈവം നമുക്കു നല്കിയിട്ടുള്ളത്.

- ഒരു ബജറ്റു തയ്യാറാക്കാനും അതനുസരിച്ചു നീങ്ങാനും ഞാൻ തയ്യാറാണോ?

**6. ഉപദേശം സ്വീകരിക്കുക**

### സദൃശവാക്യങ്ങൾ 12:15
ഭോഷനു തന്റെ പാത ചൊവ്വായി തോന്നുന്നു, ജ്ഞാനിയോ ഉപദേശം കേട്ടനുസരിക്കുന്നു.

- സാമ്പത്തിക കാര്യങ്ങളിൽ എന്നെ അറിയുന്ന ഒരു ഉപദേഷ്ടാവ് ആരാണ്? ഇനി എപ്പോഴാണ് അദ്ദേഹവുമായി സമയം ചിലവഴിക്കാൻ പോകുന്നത്?

**7. കടക്കെണിയിൽനിന്നു സ്വതന്ത്രമാവുക**

### റോമർ 13:8
സ്നേഹിപ്പാനുള്ള കടപ്പാടൊഴികെ ആരോടും ഒന്നും കടപ്പെട്ടിരിക്കരുത്. അയൽക്കാരനെ സ്നേഹിക്കുന്നവൻ ന്യായപ്രമാണം നിറവേറ്റിയിരിക്കുന്നു.

### സദൃശവാക്യങ്ങൾ 6:1-5
1മകനേ, അയല്ക്കാരനുവേണ്ടി നീ ജാമ്യം നില്ക്കുകയോ, അന്യനുവേണ്ടി കൈയടിച്ച് ഉറപ്പുനല്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ, 2നിന്റെ വാക്കുകളാൽ നീ ചതിക്കപ്പെട്ടു; നിന്റെ ഭാഷണത്താൽ നീ കെണിയിലായി; 3മകനേ, നീ നിന്റെ അയല്ക്കാരന്റെ കൈകളിൽ വീണുപോയി. ആകയാൽ രക്ഷപെടുവാൻ ഇതു ചെയ്യുക; നീ ചെന്ന് നിന്നെത്തന്നേ താഴ്ത്തി അയല്ക്കാരനോടു മുട്ടിപ്പായി അപേക്ഷിക്കുക; 4നിന്റെ കണ്ണുകൾക്ക് ഉറക്കവും, നിന്റെ കൺപോളകൾക്കു മയക്കവും കൊടുക്കരുത്. 5നായാട്ടുകാരന്റെ കയ്യിൽനിന്നു കലമാൻ എന്നപോലെയും വേട്ടക്കാരന്റെ വലയിൽനിന്നു പക്ഷിയെന്നപോലെയും നിന്നെത്തന്നേ വിടുവിക്കുക.

### സദൃശവാക്യങ്ങൾ 22:7
ധനവാൻ ദരിദ്രനെ ഭരിക്കുന്നു, കടം വാങ്ങുന്നവൻ കടം കൊടുക്കുന്നവന്റെ അടിമ.

- ജീവിതം കടവിമുക്തമാക്കാനായി എനിക്കുള്ള പദ്ധതികൾ എന്തൊക്കെയാണ്?

**8. ഉത്തരവാദിത്വമെടുക്കുക, മാനസാന്തരപ്പെടുക**

### ലൂക്കോസ് 19:8
എന്നാൽ സക്കായി യേശുവിനോടു പറഞ്ഞു: കർത്താവേ, ഇതാ, ഇപ്പോൾത്തന്നെ എന്റെ സമ്പാദ്യത്തിന്റെ പകുതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നു. ഞാൻ ആരോടെങ്കിലും ചതിവിൽ വല്ലതും വാങ്ങിയിട്ടുണ്ടെങ്കിൽ നാലിരട്ടി ഞാൻ തിരിച്ചു കൊടുത്തുകൊള്ളാം.

- ഞാൻ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ മാറ്റം വരുത്തിയാൽ ജീവിതം എപ്രകാരമുള്ളതാകും?

**9. ലോകത്തിന് ഒരു വെളിച്ചമാകുക**

### മത്തായി 5:14
നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു. മലമുകളിലുള്ള പട്ടണത്തിനു മറഞ്ഞിരിക്കുവാൻ സാദ്ധ്യമല്ല.

- എനിക്കു ചുറ്റുമുള്ളവർക്ക് ഉയരത്തിലേക്കുള്ള ഒരു വിളിയായി എന്റെ ജീവിതം മാറുന്നതിന് ഞാൻ എന്താണു ചെയ്യേണ്ടത്?
- സാമ്പത്തിക കാര്യങ്ങളിൽ മറ്റുശിഷ്യന്മാർക്ക് ഒരു മാതൃകയാകാൻ എനിക്കെപ്രകാരം കഴിയും?

**10. സ്വാധീനം ചെലുത്തുന്ന ഒരു വ്യക്തിയാകാൻ സ്വപ്നം കാണുക**

### യാക്കോബ് 1:27
പിതാവായ ദൈവത്തിന്റെ ദൃഷ്ടിയിൽ ശുദ്ധവും നിർമ്മലവുമായ ഭക്തിയോ, അനാഥരേയും വിധവമാരേയും അവരുടെ സങ്കടത്തിൽ സന്ദർശിക്കുന്നതും ലോകത്തിന്റെ മാലിന്യം ഏല്ക്കാതെ സ്വയം കാത്തുകൊള്ളുന്നതും ആകുന്നു.

- നിത്യതയോളം നീണ്ടുനില്ക്കുന്ന ഒരു സ്വാധീനം മറ്റുള്ളവരിൽ ചെലുത്തുവാൻ എനിക്കു കഴിയുന്ന ചിലകാര്യങ്ങൾ ഏതൊക്കെയാണ്?
- ഒരു മിഷൻ ടീമിനെയോ പ്രവർത്തനത്തെയോ സാമ്പത്തികമായി സഹായിക്കാൻ നിങ്ങൾക്കു മനസ്സുണ്ടോ?
- പുതിയ ഒരു സഭസ്ഥാപിക്കാനായി ത്യാഗഭരിതമായി സഹായിക്കാൻ നിങ്ങൾക്കു കഴിയുമോ?

### സദൃശവാക്യങ്ങൾ 11:25
ഉദാരശീലന് ഐശ്വര്യമുണ്ടാകും, വെള്ളം ഒഴിച്ചുകൊടുക്കുന്നവനു വെള്ളം കിട്ടും.